# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| | | |
|---|---|---|
| പുസ്തകം 18 | 1114 വൃശ്ചികം, ധനു | ലക്കം 4, 5 |


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം.


| | | |
|---|---|---|
| 1. | കല എന്നാൽ എന്തു്? ... | 141 |
| 2 | രാജമോഹന്റെ ഭാര്യ ... | 151, 199 |
| 3. | ഭാഷയിൽ ഹരണിയുടെ കൈക്രമം ... | 158 |
| 4. | ഓമാർ ... | 160 |
| 5. | ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മി: താണ്ഡവേശ്വരയ്യരുടെ സൂപ്പർവിഷൻ ഡയറി ... | 167 |
| 6. | രണ്ടു ശാകുന്തളങ്ങൾ ... | 170, 197 |
| 7. | വ്യോമഗായകൻ ... | 176 |
| 8. | മൃത്യുവിന്റെ സമഭാവന ... | 176 |
| 9. | രാജസ്മശാനം ... | 177 |
| 10. | കരുണാരസം ... | 178 |
| 11. | വിദ്വാൻ ... | 179 |
| 12. | അന്തരീപവാസി ... | 180 |
| 13. | നാട്ടുഭാഷയും നാട്ടുഭാഷാവിദ്യാലയങ്ങളും ... | 183 |
| 14. | പ്രാസ സമാസവിലാസം ... | 211 |
| 15. | ആരോഗ്യരക്ഷാക്രമം ... | 213 |
| 16. | ശാരദ ... | 219 |
| 17. | ജീവസ്വഭാവം ... | 226 |
| 18. | ജന്മനിമ്നഗാ ... | 227 |
| 19. | മനുഷ്യചാപല്യം ... | 228 |
| 20. | മനസ്സുഖം ... | 229 |

# REDUCED PRICE.

**BLACKIES LARGE TYPE**

**Concise English (DICTIONARY) PAGES—888**

**CHARLES ANNANDALE M. A., L. L. D.**

**Four Rupees Only.**

## ആശാൻെറ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 0 | 6 | 0 | കുയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 8.

### അദ്ധ്യാപനാങ്കുരം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ

# ഗുരുനാഥൻ

| പുസ്തകം 18 | 1114 വൃശ്ചികം | ലക്കം 4 |
|---|---|---|


## കല എന്നാൽ എന്ത്?

( രവീന്ദ്രനാഥടാഗൂർ. )

നാമും ഈ കാണുന്ന വലിയ ഭൂലോകവും പരസ്പരാഭിമുഖരായി വർത്തിക്കുന്നു. നമുക്കതിനോടുള്ള ബന്ധം അനവധിയുമാണ്. ഇവയിൽ ഒന്ന് നമുക്കു ജിവിക്കണമെന്നുള്ളതാണ്. ഭൂമിയിൽ വേലചെയ്യണം, ആഹാരസാധനങ്ങളെ സംഭരിക്കണം, വസ്ത്രധാരണം ചെയ്യണം, പ്രകൃതിയിൽനിന്നു വേണ്ട വസ്തുക്കൾ സ്വാധീനമാക്കണം. നമ്മുടെ ആവശ്യങ്ങളെ സംതൃപ്തമാക്കുന്ന സാധനങ്ങളെയാണ് നാം സദാ ഉല്പാദിപ്പിക്കുന്നതു്. ഈ ആവശ്യനിർവ്വഹണത്തിനു നമ്മുടെ പ്രയത്നം പ്രകൃതിയോടൊത്തുചേർന്നതാണ്. നമ്മുടെ കായികമായ ആവശ്യങ്ങൾക്കും ക്ഷുത്തിനും പിപാസയ്ക്കും വശപ്പെട്ടാണ് ഈ ബൃഹത്തായ ലോകത്തോടു നാം ബന്ധിച്ചിരിക്കുന്നതു്.

നമുക്കു മനസ്സ് എന്നൊന്നുണ്ടു്. മനസ്സും അതിനുവേണ്ട ആഹാരം അന്വേഷിക്കുന്നു. മനസ്സിനും ചില ആവശ്യങ്ങളുണ്ടു്. കാര്യങ്ങൾക്കുള്ള കാരണമെന്തെന്ന് അതിന് അറിയണം. അതു ബഹുവിധ പ്രതിഭാസങ്ങളെ കണ്ടുമുട്ടുന്നു. കാര്യങ്ങളിൽ ഉള്ള നാനാത്വത്തെ ലഘൂകരിക്കുന്ന ഒരു സാമാന്യ പ്രമാണത്തെ കണ്ടെത്തായ്കയാൽ അതു പരിഭ്രാന്തമാകുന്നു. മനുഷ്യൻ തത്വദർശനംകൊണ്ടുമാത്രം തൃപ്തിപ്പെടുന്നില്ല. തത്വങ്ങളുടെ എണ്ണത്തേയും പരിമാണത്തേയും സഹിക്കേണ്ട ഭാരത്തെ ലഘൂകരിക്കുന്ന ഒരു നിയമത്തെക്കൂടി അവൻ ഇച്ഛിക്കുന്നു. അവന്റെ അവയവസന്ധാനം (സൃഷ്ടി) അങ്ങനെ ഉള്ളതാണ്.

എന്നിൽ ഇനിയും ഒരു മനുഷ്യൻകൂടിയുണ്ടു്. ശരീരിയല്ല നിത്യനാണ്. അതിനു ഹിതാഹിതങ്ങളുണ്ടു്. അതിനു പ്രേമപ്രേരകങ്ങളായ ചില ആവശ്യങ്ങൾ നിർവ്വഹിപ്പാനുണ്ടു്. എല്ലാ ആവശ്യങ്ങളിൽനിന്നും നാം മുക്തരാകുന്നതു് എവിടെവച്ചാണോ അവിടയേ ഈ നിത്യമനുഷ്യനെ കാ

ണകയുള്ളൂ. ഈ മനുഷ്യൻ ശരീരമനസ്സുകളുടെയും ഇച്ഛയുടെയും അതീതനാണ്. സ്വാർത്ഥപ്രാപ്തിക്കോ ഔപയോഗികചിന്തക്കോ അപ്പുറമാണ്. ഈ നിത്യമനുഷ്യൻ മനുഷ്യനിൽ അത്യുന്നതനാണ്. ഈ ബൃഹത്തായ ലോകത്തോട് അതിൻെറ സ്വന്തമായ ബന്ധമുണ്ട്. അതിൻെറ വ്യക്തിമഹത്വത്തിനു ചരിതാർത്ഥത നല്കുന്ന ചില വസ്തുക്കൾക്കായി അതു ലോകത്തെ സമീപിക്കാറുണ്ട്.

ശാസ്ത്രലോകം പരമാർത്ഥലോകമല്ല. അതു ശക്തികളെക്കൊണ്ടു ഗുണീഭൂതമാണ്. നമ്മുടെ ബുദ്ധിസഹായത്താൽ അതിനെ നമുക്കു കൈകാര്യം ചെയ്യാം. പക്ഷെ നമ്മുടെ വ്യക്തിത്വംകൊണ്ട് അതിനെ അനുഭൂതിയിൽ വരുത്തുവാൻ സാധിക്കയില്ല.

ഇനിയൊരു ലോകമുണ്ട്. അതു നമുക്കു പരമാർത്ഥമെന്നു തോന്നുന്നതാണ്. നാം അതിനെ കാണുന്നു, തൊടുന്നു. നമ്മുടെ സകലവിധവികാരങ്ങളും അതിൽ പ്രവർത്തിക്കുന്നു. അതിൻെറ രഹസ്യാന്വേഷണം ഫലശൂന്യമത്രെ. അതു വിഭജനക്ഷമമല്ല; മാനാർഹവുമല്ല. "നിങ്ങൾ ഇവിടെയാണ്" എന്നുമാത്രം പറയാം.

സയൻസു പിൻതിരിയുന്നതു് ഈ ലോകത്തുനിന്നാണ്. ഇതിലാണ് കല സ്ഥാനംപിടിക്കുന്നതു്. കല എന്നാൽ എന്തു് എന്ന ചോദ്യത്തിന് ഉത്തരം പറവാൻ കഴിയുമെങ്കിൽ ഈ ലോകം എന്നാലെന്തെന്നു പറവാനും സാധിക്കും. കലയ്ക്കു് അതിനോടു് അത്ര അടുത്ത സംബന്ധമുണ്ട്.

അതിൻെറ നില നോക്കുമ്പോൾ അത്ര പ്രാധാന്യമേറിയ ഒരു പ്രശ്നമെന്നു തോന്നുന്നില്ല. കല ജീവനെന്നപോലെ സ്വപ്രചോദനംകൊണ്ടു വളരുന്ന ഒന്നാണ്. അതു് എന്തെന്നറിയാതെതന്നെ മനുഷ്യൻ അവനുവേണ്ട ഹൃദയാഹ്ലാദം അതിൽനിന്നു സ്വീകരിക്കുന്നുണ്ട്. നമുക്കതിനെ സുരക്ഷയോടെ ചേതനയിൽത്തന്നെ വിട്ടുകളയാം. അവിടെ ജീവനാവശ്യമുള്ള വസ്തുക്കളെ അന്ധകാരത്തിൽ നല്കി പോഷിപ്പിക്കുന്നുണ്ട്.

അകംപുറമാക്കി അടിയിൽ കിടന്നിരുന്നവയെ മുകൾപ്പരപ്പിലാക്കിയിരിക്കുന്ന ഒരു കാലമാണിതു്. അബോധമായി നടന്നുകൊണ്ടിരിക്കുന്ന ഒരു ക്രിയാപരിപാടിയാണ് ജീവൻ അനുഷ്ഠിച്ചുപോരുന്നതു്. അതു നമ്മുടെ ബോധപരിധിയിൽ വരുത്തണമെന്നും ഇന്നു പക്ഷമുണ്ട്. അന്വേഷണലക്ഷ്യമായ വസ്തുവിനെ വധിച്ച് ഒരു മ്യൂസിയത്തിലെ മാതൃകയാക്കുകതന്നെയാണ് ഈ അറിയലിൻെറ ഫലം.

"കലയെന്നാൽ എന്തു്" എന്ന ചോദ്യം പലപ്പോഴുമുണ്ടാകാറുണ്ടു്. പല ആളുകളും അതിനു് ഉത്തരവും നൽകിയിട്ടുണ്ടു്. നമ്മുടെ സംസ്കൃതിപരവും അനുഭൂതിപരവുമായ ശക്തി അനർഗളവും അൽപ്രബുദ്ധവുമായ സ്ഥാനത്തേക്കു പ്രബോധമാത്രകളെ ഈ പ്രശ്നോത്തരങ്ങൾ ആനയിക്കുന്നു. കലാസൃഷ്ടങ്ങളെക്കുറിച്ചു് ഒരു വിധി കല്പിക്കാനുള്ള മാർഗ്ഗനിഗമനം ചെയ്യുന്ന ഒരു ഉചിത സ്റ്റാൻഡാർഡിനെയാണു് അവകൊണ്ടു് ലക്ഷ്യമാക്കിയിരിക്കുന്നതു്. സ്വകപോലകല്പിതമായ ഏതാനും പ്രത്യേക നിയമമനുസരിച്ചു് ഇക്കാലത്തു വിധി കല്പിക്കുന്ന ചില ന്യായാധിപന്മാരേയും കേട്ടിട്ടുണ്ടു്. അനേക ശതാഭിഷേകദിനങ്ങൾ നിർബാധം അനുഭവിച്ച അമരന്മാരെ ഭ്രഷ്ടപദരാക്കുന്നുമുണ്ടു്.

കലാനിരൂപണമെന്ന അന്തരീക്ഷത്തിൽ കാലമാപനശാസ്ത്രക്കുഴപ്പം നമ്മുടെ തീരങ്ങളിൽ കടന്നുകൂടി. അതിന്റെ ഉത്ഭവസ്ഥാനം പാശ്ചാത്യദിക്കിലാണു്. ശുദ്ധാകാശാവൃതമായ ഈ തീരം മഞ്ഞും മഴക്കാറുംകൊണ്ടു് മൂടി. എന്തിനു് കുറച്ചുകഴിഞ്ഞപ്പോൾ നാംതന്നെ ഇങ്ങനെ ചോദിച്ചുതുടങ്ങി. സർവ്വജനീനമായ ബോധോല്പാദനശക്തി ആ കലാനിർമ്മിതിക്കുണ്ടോ? അവയ്ക്കു ജീവിതവ്യാഖ്യാനമാണോ ലക്ഷ്യം. ആധുനതനപ്രശ്നങ്ങളുടെ സിദ്ധാന്തനിർണ്ണയത്തിനു അതു ഉപകരിക്കുന്നുണ്ടോ? കലാകാരൻ ഉൾപ്പെടുന്ന ഒരു ജനാവലിയുടെ പ്രത്യേക ചിത്തവൃത്തിയെ സൂചിപ്പിക്കുന്ന വല്ല ശബ്ദാവലിയും അതിലുണ്ടോ? കലയിൽ കലാശിക്കാത്ത ചിലവകൊണ്ടു് അതിന്റെ പരിധി നിർണ്ണയിപ്പാൻ സഗൗരവം പുറപ്പെട്ടിരിക്കുന്ന ഈ കാലം തോടുകണ്ടു് ഒരു നിർമ്മല സരിത്തിന്റെ പാവനതയെ നിർണ്ണയിക്കുന്നതിനോടൊക്കുമെങ്കിലും ഈ പ്രശ്നങ്ങളെ അവയുടെ ഭാഗധേയത്തിനു വിടാതെ പരിപക്വചിന്തയിൽ നമുക്കും പങ്കെടുക്കാം.

നാം നിർവ്വചനം മുതലല്ലേ ആരംഭിക്കേണ്ടതു്? സജീവവളർച്ചയുള്ള ഒന്നിനെ നിർവ്വചിക്കയെന്നതു വ്യക്തമായി വീക്ഷണംചെയ്യാൻ ഒരുവനുള്ള ആ ശക്തിയെ നിയന്ത്രിക്കതന്നെയാണു്. ഒരു പരമാർത്ഥതയുടെ സർവ്വതോവീക്ഷണത്തിനു വ്യക്തതമാത്രം ആവശ്യമായോ അതിപ്രധാനമായോ ഇരിക്കുന്നില്ല. Bull's Eye വിളക്കു വളരെ വ്യക്തതയുള്ള കാഴ്ചയോടുകൂടിയതാണു്. പക്ഷെ അതു പൂർണ്ണമായ കാഴ്ചയുള്ളതല്ല. ചലനത്തിലിരിക്കുന്ന ഒരു ചക്രത്തെക്കുറിച്ചു നാം അറിയേണ്ടതായി വന്നാൽ അതിന്റെ ആരുകാലുകളെണ്ണാൻ സാധിച്ചില്ലെന്നുള്ളതു് അത്ര വകവയ്ക്കേണ്ട. ആകൃതിയുടെ സൂക്ഷ്മതയും അത്ര ശരിയല്ലാതേയും പക്ഷെ ചലനവേഗം പ്രധാനമായും ഇരിക്കുമ്പോൾ ചക്രത്തിന്റെ ഏതാണ്ടൊരപൂർണ്ണനിർവ്വചനം

കൊണ്ടു നാം തൃപ്തരാകേണ്ടിവരും. സജീവവസ്തുക്കൾക്ക് അവയുടെ പരിതസ്ഥിതികളോടു ദൂരവ്യാപ്തമായ ബന്ധം ഉണ്ട്. അവയിൽ ചിലതു് അപ്രത്യക്ഷവുമായേക്കാം. അതിൻെറ സ്ഥിതി അതൃഗാധത്തിലുമായേക്കാം. നമ്മുടെ നിൎവ്വചനാഭിമാനത്തിൽ ഒരു വൃക്ഷത്തിൻെറ ശാഖോപശാഖകളേയും വേരുകളേയുംഛേദിച്ച് ഒരു തടിയാക്കിത്തീൎക്കുന്നു. അപ്പോൾ അതു് ഒരു ക്ലാസ്സുറൂമിൽനിന്നു മറെറാരു ക്ലാസ്സുറൂമിലേക്ക് ഉരുട്ടുവാൻ എളുപ്പമുള്ളതായിത്തീരും. അതുകൊണ്ടു പാഠപുസ്തകമാക്കാൻ ഉചിതവുമാകും. നഗ്നമെങ്കിലും അതു് ഒരു വ്യക്തവീക്ഷണം അനുവദിക്കുന്നു എന്നുള്ളതുകൊണ്ട് ഒരു തടി ഒരു വൃക്ഷത്തിൻെറ സാക്ഷാത്തായ വീക്ഷണം തരുന്നു എന്നു പറയാവുന്നതല്ല.

അതുകൊണ്ട് കല എന്നാൽ എന്തു് എന്നു ഞാൻ നിൎവ്വചിക്കുക യില്ല, പക്ഷെ അതിൻെറ സത്തയെക്കുറിച്ചു ഞാൻ എന്നോടുതന്നെ പൂൎവ്വപക്ഷം ചെയ്യും. സാമുദായികോദ്ദേശത്തോടു് അതിൻെറ ഉത്ഭവത്തിനു വല്ല ബന്ധവുമുണ്ടോ എന്നു കണ്ടുപിടിപ്പാൻ ശ്രമിക്കും. സൌന്ദൎയ്യാനുഭൂതിക്കുള്ള ഉപകരണാവശ്യമൊ നമ്മുടെ അന്തഃകരണപ്രഭോദനംകൊണ്ടുളവാകുന്ന ചിലവയൊ എന്നും പരിശോധിക്കും.

'കല കലയ്ക്കുവേണ്ടി'യെന്ന നിൎദ്ദേശത്തെക്കുറിച്ചു വളരെനാളായി വടം പിടിച്ചുകൊണ്ടിരിക്കുന്നു. പാശ്ചാത്യവിമൎശകരിൽ ഒരു വിഭാഗത്തിനിടയിൽ ഈ നിൎദ്ദേശത്തെ അനാദരകോടിയിൽ തള്ളിയപോലെ തോന്നുന്നു. പൂരിട്ടൻകാലത്തിലെ വളയാത്ത മാതൃക ആവൎത്തിക്കുന്ന ഒരു ലക്ഷണമാണിതു്. ആഭോഗം അതോടൊത്തു് അവസാനിക്കുന്നതിനാൽ അതു പാപമെന്നു നിൎണ്ണയിച്ചിരിക്കുന്നു. എല്ലാ പൂരിട്ടൻ മതവും ഒരു പ്രത്യാഘാതമാണ്. സത്യത്തെ അതിൻെറ സൂക്ഷ്മരൂപത്തിൽ അതു് പ്രതിനിധീകരിക്കുന്നില്ല. സുവിസ്തൃതമായ നിയമങ്ങളെക്കൊണ്ടു് നിയന്ത്രിതമായ അനുഭൂതിക്ക് ജീവനോടുള്ള ബന്ധം നഷ്ടപ്രായമാകുമ്പോൾ വെറുപ്പിൻെറ ആഹ്വാനം നമ്മെ സമീപിക്കുന്നു. അപ്പോൾ സുഖം ഒരു ബന്ധമെന്നു കരുതി അതിനെ ത്യജിക്കുന്നു. ആധുനികകലയുടെ ചരിത്രത്തെക്കുറിച്ച് ഒന്നും ഇവിടെ പറയുന്നില്ല. അതിനു് ഇവൻ സമൎത്ഥനല്ല. എങ്കിലും സാമാന്യമായ ഒരു നിയമം ഉണ്ടു്. അതു പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. സുഖസന്തോഷങ്ങളിലുള്ള ആശയെ ഒരുവൻ ത്യജിച്ചിട്ടു് ജ്ഞാനസമ്പാദനേച്ഛയും, പരക്ഷേമതല്പരതയും മുൻനിറുത്തി കൎമ്മം ചെയ്വാൻ ഭാവിക്കുന്നതുകണ്ടാൽ സുഖസന്തോഷങ്ങളെ അനുഭവിപ്പാനുള്ള അവൻെറ ശക്തി പ്രകൃതിവികസനത്തിലൊ, ദാൎഢ്യത്തിലൊ പരാജയം വന്നതാണു കാരണമെന്നൂഹിക്കാം.

സാഹിത്യത്തിൻെറ ജീവൻ സുഖാനുഭൂതിയെന്നു—യാതൊരു സ്വാത്ഥമാത്രപരമായ് സുഖാനുഭൂതി—യാതൊരു വികല്പവും കൂടാതെ പൗരാണികരായ ഇൻഡ്യൻ വിമൎശകർ പറയുന്നുണ്ടു്. പക്ഷെ 'സുഖാനുഭൂതി' എന്ന ശബ്ദം അവധാനതയോടെ പ്രയോഗിക്കേണ്ടതാണു്. അനവധി കിരണങ്ങൾ വിവിധനിറത്തിലും സാന്ദ്രതയിലും ആ തേജസ്സിനെ വ്യവച്ഛേദിക്കുമ്പോൾ അനുഭവപ്പെടും. കലാലോകത്തിൽ കാണുന്ന ഭൂതദ്രവ്യങ്ങൾ അതിനോടു പ്രത്യേകമായി കാണുന്നവയാണു്. അവയിൽനിന്നു് ഉദ്ഗമിക്കുന്ന തേജസ്സ് പ്രത്യേക പരിധിയേയും ഗുണത്തേയും സ്വീകരിച്ചിരിക്കുന്നതായിക്കാണാം. അവയെ വേർതിരിച്ചറിഞ്ഞു് അവയുടെ ഉത്ഭവസ്ഥാനത്തും വളർച്ചയിലും നമുക്കെത്തണമെന്നതു നമ്മുടെ കത്തവ്യമത്രെ.

പക്ഷിമൃഗാദികളും മനുഷ്യനും തമ്മിലുള്ള അതിപ്രധാന വ്യത്യാസം ഇതത്രെ. ഇവ അവയുടെ ആവശ്യപരിധികളിൽ മാത്രം ഏതാണ്ടു നിബന്ധതങ്ങളത്രെ. ആത്മസംരക്ഷണവും പരമ്പരയെ നിലനിത്തുവാനുള്ള മോഹവും മാത്രമാണു് അവയുടെ സകല കൎമ്മങ്ങളുമെന്നു് സൂക്ഷിച്ചാൽ കാണാം. ഒരു ചില്ലറക്കച്ചവടക്കാരനെപ്പോലെ ജീവിതവ്യാപാരത്തിൽ അതിനു വലിയ ലാഭമൊന്നുമില്ല. സമ്പാദ്യത്തിൻെറ ഒരു വലിയ പങ്കു മുടക്കിയ പണത്തിനു പലിശയായി ഉത്തമൎണ്ണനു കൊടുക്കണം. ജീവിതവൃത്തിക്കുതന്നെ ആദായം മുഴുവനും ചെലവാകുന്നു. പക്ഷെ മനുഷ്യൻ ജീവിതവ്യാപാരത്തിൽ ഒരു മൊത്തക്കച്ചവടക്കാരനാണു്. വ്യയം ചെയ്യണമെന്നു് നിർബന്ധമുള്ളവയുംകഴിച്ചു പിന്നെയും സമ്പാദ്യമുണ്ടാകുന്നു. അതുകൊണ്ടു് ഒരു മനുഷ്യൻെറ ജീവിതത്തിൽ ഒരു വലിയ സമ്പത്തു് അവശേഷിക്കുന്നുണ്ടു്. ഉപയോഗശൂന്യമായും നിരുത്തരവാദമായും കഴിക്കുവാൻ അവനു സ്വാതന്ത്ര്യം ലഭിക്കുന്നു. അവൻെറ ആവശ്യങ്ങളെ ചുററി അനവധി വലിയ തലങ്ങളുണ്ടു്. അവിടേയും അവനു് ചില ലക്ഷ്യങ്ങളുണ്ടു്. അവയുടെ പരിണാമം അവയിൽത്തന്നെയാണു്.

ജീവിതോപയോഗത്തിനു വിനിയോഗിക്കത്തക്കവണ്ണമുള്ള ഒരു ബോധം മൃഗാദികൾക്കു ഉണ്ടായിരിക്കണം. അത്രത്തോളമെത്തിക്കഴിഞ്ഞാൽ അവ അവിടെ നിറുത്തും. അഭയസ്ഥാനം തേടേണ്ട ത്രാണി ഉണ്ടാകുവാൻ പരിതസ്ഥലങ്ങളേക്കുറിച്ചും അവ അറിഞ്ഞിരിക്കണം. ഭക്ഷണാന്വേഷണത്തിനും ഇതാവശ്യമാണു്. വാസസ്ഥാനനിൎമ്മാണം ആവശ്യമാകകൊണ്ടു് ചില പദാർത്ഥങ്ങളുടെ ഗുണങ്ങളും അറിയണം. ആവശ്യം വേണ്ടതായ ചില മാററങ്ങൾ എപ്പോഴെല്ലാമാണു് വേണ്ടതു് എന്നറിവാൻ വിവിധ ഋതുക്കളുടെ ലക്ഷണവും അറിഞ്ഞിരിക്കണം. മനുഷ്യനും ജീവിക്കേണ്ടവനാകകൊണ്ടു് ഇവയെല്ലാം അറിഞ്ഞിരിക്കണം. പക്ഷെ മനുഷ്യനു്

ഈവക അറിവുകളിൽ നീക്കിയിരിപ്പ് വളരെ അധികമുണ്ട്. ഇവിടെവച്ചാണ് ഒരു മനുഷ്യൻ "അറിവ് അറിവിനുവേണ്ടി" എന്നു സാഹങ്കാരം സ്ഥാപിക്കുന്നതു്. അവിടെ അവൻെറ അറിവിനെക്കുറിച്ചു ശുദ്ധമായ ഒരനുഭൂതി ഉണ്ടാകുന്നു. അവിടെ അറിവു സ്വാതന്ത്ര്യമത്രെ. ഈ അവശേഷിച്ചിട്ടുള്ള ബാക്കിയുടെ ആകത്തുകയിലാണ് തത്വശാസ്ത്രവും സയൻസും വളരുന്നതു്.

തിര്യക്കുകളിൽ കുറെയെല്ലാം നിസ്വാർത്ഥബുദ്ധിയും കാണ്മാനുണ്ട്. മാതൃത്വപക്ഷംകൊണ്ടുള്ള നിസ്വാർത്ഥത, സാമൂഹ്യപരമായ നിസ്വാർത്ഥത, വാത്സാചിതനിസ്വാർത്ഥത എന്നെല്ലാം ഇതിനു പേർപറയാം. ഈ നിസ്വാർത്ഥചിന്ത സമുദായസംരക്ഷണത്തിന് അത്യാവശ്യമാണ്. എന്നാൽ മനുഷ്യനിൽ ഇതിനേക്കാൾ എത്രയോ വലുതാണ് ആ ചിത്തവൃത്തി. സ്വവംശത്തിനുള്ള രക്ഷയ്ക്കു സൗശീല്യം അനുപേക്ഷണീയമാകകൊണ്ട് ഒരു മനുഷ്യൻ സുശീലനും ആയിരിക്കേണ്ടതാണ്. അതിലും അവൻ ആവശ്യത്തിലധികം സമ്പാദിക്കുന്നുണ്ട്. കൈയും വായുമായി കഴിയാൻവേണ്ട സന്മാർഗ്ഗജീവിതം കൊണ്ടല്ല അവൻ സൗശീല്യത്തിൽ വളരുന്നതു്. സൗശീല്യം സൗശീല്യത്തിനു വേണ്ടിയാണെന്നു പറവാൻ തക്കവണ്ണം അതയ്ക്കു സമ്പാദ്യമവനുണ്ട്. ഈ സൗശീല്യസമ്പത്തിൽ—ഋജുത്വം നയങ്ങളിൽ ശ്രേഷ്ഠമെന്നതു് അവഗണിക്കുന്നു. എല്ലാനയത്തിനും വിപരീതമായി ഇതിന് പുരോഗതിയുണ്ട്—മനുഷ്യൻെറ സന്മാർഗ്ഗപ്രതിഷ്ഠ ചെയ്യുന്നു.

ഈ അതിമാത്രസങ്കേതത്തിൽതന്നെയാണ് "കല കലയ്ക്കു വേണ്ടി" യെന്ന ആശയം ഉളവായിട്ടുള്ളതു്. ഏതു സംരംഭഫലത്തിൻെറ അതിമാത്രയാണ് കലാനിർമ്മിതിക്കു മാർഗ്ഗദർശകമായിരിക്കുന്നതു് എന്നറിവാൻ നമുക്കു ശ്രമിക്കാം.

മനുഷ്യനു മാത്രമല്ല തിര്യക്കുകൾക്കും ഹിതാഹിതങ്ങൾ, ഭയം, കോപം, പ്രേമം എന്നിങ്ങനെയുള്ള വികാരങ്ങൾ ശബ്ദരൂപേണ പുറപ്പെടുവിക്കേണ്ട ആവശ്യമുണ്ട്. മൃഗങ്ങളിൽ ഈ വൈകാരിക വൈഖരി ഔപയോഗികപരിധിയെവിട്ട് അധികം വ്യാപിക്കുന്നില്ലെന്നു പറയാം. എന്നാൽ മനുഷ്യനിൽ മൌലികമായ ലക്ഷ്യത്തിൻെറ വേരു് അവിടത്തന്നെയാണെങ്കിലും അവയുടെശാഖയും ഉപശാഖയും അതിവിസ്തൃതിയിൽ വളൎന്നു അനന്തമായ ആകാശത്തെ ഉത്ഭവഭൂവിൽനിന്നുയൎന്നു ആസ്തരണം ചെയ്യുന്നു. ആത്മസംരക്ഷണത്തിനു മുഴുവനും ആവശ്യമില്ലാത്തതുകൊണ്ട് വൈകാരികമായ ഒരു സമ്പത്തു് ഒരു മനുഷ്യനുണ്ട്. ഈ അതിമാത്ര കലാനിർമ്മിതിയിലേക്കു പ്രവഹിക്കുന്നു. ഈ അതിമാത്രയിൽ തന്നെയാണ് മനുഷ്യൻെറ സകല പരിഷ്കാരവും കെട്ടിപ്പടുത്തിരിക്കുന്നതു്.

ഒരു യോദ്ധാവു് അവശ്യകരണീയമായ ആഹവംകൊണ്ടുമാത്രം തൃപ്തനാകുന്നില്ല. സംഗീതം, അലങ്കാരം എന്നിവയുടെ സഹായത്താൽ അവനിൽ നിക്ഷിപ്തനായ യോദ്ധാവിൻെറ പ്രബുദ്ധചോതനയ്ക്കു് ആരാധനം ചെയ്യ മതിയാവുകയുള്ളൂ. അതു് അനാവശ്യമെന്നുമാത്രമല്ല, ചിലപ്പോൾ ആത്മഹത്യക്കുകൂടി സംഗതിയുള്ളതാണു്. മതഭക്തിയുള്ള ഒരുവൻ അവൻെറ ഇഷ്ടദേവതയെ ആരാധിക്ക മാത്രമല്ല, അവൻെറ മതപ്രേരിതനായ ആ സത്വപുരുഷൻ ക്ഷേത്രമാഹാത്മ്യത്തേയും അവിടത്തെ ആരാധനക്കുള്ള ചടങ്ങുകളേയും വാഴ്ത്തിപ്പറവാൻ ഇച്ഛയുള്ളവനുംകൂടിയാണു്.

ഒരു പദാൎത്ഥം നമ്മുടെ ഹൃദയത്തിൽ ഒരു വികാരത്തെ ഉളവാക്കുകയും ആ വികാരം ആ പദാൎത്ഥത്താൽ ഉൾഗ്രഹിപ്പാൻ കഴിയുന്നതിലധികമുണ്ടായിരിക്കയും ചെയ്യുമ്പോൾ അതു നമ്മുടെ അടുക്കലേക്കു തിരിച്ചു വരുന്നു. അതിൻെറ പ്രത്യാഗമനതരംഗങ്ങളാൽ നമ്മെ പ്രബുദ്ധരുമാക്കുന്നു. നാം ദാരിദ്ര്യമനുഭവിക്കുമ്പോൾ നമ്മുടെ സകലവിധശ്രദ്ധയും ബാഹ്യവസ്തുക്കളിൽ പ്രവൎത്തിക്കുന്നു— നമ്മുടെ ആവശ്യത്തിനു സ്വാധീനമാക്കണമെന്നു് ഇച്ഛിക്കുന്ന വസ്തുക്കളിൽ എന്നൎത്ഥം. നമ്മുടെ ധനം ആവശ്യത്തിൽ കൂടുതലാകുമ്പോൾ ആ വെളിച്ചം നമ്മളിൽ പ്രതിബിംബിക്കുന്നു. നാം ധനവാന്മാരെന്ന ഒരു വികാരപ്രബുദ്ധത നമുക്കുണ്ടാകുന്നു. എല്ലാ ജീവികളേയും അപേക്ഷിച്ചു് മനുഷ്യൻ മാത്രമേ അവനെ അറിയുന്നുള്ളൂ എന്നതിൻെറ ന്യായം, ബോധപ്രചോദനങ്ങൾ ആവശ്യത്തിലധികമായാൽ അവതരിച്ചവനിൽത്തന്നെ വന്നുചേരും എന്നുള്ളതാണു്. മററുജീവികളെ അപേക്ഷിച്ചു് മനുഷ്യൻ, അവൻെറ കൂടസ്ഥനെ ഗാഢതരമായി അനുഭവിക്കുന്നു. അവൻെറ ഹൃദയോദ്വേഗശക്തി കൂടസ്ഥൻെറ ലക്ഷ്യമായ വസ്തുവാൽ പൂൎണ്ണമായി അവസാനിക്കുന്നില്ല. ആന്തരസത്വചേതനാവിജൃംഭണം ബാഹ്യപ്രകടനത്തിനു് ഒരു മാൎഗ്ഗം അന്വേഷിക്കുന്നു. അതുകൊണ്ടു് കലയിൽ മനുഷ്യൻ അവനെത്തന്നെയാണു പ്രകടിപ്പിക്കുന്നതു്. ഒരിക്കലും അവൻെറ ലക്ഷ്യവസ്തുവല്ല. അവൻെറ ലക്ഷ്യവസ്തു ജ്ഞാനപ്രദിപാദകഗ്രന്ഥങ്ങളിലൊ സയൻസിലോ മാത്രം സ്ഥിതിചെയ്യുന്നു. അവിടെ പൂൎണ്ണമായി അവൻ മറഞ്ഞുതന്നെ നിലകൊള്ളുന്നു.

കൂടസ്ഥൻ or Personality എന്ന ശബ്ദപ്രയോഗം എന്നോടു് എതിരിടുവാൻ ആളുകളെ ഉണ്ടാക്കുമെന്നു് എനിക്കറിയാം. ആ ശബ്ദത്തിനു് അത്ര വ്യാപകമായ അൎത്ഥമുണ്ടു്. ഇങ്ങനെയുള്ള ഉച്ഛൃംഖല ശബ്ദങ്ങളെ വിവിധഅളവിലും ആകൃതിയിലും ഉള്ള ആശയങ്ങൾക്കു് അനുയോജ്യമായി പ്രയോഗിക്കാം. ഒരു ഹാളിൽ തൂക്കിയിരിക്കുന്ന മഴക്കോട്ടിനോടു് ഇവയെ

സാദൃശ്യപ്പെട്ടത്താം. യാതൊരവകാശവുമില്ലാത്ത ഒരു മനോരാജ്യക്കാരൻ അതു എടുത്തുകൊണ്ടു പോയേക്കാം.

മനുഷ്യൻ അറിവുള്ളവനെന്ന നിലയിൽ അവനെ പൂർണ്ണമായി അറിയുന്നില്ല. വെറുമറിവ് അവനെ പ്രത്യക്ഷീകരിക്കയില്ല. ഒരു വ്യക്തി എന്ന നിലയിൽ അവൻ അവയവവിധാനത്തോടുകൂടിയ ഒരു മനുഷ്യനാണ്. സ്വന്തമാക്കുന്നതിനുള്ള ഇച്ഛയാൽ സമീപസ്ഥിതങ്ങളായ വസ്തുക്കളിൽനിന്ന് തിരഞ്ഞെടുക്കുവാനുള്ള ശക്തി അന്തർലീനമായി അവനുണ്ട്. ആകർഷണവികർഷണങ്ങളായ ശക്തികൾ അവനുണ്ട്. ബാഹ്യവസ്തുക്കളെ ശേഖരിച്ചുവയ്ക്കുകമാത്രമല്ല, തന്നത്താൻ സൃഷ്ടിക്കയും ചെയ്യും. നമ്മുടെ സജീവഘടനയോട് വസ്തുക്കളെ രൂപാന്തരപ്പെടുത്തുന്ന പ്രധാന സംസൃതിശക്തികൾ വൈകാരികശക്തികളാണ്. മതനിഷ്ഠനായ ഒരുവൻ കൂടസ്ഥനാണ്. വെറും ആസ്തികൻ അങ്ങിനെയല്ല. മതനിഷ്ഠൻെറ ഈ ശാശ്വതമായ വികാരം സംസൃതിക്ഷമമാണ്. അവൻെറ ദൈവമുണ്ടെന്ന അറിവ് അവൻെറ സാരാംശനിർമ്മിതിക്കു മതിയാകുന്നില്ല. വൈകാരികദീപ്തിയുടെ അഭാവമാണ് ഇതിനു കാരണം.

കൂടസ്ഥത്വത്തിൻെറ ഉള്ളടക്കം എന്തെല്ലാമെന്നും അതു എങ്ങിനെ ബാഹ്യലോകത്തോടു സംബന്ധിച്ചിരിക്കുന്നു എന്നും പരിശോധിക്കാം.ഈ ലോകം നമുക്ക് ഒരു വ്യക്തി എന്ന നിലയിൽ തോന്നുന്നു. അല്ലാതെ അപ്രത്യക്ഷമായ ശക്തിസമൂഹമെന്ന് തോന്നുന്നില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്കും മനസ്സിനും ഇതു ഒട്ടേറെ കടപ്പെട്ടിട്ടാണിരിക്കുന്നതു്. ഈ പ്രത്യക്ഷലോകം മനുഷ്യൻെറ ലോകമാണ്. നമ്മുടെ വീക്ഷണത്തിൻെറ അന്യാദൃശപരിധിയേയും ഗുണത്തേയും ആശ്രയിച്ച് ചലനം, രൂപം, നിറം എന്നിവയുടെ പ്രത്യേക സ്വഭാവം അതു കൈക്കൊള്ളുന്നു. നമ്മുടെ ഇന്ദ്രിയപരിധികൾ പ്രത്യേകതേജസ്സ സമ്പാദിച്ചു സംരക്ഷിച്ചിട്ടുള്ള ഒന്നാണ് അതു്. പ്രാകൃതികവും രാസയോഗികവും ആയ സകലശക്തികളെന്നതന്നെയല്ല, മനുഷ്യൻെറ വീക്ഷണശക്തികളും ഇതിൻെറ പ്രധാനാവയവങ്ങളാണ്. മനുഷ്യലോകമെന്നതാണ് അതിൻെറ കാരണം. ശാസ്ത്രസിദ്ധാന്തങ്ങളെക്കൊണ്ടു് ഗുണീഭൂതലോകമല്ല.

മനുഷ്യൻെറ വീക്ഷണമനുസരിച്ചുളവാകുന്ന രൂപമാണ് ഈ ലോകം സ്വീകരിക്കുന്നതു്. എന്നാൽതന്നെ അവൻെറ ഇന്ദ്രിയങ്ങളും മനസ്സും സൃഷ്ടിക്കുന്ന ഒരപൂർണ്ണലോകമായേ സ്ഥിതിചെയ്യുന്നുള്ളൂ. അതു് ഒരു വിരുന്നുകാരനായിട്ടേ ഇരിക്കൂ. ഒരു ബന്ധുക്കാരനായി വർത്തിക്കയില്ല. അതു് നമ്മുടെ വികാരപരിധികളിൽ വരുമ്പോൾ പൂർണ്ണമായി നമ്മുടേ

താകും. നമ്മുടെ സ്നേഹവും, വിദ്വേഷവും, സന്തോഷവും, സന്താപവും, ഭയവും, അത്ഭുതവും, നിരന്തരം അതിൽ പ്രവൎത്തി ചെയ്യുമ്പോൾ ഇതു നമ്മുടെ കൂടസ്ഥത്വത്തിൻെറ വിഭാഗമായി പരിണമിക്കും. അതു നമ്മളുടെ വളൎച്ചയനുസരിച്ചു വളരും, മാററമനുസരിച്ചു മാറും. ഈ സാത്മ്യത്തിൻെറ ന്യൂനാധികഭാവമനുസരിച്ചും ആകയുള്ളതിൻെറ ഗുണമനുസരിച്ചും നാം വലിയവരോ ചെറിയവരോ ആയിരിക്കുന്നതാണു്. ഈ ലോകത്തെ എടുത്തു കളഞ്ഞാൽ നമ്മുടെ കൂടസ്ഥത്വത്തിൻെറ ഉള്ളടക്കവും നഷ്ടപ്പെടുന്നതാണു്.

നമ്മുടെ വികാരം ദാഹാത്മകമായ ഒരു ദ്രവമാണു്. അതു ഈ പ്രത്യക്ഷലോകത്തെ ഏററവും അടുപ്പമുള്ള വികാരലോകമാക്കിത്തീൎക്കുന്നു. ഈ ബാഹ്യലോകത്തിനും അതിൻെറ സ്വന്തമായ ഒരു ദ്രവമുണ്ടു്. അതിനും വിവിധ ഗുണങ്ങളുണ്ടു്. അതു നമ്മുടെ വികാരകൎമ്മങ്ങളെ ഉൽക്കടമാക്കും. ഇതിനു് രസമെന്നു പേരിടാം. വൈകാരികദ്രവത്തോടു് അനുബന്ധിച്ചിരിക്കുന്ന ബാഹ്യദ്രവം എന്നു പറഞ്ഞതു് ഇതുതന്നെയാണു്. ഒരു കാവ്യം എന്നതു് ഇതനുസരിച്ചു് ഒരു വാക്യമോ വാക്യങ്ങളോ ആകാം. അതിൽ ഈ രസമുണ്ടു്. അതു വികാരത്തെ പ്രബുദ്ധമാക്കും. വികാരങ്ങളെക്കൊണ്ടു് സജീവമാക്കിയ ആശയങ്ങളെ സംഗ്രഹിച്ചു് നമ്മുടെ പ്രകൃതിയിൽ സ്ഥിതിചെയ്യുന്ന ജീവാംശത്തിൽ ചേൎക്കുന്നതിനു സന്നദ്ധവുമാകുന്നു.

വസ്തുസ്ഥിതിവാസ്തവങ്ങളെക്കുറിച്ചുള്ള വെറുമറിവു സാഹിത്യമല്ല. എന്തുകൊണ്ടെന്നാൽ നമ്മിൽനിന്നും സ്വതന്ത്രമായി നില്ക്കുന്ന ചില പരമാൎത്ഥങ്ങളെ മാത്രമേ നമ്മെ ഗ്രഹിപ്പിക്കുന്നുള്ളു. സൂൎയ്യൻ ഉരുണ്ടതാണു്; വെള്ളമൊരു ദ്രവവസ്തുവാണു്; തിയ്യിനു ചൂടുണ്ടു്; എന്നിങ്ങനെയുള്ള ആവൎത്തനം ദുസ്സഹവുമത്രെ. പക്ഷെ സൂൎയ്യോദയസുന്ദരമായ വൎണ്ണനം ശാശ്വതമായ ഒരു രസം നമുക്കു നൾകുന്നു. കാരണം, സൂൎയ്യൻ ഉദിക്കുന്നു എന്ന കാൎയ്യമല്ല പറയുന്നതു്. അതിനു് നമ്മോടുള്ള ബന്ധത്തെയാണു് വൎണ്ണിക്കുന്നതു്. അതു് ശാശ്വത്തായ രസത്തെ ഉളവാക്കുന്ന ഒരു വസ്തുവുമാണു്.

ഉപനിഷദ്വാക്യങ്ങളിൽ ഒരിടത്തിങ്ങനെ പറഞ്ഞിരിക്കുന്നു:— "ധനം നമുക്കു് പ്രിയപ്പെട്ടതാണു്. ധനസ്ഥിതി പരമാൎത്ഥത്തെയല്ല നാം ആശിക്കുന്നതു്. നാം നമ്മെത്തന്നെയാണാഗ്രഹിക്കുന്നതു്." നമ്മുടെ ധനസ്ഥിതിയിൽ നാം നമ്മെക്കുറിച്ചാണനുഭൂതിയുണ്ടാക്കുന്നതു്. അതുകൊണ്ടു് നാം അതിനെ സ്നേഹിക്കുന്നു. നമ്മുടെ വികാരത്തെ ഉത്തേജിപ്പിക്കുന്ന വസ്തുക്കൾ നമ്മുടെ ആത്മാനുഭൂതിയേയും ഉത്തേജിപ്പിക്കുന്നു. ഒരു വീണാതന്ത്രി

ന്ദ്രിയിൽ നമ്മുടെ സ്പർശത്തോട്ട് ഇതിന്ന സാമ്യമുണ്ട്. ആ സ്പർശനം തീരെ ബലഹീനമെങ്കിൽ അതിൻെറ സ്പർശം മാത്രം നാമറിയുന്നു. അല്പം ഊന്നിയാണ് സ്പർശിച്ചതെങ്കിൽ സുസ്വരസ്വരൂപത്തിൽ ആ സ്പർശം നമ്മുടെ അടുക്കലേക്ക തിരിച്ചുവരും. നമ്മുടെ ചോതന സാന്ദ്രീഭവിക്കയും ചെയ്യും.

സയൻസിന്ന് ഒരു ലോകമുണ്ട്. അവിടെനിന്നും കൂടസ്ഥത്വത്തിൻെറ അംഗാംഗീഭാവം നിശ്ശേഷം അവധാനതയോടെ മാററിയിരിക്കുന്നു. അതിനെ നമ്മുടെ അനുഭൂതിയിൽ സ്പർശിക്കപോലുമരുതു്. അതിവിപുലമായ ഒരു ലോകം കൂടിയുണ്ട്. അതു് കൂടസ്ഥാനുഭയോജ്യവുമത്രെ. നാം അതിനെ അറിഞ്ഞു് ഉപേക്ഷിച്ചാൽ മാത്രം പോരാ; നമുക്കു് അതിൻെറ അനുഭൂതിയുണ്ടാകണം. അതിനെ അനുഭൂതിയിൽ വരുത്തുന്നതുതന്നെയാണ് ആത്മാനുഭൂതി.

അനുഭൂതികൊണ്ടു മാത്രമറിയുന്ന കൂടസ്ഥത്വത്തെ നാമെങ്ങനെ വിശദീകരിക്കും. ഒരു സയൻറിസ്റ്റ് അറിഞ്ഞതിനെ വിഭജനംകൊണ്ടും, പ്രായോഗികപരീക്ഷണംകൊണ്ടും വിശദപ്പെടുത്തുന്നുണ്ട്. പക്ഷെ ഒരു കലാകാരനു പറവാനുള്ളതു് എന്തു് എന്നാൽ ഉപദേശരൂപത്തിലോ വിവരണരീതിയിലൊ വിശദീകരിപ്പാൻ ശക്തനല്ലെന്നാണ്. ഒരു റോസാപൂവ്വിനെക്കുറിച്ചു് എനിക്കുള്ള അറിവു് ഞാൻ പറയേണ്ടിവരുമ്പോൾ വളരെ വിശദമായ ഭാഷയിൽ പറയേണ്ടതാണ്. പക്ഷെ ഒരു റോസിനെക്കുറിച്ചു എൻെറ അനുഭൂതി എന്തെന്നുപറയുന്നതു് അത്യന്തം വ്യത്യാസപ്പെട്ട ഒന്നാണ്. ആ അവസരത്തിൽ വസ്തുതത്വത്തെക്കുറിച്ചോ പ്രകൃതി നിയമത്തെക്കുറിച്ചോ യാതൊരു ബന്ധവും അതിനില്ല. അതു രൂപിയെക്കുറിച്ചാണു കൈകാര്യം ചെയ്യുന്നതു്. അതു സ്വദിച്ചാൽ മാത്രമേ സ്വാനുഭവപ്പെടുകയുള്ളു. അതിനാൽ സംസ്കൃതവിമർശകർ പറയുന്നതിങ്ങനെയാണ്. ഉചിതാസ്വാദനക്ഷമങ്ങളായ ശബ്ദങ്ങളെയാണ് സാഹിത്യത്തിൽ ഉപയോഗിക്കേണ്ടതു്. അതു് വെറും സംസാരഭാഷയായിരിക്കരുതു്. രൂപനിർമ്മാണംചെയ്ത ഗീതങ്ങളായി ഉദ്വഹിക്കണം. ചിത്രങ്ങളും ഗീതങ്ങളും വെറും വസ്തുസ്ഥിതിപരമാത്ഥങ്ങളല്ല. അവ അവതന്നെയല്ല നമ്മളുംകൂടിയാണ്; അവ വിഭജനപരാങ്മുഖങ്ങളാണ്; നമ്മുടെഹൃദയത്തിൽ അവയ്ക്കു് പെട്ടന്നു പ്രവേശം സിദ്ധിക്കുന്നു.

# രാജമോഹൻെറ ഭായ്യ

## അദ്ധ്യായം VII.

ഒളിവിൽനിന്നുകേട്ട ഭയങ്കരസംഭാഷണത്തിലെ ഓരോ വാക്കും മാതംഗിണിയെ സ്തബ്ധയാക്കി. അതു തുടൻകൊണ്ടിരുന്നപ്പോൾ അറിവാൻ അത്യന്താവശ്യമുള്ള സംഗതികൾ അതിലുണ്ടായിരുന്നതുകൊണ്ടു് വേപഥുവോട്ടുകൂടിയ അവളുടെ ഗാത്രം ക്ഷീണത്തോടു പോരാടിവന്നു. പക്ഷെ അതിൻെറ അവസാനത്തിൽ ക്ഷീണത്തിനു് അടിപെട്ടു് അവൾ നിലംപതിച്ചു. ഖേദത്രാസനിമിത്തം ഉണ്ടായ ഇന്ദ്രിയസാദം ഏതാണ്ടു ബോധരഹിതയുമാക്കി. ക്രമേണ അവൾ കേട്ട സംഭാഷണത്തേക്കുറിച്ചു് പയ്യാലോചിച്ചു ചിന്തിപ്പാനുള്ള മനസ്വാസ്ഥ്യം അവൾക്കു ലഭിച്ചു. സ്വഭത്താവിൻെറ ജീവിതരീതിയിലും സ്വഭാവത്തിലും ഒരു നവീനമനോഭാവം അവളിൽ സംജാതമായി. ഏതൽപയ്യന്തം അയാൾ ഒരു ഉന്മത്തചിത്തനും മൃഗസ്വഭാവിയുമെന്നോ അവൾ ധരിച്ചിട്ടുള്ളു. ഒരു തസ്കരസംഘത്തിൻെറ ഒററുകാരനെന്നോ, തസ്കരൻതന്നെയെന്നോ വിചാരിപ്പാൻ പൂണ്ണാവകാശിയായ ഒരുവൻ തൻെറ പരിശുദ്ധഹൃദയത്തിൻെറ അവകാശിയായല്ലൊ എന്ന സ്മൃതി അവളെ ഭയവിവശയാക്കി. ഭാവിയോ? ഇന്നാവൾ സൂക്ഷ്മദശ്നംചെയ്ത സ്ഥിതിക്കു് ജുഗുപ്സാഹമായ അയാളുടെ ആലിംഗനവിമുക്തയാകുന്നതിനു ശക്തയാണോ? അല്ല, അല്ല, അവൾ നിത്യനരകം അനുഭവിപ്പാൻ വിധിക്കപ്പെട്ടവൾ തന്നെ.

ഈവിധ ചിന്തകൾ ഒരുനിമിഷത്തിൽ അവളുടെ ഹൃദയവിദാരണംചെയ്യും. അടുത്തനിമിഷത്തിൽ സ്വഭത്താവു കൈയേററിരിക്കുന്ന നീചാപരാധത്തെ അവൾ പ്രത്യക്ഷമായി കാണും. ഈ ചിന്ത അവളെ ആപാദമസ്തകം ത്രസിപ്പിക്കും. ഈ ഭയങ്കരകമ്മത്തിനു ലക്ഷ്യമായവർ അവളുടെ സ്വന്ത ഹേമംഗിനിയും അവളുടെ മാധവനുംതന്നെ. അവളുടെ രക്തം സിരകളിൽ ഉറഞ്ഞു, തലയ്ക്കു മാന്ദ്യം ഭവിച്ചു. അവളുടെ ദുരന്തഭാവിയെക്കുറിച്ചും അധഃപതിച്ച സ്ത്രീത്വത്തേയും വിസ്മരിച്ചു. ദാരിദ്ര്യവും ക്ലേശവും ഒരു മണിക്കൂറിനുള്ളിൽ ഗ്രസിപ്പാനൊരുങ്ങി വാപിളന്നു നില്ക്കുന്ന ഈ അവസരത്തിൽ യാതൊരാപൽശങ്കയും കൂടാതെ സുഖനിദ്രയനുഭവിക്കുന്ന മാധവനിലും ഹേമംഗിനിയിലും അവളുടെ ചിന്ത പതിഞ്ഞു. സ്വന്തജീവനെ ബലികഴിച്ചും അവരെ രക്ഷിക്കണമെന്നവളുറച്ചു.

വീട്ടിൽ ഉള്ളവരെ ഉണത്തി ഈ വാത്ത അവരെ അറിയിക്കാമെന്നുറച്ചു. പക്ഷെ ഈ വിചാരത്തിൻെറ അത്ഥശൂന്യത ഉടനെതന്നെ അ

വളിൽ ഉദിച്ചു. രാജമോഹനെക്കുറിച്ചുള്ള ഈ കഥ ആ വീട്ടിൽ ആരു വിശ്വസിക്കും? അയാളുടെ അമ്മാവി വിശ്വസിക്കുമോ? സഹോദരി വിശ്വസിക്കുമോ? ഇവൾക്കു ഭ്രാന്താണെന്നോ, ഇവൾ സ്വപ്നം കാണുകയാണെന്നോ അവർ വിചാരിക്കും. അവർ ഒരുപക്ഷെ വിശ്വസിച്ചാൽത്തന്നെ മാധവനെ രക്ഷിപ്പാൻ രാജമോഹനെ അപകടത്തിലാക്കുമോ? അതും ചെയ്യുമെന്നിരിക്കട്ടെ. ഇവർ വിചാരിച്ചാൽ മാധവനെ രക്ഷിപ്പാൻ കഴിയുമോ? ഇല്ല, ഒരിക്കലുമില്ല. രാജമോഹന് അല്പം നീരസം തോന്നുന്ന ഒന്നു ചെയ്യാൻ അവർക്കു ധൈര്യമില്ല. മാതംഗിണി പറഞ്ഞതു് അവർ വിശ്വസിക്കുന്നതുതന്നെ സംശയം. എന്നാലും ഈ വാർത്ത ഇവൾ പറഞ്ഞതായി രാജമോഹനെ അറിയിക്കയും ചെയ്യും. അനന്തരമായ ഇവളുടെ ജീവിതം സ്മരിക്കാവുന്നതുമല്ല.

അടുത്തു മാതംഗിണിയുടെ ചിന്ത കനകത്തിൽ പതിഞ്ഞു. മാധവന്റെ വീട്ടിലേയ്ക്കു് ഈ വിവരം പറവാൻ കനകത്തിനെ അയച്ചാൽ എന്തു്? കനകത്തിന്റെ വീടു് വളരെ അടുത്താണ്. സ്വശയ്യയിൽനിന്ന് ആരുമറിയാതെ പുറപ്പെട്ടു് കനകത്തെ ഉണർത്തി രാജമോഹനു ദോഷമൊന്നും വരാത്തവിധത്തിൽ മാധവനു വേണ്ട അറിവുകൊടുക്കാമെന്ന് ആലോചിച്ചു. ഈ മാർഗ്ഗം അസാദ്ധ്യമല്ലെങ്കിലും ആശാസ്യമല്ലെന്നു മാതംഗിണിക്കു തോന്നി. കനകത്തിന്റെ അമ്മയേക്കൂടി ഉണർത്താതെ അവളെ ഉണർത്തുന്നതു സാദ്ധ്യമല്ല. അമ്മയും മകളും ഒരേ മുറിയിലാണു കിടക്കുന്നതെന്ന് അവൾക്ക് അറിയാമായിരുന്നു. യാതൊരു പൂർവ്വപക്ഷവും കൂടാതെ പറയുന്നതെല്ലാം കനകം വിശ്വസിച്ചേക്കും. പക്ഷെ അമ്മ അങ്ങനെ ചെയ്കയില്ല. അവളെ തൃപ്തിപ്പെടുത്തുന്നതിന്ന് സകല സംഗതിയും തുറന്നു പറയേണ്ടിവരും. അപ്പോൾ സ്വഭർത്താവിന്നു് ആപത്താകും. ദൈവസന്നിധിയിലും മഹാജനസന്നിധിയിലും ഭക്തിയോടും വിശ്വാസത്തോടും പെരുമാറിക്കൊള്ളാമെന്നു സത്യംചെയ്തിട്ടുള്ള ഏതു പുരുഷനെ ഉദ്ദേശിച്ചോ അവനെ വഞ്ചിക്കുന്നതു പാപമല്ലെ. എന്നു മാതംഗിണി സംശയിച്ചു. അർദ്ധരാത്രിയിൽ കനകത്തിനെ മാത്രമയച്ചു് ഈ കാര്യം സാധിക്കയെന്നതു സാദ്ധ്യമാണോ? ഈ പാതിരാസമയത്തു് കനകത്തെ മാത്രം അയക്കുന്നതിന് അമ്മ സമ്മതിക്കുമോ? ഒററയ്ക്കു് ഒരു ചെറുപ്പക്കാരി കൂടെ ഉണ്ടായാൽത്തന്നെ ഈ കാര്യം അനാവശ്യമെന്നു അമ്മയ്ക്കു തോന്നിയാൽ കനകത്തെ അയയ്ക്കുമോ? ഒരിക്കലും അയയ്ക്കാൻ ന്യായമില്ല. നേരെമറിച്ചു് മാതംഗിണിയുടെ വീട്ടുകാരെ അറിയിച്ചു് ഇവളെ ബന്ധനത്തിൽ ആക്കുകയില്ലെ. മാതംഗിണിക്കു ഭ്രാന്താണെന്നോ അവൾ സന്മാർഗ്ഗഭ്രഷ്ടയെന്നോ പറഞ്ഞാൽ എന്തു സമാധാനം പറയും. അമ്മ സമ്മതിച്ചാൽത്തന്നെ ഇങ്ങനെയുള്ള നേരത്തു വഴിയിൽ കള്ളന്മാർ ചുററിനടക്കുന്നുണ്ടെന്നു് അറി

ഞ്ഞിരിക്കെ ഒററയ്ക്കോ ഒരുപക്ഷെ ഒരു സ്ത്രീയുടെ (മാതംഗിണിയുടെ) സഹായത്തോടുകൂടിത്തന്നെയൊ ഈ യാത്രചെയ്വാൻ കനകത്തിന്നു ധൈര്യമുണ്ടാകുമോ?

അന്ത്യമായ ഒരു രക്ഷാമാർഗ്ഗം അവളിൽത്തന്നെ സ്ഥിതിചെയ്യുന്നു എന്ന ബോധം മാതംഗിണിയെ നിരാശാപൂർണ്ണയാക്കി. അവൾ തന്നെ പോകണം. അവളുടെ ജീവശക്തിതന്നെ ക്ഷയിച്ചു. അപകടം ആപൽകരമെങ്കിലും അതു് അവൾ ചിന്തിച്ചില്ല. ലോകം മുഴുവനും പ്രശാന്തനിദ്രയിൽ ലയിച്ചിരിക്കുന്ന ഈ അവസരത്തിൽ യുവതിയായ ഒരുവൾ കാട്ടുകളുടെ മദ്ധ്യേക്കൂടിയുള്ള ഒരു വഴിയെ തരണം ചെയ്യണം. അവളൊ അന്ധവിശ്വാസം ധാരാളമായി ധരിച്ചിട്ടുള്ളവൾ. അവളുടെ സങ്കല്പശക്തിയിൽ വനദേവതമാരുടെ വിക്രിയകൾ ബാല്യംമുതൽക്കുതന്നെ പ്രതിഷ്ഠിച്ചു് ആരാധിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ വഴിയരികിൽ ഒരു തസ്കരസംഘം ഒളിച്ചുപോകുന്നുണ്ടെന്നവൾ ധരിച്ചിരിക്കുന്നു. അവരുടെ കൈയിൽ അകപ്പെട്ടാൽ എന്തായിരിക്കും ഫലമെന്നോർത്തു് അവൾ വിറച്ചുപോയി. ഈ സംഘത്തിനിടയിൽ സ്വഭർത്താവിനെക്കൂടി കാണ്മാനിടവന്നാൽ— സാധു മാതംഗിണി കിടുകിട വിറച്ചു.

മാതംഗിണിയുടെ ഹൃദയം സ്ഥൈര്യവും ധൈര്യവുമുള്ളതത്രെ. അവളുടെ അനുജത്തിക്കും അവളുടെ ഭർത്താവിനുംവേണ്ടി സ്വജീവനെ ഉപേക്ഷിപ്പാനും അവൾക്കു കഴിയുമെന്നു തോന്നി.

മാതംഗിണിയുടെ മനോമണ്ഡലത്തിൽ അനതിദൂരമല്ലാത്ത ഭയാനകസംഭവങ്ങൾ സമുദയംചെയ്യുന്നതോടൊന്നിച്ചു് അവളുടെ ഉൽകൃഷ്ടപ്രേമം വികസിച്ചുവളൎന്നു. ആ സന്നിധിയിൽ അവളുടെ ദൃനചിത്തത്തിനു സഹിപ്പാൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്ന ജീവിതം ബലിതൎപ്പിപ്പാൻ അവൾ ഉറച്ചു. പക്ഷെ സ്ത്രൈണമായ ഒരു വികാരം അവളെ പിൻതിരിപ്പിച്ചു. മാധവന്റെ ഗൃഹത്തിലേയ്ക്കു് അർദ്ധരാത്രിയിൽ ഏകാകിനിയായി എങ്ങനെ പോകും? അവളുടെ പരമാത്മസ്ഥിതി ആരറിയും? മാധവൻ എന്തു വിചാരിക്കും? അവളുടെ ഫാലപ്രദേശത്തെ അമൎത്തിതിരുമ്മി നിശ്ചലയായി നിന്നുപോയി.

ഒന്നിലും ഉറയ്ക്കാത്ത മനസ്ഥിതിയോടെ അവൾ ദീർഘമായൊന്നു നിശ്വസിച്ചു. നിർദ്ദയം അവളെ ഉപദ്രവിക്കുന്ന താപത്തിൽനിന്നൊരു മോചനത്തിനു് ആ ചെറിയജനൽ തുറക്കുവാൻ അവൾ പുറപ്പെട്ടു. തരുഷരായ ദീർഘദീർഘമായിക്കാണപ്പെട്ടു. ചന്ദ്രൻ ചക്രവാളത്തിൽ എത്തുന്നതായി കാണപ്പെട്ടു. അസ്തമയത്തോടടുത്ത ചന്ദ്രകരം ക്ഷീണസത്വമായി

രിക്കുന്നു. ഒരു മണിക്കൂറിനകം അസ്തമയം നിശ്ചയം. തസ്കരസംഘത്തിന്റെ ഉച്ചൈസ്തരമായ ആർഭാടസ്വനം കേൾക്കും. അപ്പോൾ അവരെ രക്ഷിപ്പാനുള്ള സമയം അതിക്രമിക്കും. അവളുടെ സകല ക്ഷീണചിന്തകളേയും ആസന്നാവിപത്തു ദൂരീകരിച്ചു. അവളുടെ പ്രേമം ശതഗുണീഭവിച്ച് അവളെ ധീരയാക്കി. അവളുടെ സംശയങ്ങൾ അനന്തരം തീണ്ടുകപോലും ചെയ്തില്ല.

ഒരു പരുക്കൻ വിരിപ്പെടുത്ത് അടിമുതൽ മുടിവരെ ആച്ഛാദനം ചെയ്ത് മന്ദമായി കതകു തുറന്നു പുറത്തിറങ്ങി സാവധാനത്തിൽ കതകടച്ചു. രാജമോഹൻ അല്പനേരം മുമ്പ് കാണിച്ചുകൊടുത്ത രീതിയിൽ തഴുതുമിട്ടു. പുറത്തുനിന്ന് മുകളിലേയ്ക്കു നോക്കിയപ്പോൾ വിശാലമായ ആകാശം നീലനിറത്തിലും നിബിഡമായി നിശ്ശബ്ദമായിനില്ക്കുന്ന തരുവരങ്ങളുടെ ഇലച്ചില്ലകൾ പച്ചനിറത്തിലും മൗനമുദ്രയെ അവലംബിച്ചിരിക്കുന്നു. അവളുടെ ഹൃദയം അല്പമൊന്നു പതറി. പാദങ്ങൾ അവയുടെ കർമ്മത്തിൽ ഉദാസീനങ്ങളുമായി. മാതംഗിണി കൈ രണ്ടും മാറോടുചേർത്ത് "ദേവന്മാരെ, ഇവൾക്കു വേണ്ട ശക്തി തരണെ" എന്നു പ്രാർത്ഥിച്ചു. അനന്തരം അവളുടെ നിശ്ചയങ്ങളെല്ലാം ഒന്നുകൂടി ആലോചിച്ച് അതി ത്വരയോടെയാണെങ്കിലും നിശ്ശബ്ദമായി നടകൊണ്ടു. വനസ്ഥലിയിൽ ഉള്ള വഴിയിൽക്കൂടി അവൾ നടന്നപ്പോൾ ഉണ്ടായ ഹൃദയതുടനം അവൾക്കു കേൾക്കാമായിരുന്നു. നിർജ്ജീവനിശ്ശബ്ദതയും താമിസ്രതരുച്ഛായയും അവളെ ചഞ്ചലചിത്തയാക്കി. ഉന്നതവൃക്ഷങ്ങളുടെ മുരടുപിടിച്ച കൊമ്പുകൾ അതലോകജീവികളെന്നപോലെ ഇവളുടെ ഗതിയെ നിന്ദാസൂചകഭാവത്തിൽ മൗനമായി നോക്കിനില്ക്കുന്നു. ഇലകൾ നിറഞ്ഞചില്ലകൾ ഇരുട്ടടഞ്ഞ വഴിയിലേയ്ക്കു നീണ്ടുനില്ക്കുന്നതു കണ്ടാൽ രാത്രിഞ്ചരന്മാരെന്നു തോന്നിപ്പോകും. ഇരുട്ടടഞ്ഞ ഓരോ വിലങ്ങളും മായാരൂപികളായിട്ടോ തസ്കരന്മാരായിട്ടോ അവൾക്കു തോന്നി. അസമയത്തു സഞ്ചരിക്കുന്നവരെ ഭീകരമുഖവും കരാളദംഷ്ട്രവും കാണിച്ച് ജീവഹാനി വരുത്തുന്ന ഭൂതപിശാചുക്കളുടെ പല കഥകളും അവൾ പലപ്പോഴായി ഗ്രഹിച്ചിട്ടുള്ളതുമെല്ലാമൊത്തുചേർന്ന് അവളുടെ സങ്കല്പശക്തിയിൽ കടന്നുകൂടി. പൊഴിഞ്ഞുവീഴുന്ന വെള്ളിലകളുടെ ശബ്ദം, നിദ്രാഭംഗം നിമിത്തം നീഡനിർമ്മുക്തരായ ചില ഖഗങ്ങളുടെ ചിറകടി, കരിയിലയുടെ ഇടയിൽക്കൂടി ഇഴജന്തുക്കളുടെ യാത്ര, എന്തിന് അവളുടെ കാലടിയുടെ ശബ്ദം എന്നീ ഓരോന്നും അവളെ പ്രതിക്ഷണം ശക്തിഹീനയാക്കുന്നു. എങ്കിലും ധീരയായ ആ യുവതി മുന്നോട്ടുതന്നെ ഗതിയെ ത്വരിപ്പിക്കുന്നു. കുലദേവതയായ ശക്തിസ്വരൂപിണിയുടെ നാമം സഹസ്രാവർത്തി കഴിക്കുന്നു. ഇടയ്ക്കിടെ സ്തോത്രങ്ങളും ഉരുക്കഴിക്കുന്നു. രണ്ടു് ഉയന്ന പ്ര

ദേശത്തിന്റെമദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാകയാലാണ് ഈ വഴിയിൽ അതിനിബിഡമായ അന്ധകാരമുള്ളത്. ഒരുവശത്ത് അതിവിസ്തൃതമായ ഒരു മാവിൻതോപ്പും അതിനെ ചുററി മുൾച്ചെടികൊണ്ടു ഒരു വേലിയുമുണ്ട്. മറുവശം ഈ പൊങ്ങിയ വാടകൊണ്ടു സംരക്ഷിച്ചിരിക്കുന്ന ഒരു കുളവുമാണ്. ആ തീരത്ത് ഏതാനും പടപ്പുകളും മൂന്ന് അശ്വത്ഥവും നില്പുണ്ട്. അവയുടെ ശാഖോപശാഖകളെക്കൊണ്ടും വേട്ടുകളെക്കൊണ്ടും ആ വഴി അന്ധകാരമയമായിരിക്കുന്നു. മാതംഗിണി അത്യന്തം ഭീതിയോടെ നാലുപാടും കണ്ണോടിച്ചു. മാവിൻതോപ്പിന്റെ മദ്ധ്യത്തിൽനിന്ന് ഒരു വെളിച്ചം കാണുമാറുണ്ട്. അത്രതന്നെയല്ല, മന്ദസ്വരത്തിൽ അവിദിതമായ ഒരു സംഭാഷണവും അവൾ കേട്ടു. അവളുടെ അവ്യക്തഭീതി സാക്ഷാത്തായി. അവിടെ തസ്കരസംഘം ഉണ്ടായിരുന്നു. ഒരടിപോലും മുന്നോട്ടു വയ്യാൻ ശക്തിയോ ധൈര്യമോ കൂടാതെ മാതംഗിണി അവിടെ തറച്ചുകെട്ടിയപോലെ നിന്നു. ദുർവ്വാരദുരിതങ്ങളെ പുഷ്ടിപ്പെടുത്തുവാനെന്നവണ്ണം വഴിയരികെ കിടന്നിരുന്ന ഒരു നായ് ഉണർന്ന് അകലത്ത് ഒരാളെ കണ്ടെന്നോണം ഉറച്ചു കുരച്ചുതുടങ്ങി. ഉടനെ മററെ തോപ്പിലെ ശബ്ദം നിശ്ശേഷം ഒതുങ്ങി. നായിൽനിന്നും ഗ്രഹിച്ച സൂചന കൊള്ളക്കാരെ മൌനാവലംബികളാക്കിയെന്നും, തന്നെ അവർ കണ്ടെത്തുമെന്നും സൂക്ഷ്മമായി ഗ്രഹിക്കത്തക്ക മനസ്സാന്നിദ്ധ്യം മാതംഗിണിയെ വിട്ടുപിരിഞ്ഞില്ല. അപകടം അവളെ ഒന്നുകൂടി ധീരയാക്കി. അതിത്വരയോടും ലാഘവത്തോടും ഇരുട്ടടഞ്ഞ കുളത്തിന്റെ കരയിലേക്കവൾ കടന്നു. വഴിയിൽനിന്നു നോക്കുന്ന ഒരുവന് ഇവളെ കാണാൻ സാധിക്കാത്ത ഒരു സ്ഥാനത്തു നിലകൊണ്ടു. അശ്വത്ഥസ്ഥാനത്തേയ്ക്കു കള്ളന്മാർ വന്നു നോക്കുന്നതായാൽ അവളുടെ കഥ കഴിയും. സമീപത്തെങ്ങും കുററിക്കാടുകൾപോലുമില്ല. എന്നാൽ അതിലവൾക്കു ഒളിക്കാമായിരുന്നു. ഇങ്ങനെയെല്ലാമാണ് അവളുടെ സ്ഥിതിയെങ്കിലും നിരാശ അവളെ ബാധിക്കുന്നില്ല. നായിപ്പോഴും കുരക്കുന്നുണ്ട്. കുളത്തിന്റെ വക്കിൽനിന്ന് ഒരു വലിയ ചെളിക്കട്ട കുത്തിയെടുത്ത് അവൾ പുതച്ചിരിക്കുന്ന ആ പരുക്കൻ വിരിപ്പിൽ പൊതിഞ്ഞുകെട്ടി. വെള്ളത്തിൽ ഇട്ടാൽ അതു പൊങ്ങിക്കിടക്കാതിരിക്കും. അവളെ വഞ്ചിച്ചേക്കാവുന്ന ഒരു ഭാരത്തിൽനിന്നു ഒഴിവാൻ അവൾ സന്നദ്ധയായി. നേരിയ സാരി എങ്ങനെയെങ്കിലും ഒതുക്കാം. നേരിടാനിടയുള്ള ആപത്തിൽനിന്നൊഴിവാൻ ഉറച്ചു. കാൽപെരുമാററം വ്യക്തമായി അവൾ കേട്ടു. കുളത്തിന്റെ ഒരററത്ത് സംസാരവും കേൾക്കുന്നുണ്ട്. വെള്ളമനങ്ങാതെ ചെളിക്കട്ട വെള്ളത്തിൽ താഴ്ത്തി. അശ്വത്ഥശാഖകൊണ്ടു നിബിഡാന്ധകാരമയമായ കുളത്തിന്റെ ഒരു വശത്ത് വെള്ളത്തിലേയ്ക്കുവളിറങ്ങി. താടി മുട്ടത്തക്കവണ്ണം വെള്ളത്തിൽ താഴ്ന്നുകിടന്നു. അപ്പോൾ അവളുടെ ഉത്തമാംഗം മാത്രം വെളിയിൽ കാണാം. അപ്പോഴും ഒരു സംശയമുണ്ട്. അവളുടെ സുകുമാരധവളമായ മു

ഖം അവളെ വഞ്ചിച്ചെങ്കിലോ? കേശബന്ധത്തെ അഴിച്ചു നാനാവശത്തോട്ടും ഇട്ടു. കരയിൽനിന്നു അതിയായി സൂക്ഷിച്ചാൽപോലും കറുത്തജലത്തിൽനിന്നു് കബരീഭാരത്തെ തിരിച്ചറിവാൻ ഒരുവനു സാധിക്കയില്ല.

അപ്പോൾ കാൽപെരുമാററശബ്ദവും, മന്ദസംഭാഷണവും അവൾ അടുത്തു കേട്ടുതുടങ്ങി. ആഗതർ കുളത്തിൻെറ കരയിൽ അല്പം കീഴോട്ടിറങ്ങി. പക്ഷെ മാതംഗിണി തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. അവൾ വ്യക്തമായി കേൾക്കുന്നവിധത്തിൽ അവരിൽ ഒരാൾ:— "അത്ഭുതം തന്നെ. വേലിക്കിടയിൽക്കൂടി പുതപ്പുകൊണ്ടു മൂടി ഒരാൾ വഴിയിൽ നില്ക്കുന്നതു ഞാൻ കണ്ടു."

മറേറവൻ:— "വല്ല മരവും കണ്ടു നിങ്ങൾക്കു് ആളാണെന്നു തോന്നിയതാകാം. ആളാണെങ്കിൽ ഇത്രവേഗം മറയുമോ? അത്രതന്നെയല്ല, ഇക്കാലത്തു ആരെങ്കിലും പുതപ്പുകൊണ്ടു മൂടി നടക്കുമോ?"

"ശരിയാണതു്. വല്ല ചെകുത്താനെ ആയിരിക്കും ഞാൻ കണ്ടതു്."

അവൾ അവരെ ഒന്നു നോക്കി. പക്ഷെ അവർ ഇതൊന്നും അറിഞ്ഞതേ ഇല്ല. ആഗതർ വന്നവഴിയേതന്നെ മടങ്ങി.

ഇവരുടെ കാൽപെരുമാററം കേൾക്കാതായിട്ടും കുറച്ചുനേരംകൂടി മാതംഗിണി വെള്ളത്തിൽ താഴ്ന്നുതന്നെ കിടന്നു. അവർ മാന്തോപ്പിൽ എത്തുവാൻവേണ്ട സമയം കഴിഞ്ഞപ്പോൾ അവൾ വെള്ളത്തിൽനിന്നു കരയ്ക്കു കയറി. സാരിയും വസ്ത്രവും മന്ദമായൊന്നു പിഴിഞ്ഞു. പുതപ്പു വെള്ളത്തിൽ കളഞ്ഞു. മുകളിലുള്ള ഒററടിപ്പാത രക്ഷാകരമല്ലെന്നുറച്ചു കുളത്തിനരുകിൽക്കൂടി ഇടയ്ക്കിടെ പിൻതിരിഞ്ഞു മുന്നോട്ടു നടന്നു. അവിടെയുള്ള ഒററടിപ്പാത അവൾ നല്ലപോലെ അറിയും. മധുമതിയിലേക്കു പോകുന്നതു നിരോധിച്ചിട്ടുണ്ടെങ്കിലും നിദാനവും സ്നാനംചെയ്തുകൊള്ളുവാൻ അനുവദിച്ചിട്ടുള്ള കുളമാണിതു്. കുളക്കരയിൽനിന്നുള്ള ഈ ഊടുവഴിയിൽക്കൂടി നടന്നു് അവൾ ഉപേക്ഷിച്ച വഴിയുടെ ഒരു ഭാഗത്തു ചെന്നുചേന്നു. ഹൃദയാസ്വാസ്ഥ്യത്തിൽനിന്നു ഒഴിയാതേതന്നെ നേരായ വഴിയിൽ എത്തി. മാന്തോപ്പിൽനിന്നു കുറെ അകലെ ആയി അവൾ നിന്നു. അവളെ അധികമായി ഉപദ്രവിച്ച ജന്തുവിൻെറ ശല്യവും അകന്നു. അനന്തരയാത്രയെ മറെറാരു വിഷമം പ്രതിബന്ധിച്ചു. മാതംഗിണി രാധഗഞ്ജിൽ വന്നതിനു ശേഷം രണ്ടുതവണ മാത്രമേ സഹോദരിയെ സന്ദർശിച്ചിട്ടുള്ളു. അതുതന്നെ കാൽനടയായിട്ടല്ല. മൂടിയ പല്ലക്കിലായിരുന്നു. അവൾക്കു് അറിവുള്ളിടത്തോളം വഴി കടന്നുപോന്നു. അവളുടെ കാലടികൾ രണ്ടുവഴികളും സന്ധിക്കുന്ന ദിക്കിൽ എത്തി. പുതിയ ദുർഘടത്തിൽ

പെട്ടു വലഞ്ഞപ്പോഠം അവഠം തല ഉയർത്തി നാലുപാടും നോക്കി. മാധവ ൻെറ വീടിനു മുമ്പിൽ നില്ക്കുന്ന ദേവദാരുവൃക്ഷത്തിൻെറ ഉയർന്ന ശാഖക ഠം അവഠം കണ്ടെത്തി. ആ വഴിക്കു തിരിഞ്ഞു നടകൊണ്ടു. ക്ഷണനേ രംകൊണ്ട് ആ വീടിൻെറ മുന്നിലെത്തി. പ്രധാനപടിവാതൽ കണ്ടു് അ ങ്ങോട്ടു തിരിഞ്ഞു.

ഇനിയുള്ള വിഷമം ബാക്കി കിടക്കുന്നു. അവിടെ ഉള്ളവരെല്ലാം നല്ല ഉറക്കമായിരിക്കുന്നു. പല പ്രാവശ്യവും മുട്ടിവിളിച്ചതിൽപ്പിന്നെയാണു കരുണയേ ഉണർത്തുവാൻ കഴിഞ്ഞതു്.

കരുണ ദേഷ്യത്തോടെ:— "ഈ പാതിരായ്ക്കു കതകിനുമുട്ടുന്നതാരാണു്?"

മാതംഗിണി ആവേശത്തോടെ:— "വേഗം, വേഗം, കതകു തുറക്കൂ, ക രുണ."

നിദ്രാഭംഗംചെയ്ത ആളോടുള്ള കോപത്തോടെ കരുണ പിന്നെയും:— നി ങ്ങളാരെന്നറിയാതെ ഈ രാത്രി കതകു തുറക്കുന്നതെങ്ങനെ?"

മാതംഗിണി അപേക്ഷാസ്വരത്തിലെങ്കിലും ആളെ പറയാതെ:— "വരൂ, വരൂ, വേഗമാകട്ടെ. നിങ്ങഠംക്കു എന്നെ അറിയാം."

"പക്ഷെ ആരെന്നു പറകയില്ലേ."

"ഞാൻ ഒരു പെണ്ണു്. കള്ളനല്ല. ഇവിടെ വന്നു എന്നെ കാണുക."

ഉറക്കപ്പിച്ചു് അല്പം മാറിയ കരുണയ്ക്കു സ്വരമാധുര്യം ഒരു സ്ത്രീയു ടേതുതന്നെ ആയിരിക്കണമെന്നു് തോന്നി. പിന്നെ ശാഠ്യം പിടിക്കാതെ വന്നു കതകുതുറന്നു.

മാതംഗിണിയെക്കണ്ടു് അത്ഭുതപാരവശ്യങ്ങളോടെ കരു:— "അല്ല, ഇ തു ചേട്ടത്തി അമ്മയല്ലെ"

"ഞാൻ എൻെറ അനുജത്തിയെ കാണാൻ വന്നതാണു്. എ ന്നെ അങ്ങോട്ടു കൊണ്ടുപോവുക."

കരുണയുടെ അത്ഭുതം ഒട്ടു ശാന്തമായപ്പോഠം പല ചോദ്യങ്ങഠം കൊണ്ടു മാതംഗിണിയെ വിഷമിപ്പിച്ചു. "ഈ പാതിരയ്ക്കു്, എന്താണി ങ്ങോട്ടുപോന്നതു്. നിങ്ങളുടെ വസ്ത്രം നനഞ്ഞിരിക്കുന്നല്ലോ. എന്തു പററി."

അക്ഷമയായ മാതംഗിണി ചോദ്യത്തിനൊന്നിനും മറുപടി പറ ഞ്ഞില്ല. എൻെറ അനുജത്തിയുടെ അടുക്കലേയ്ക്കു കൊണ്ടുപോകു എന്നു ആജ്ഞാസ്വരത്തിൽ പറഞ്ഞു.

കരുണ:— "അവ്വരുറക്കമാണ്. നിങ്ങൾക്കു വിളിച്ചുണർത്താം. വസ്ത്രം മാറ്റ." "ഒരു സാരിയുണ്ടെങ്കിൽ താ. അല്ലെങ്കിൽ നടക്കു."

കരുണ ഒരു സാരി കൊടുത്തു. മാതംഗിണി അതുപയോഗിച്ചു. കരുണയോടുകൂടി മുകളിലെ മുറിയിലേക്കു വേഗം നടന്നു.

# ഭാഷയിൽ ഹൗണിയുടെ കൈയേററം

( ഒരു ഭാഷാഭിമാനി. )

"ദ്രാവിഡ ഹിമഗിരിഗളിതാ
ഹൗണീവാണീകളിന്ദജാമിളിതാ
കേരള ഭാഷാഗംഗാ
വിഹരതുമേ ഹൃത്സരസ്വദാ സംഗാ."

ഇംഗ്ലീഷിൻെറ മേൽക്കോയ്മനിമിത്തം നമ്മുടെ മാതൃഭാഷയിൽ ആയിരത്തോളം ആംഗലപദങ്ങൾ കടന്നുകൂടിപ്പോയെന്നു പറഞ്ഞാൽ യാഥാസ്ഥിതികന്മാർ നെററി ചുളിച്ചേക്കാം. വിദേശഭാഷയായ ഇംഗ്ലീഷിൻെറ വാലിൽ തൂങ്ങുന്നതു് ആശാസ്യമല്ലെന്നു് ഒരു മതമുണ്ടു്. മേശയും കസേരയും തർജ്ജമയും മററും ഭാഷയിൽ സ്ഥാനംപിടിച്ചതുപോലെ ഇംഗ്ലീഷും ഭാഷയിൽക്കടന്നുപോയി. ആരെത്ര കയർത്താലും അവയെ നിഷ്കാസനം ചെയ്വാൻ സാദ്ധ്യമല്ല, എന്നുമാത്രമല്ല അവയുടെ ആക്രമണം ശക്തിമത്തായി ബാധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സംഭാഷണത്തിലും സാഹിത്യത്തിലും ഇംഗ്ലീഷു കേറിക്കഴിഞ്ഞു. ഷാപ്പിലുള്ളൊരു പറങ്കിവയിൻ, സ്ക്രൂവെച്ചു മിന്നലുറപ്പിക്കുക എന്നീ മഹാകവിപ്രയോഗങ്ങൾ ഇതിനു തെളിവാണു്. ശ്രീമാൻ അയ്യപ്പൻ അവർകളുടെ ഇംഗ്ലീഷ് പദബഹുലമായ കവിതകൾ പല മാതൃഭാഷാഭിമാനികളേയും കുണ്ഠിതപ്പെടുത്തീട്ടുണ്ടു്. എന്തിനു കുണ്ഠിതപ്പെടുന്നു!? ഒന്നാമതു് പ്രയത്നം നിഷ്ഫലം; രണ്ടാമതു് ഉദ്ദേശം ദുരഭിമാനദുഷ്ടം.

ഇംഗ്ലീഷ്ഭാഷയെ നോക്കുക! പ്രതിനിമിഷം എത്ര പരകീയപദങ്ങളെ അതു് സ്വാഗതംചെയ്തു് തൻെറ വിശാലവക്ഷസ്സിൽ ചേർത്തു ലാളിക്കുന്നു? അസൂയാവഹമായ അതിൻെറ അഭിവൃദ്ധി പരകീയപദാശ്ലേഷനയ

ത്തിലാണ് പ്രധാനമായി നിലകൊള്ളുന്നത്. ആരെത്ര കയത്താലും നിയന്ത്രിച്ചാലും കേറിഃപ്പോയ പദങ്ങളെ അടിച്ചിറക്കാൻ ഒക്കുകയില്ല; വാതലടച്ച് "നോ അഡ്മിഷൻ" പറഞ്ഞുതടഞ്ഞാലും പറവുന്നതല്ല. പൊതുജനങ്ങളുടെ വാഗ്വ്യവഹാരത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിയുമ്പോൾ സാഹിത്യത്തിൽ അവയെ കടത്താതിരിക്കാൻ ആൎക്കുണ്ട് കരുത്ത്? മക്കടമുഷ്ടി വെടിഞ്ഞു് മഹാമനസ്കത കൈക്കൊണ്ട് അവയെ സ്വീകരിച്ച് നിഘണ്ടുവിൽ സ്ഥാനം കൊടുക്കാൻ തയാറാവുക. തഴച്ചുവളരാൻ ബദ്ധപ്പെടുന്ന ജീവൽഭാഷയെ കുറുവേലികെട്ടി ഒതുക്കാൻ ഭാവിച്ചാൽ അതു വൃഥാ ശ്രമമത്രേ.

റോഡിൽ, കോട്ടിൽ, ഹൗസിൽ, കിച്ചനിൽ, ലട്രീനിൽ, സിനിമാഹാളിൽ, ഡ്രാമാതിയേററർ എന്നുവേണ്ട എവിടെയും ഓവർലോഡു കേറിപ്പോയി ഇംഗ്ലീഷ്. ജമ്പർ, ഫ്രാക്ക്, റിബ്ബൺ, ഹെയർപിൻ, സ്ലൈഡ്, ബ്ളൗസ്, സെൻറ്, പൗഡർ, സേഫ്ററിപിൻ, സോപ്പ്, ഗൗൺ എന്നുവേണ്ട, അണ്ടർ വെയർ കൂടി സ്ത്രീകളുടെ ശരീരത്തിൽ വലിഞ്ഞുകേറി; അതിനെയൊക്കെ വലിച്ചുപറിച്ചെറിഞ്ഞു ശരിയാക്കാൻ നമ്മുടെ ലേഡീസ് സമ്മതിക്കുമോ? കപ്പ്, സാസർ, ടീ, കാഫി, ഫിൽടർ, ഡിഗാക്ക്ഷൻ, കെററിൽ, ബാർലി, ഓട്മീൽ, കുക്കർ, സ്റ്റൗ, ടംബ്ളർ, ഗ്ലാസ് ഇവയൊക്കെ അടുക്കളയിൽ സ്ഥലംപിടിച്ചതിനെ ആരു കളയും? ബുക്ക്, പെൻസിൽ, സ്ലേററ്, റബ്ബർ, ഫൗണ്ടൻ, നിബ്, ക്ലിപ്പ്, പേപ്പർ ഇവയെ ഭാവിപൗരന്മാർ ത്യജിക്കുമോ? കാർ, സൈക്കിൾ, ട്രാം, ട്രെയിൻ, ബോട്ട്, ഇഞ്ജിൻ ഇവയെ ആരു് "ബായ്ക്കാട്" ചെയ്യും? ക്രാപ്പും, സേഫ്ററിറേസറും, ബ്ളെയിഡും, മണിബാഗും, സൂട്ട്കേസും, റിസ്ററുവാച്ചും നമ്മെ പ്ലേഗും, കാളറയും, മലേരിയയും, ടൈഫോയിഡും, നിമോണിയയും, ട്യൂബർകുലോസിസും പോലെ ആക്രമിച്ചധീനപ്പെടുത്തിക്കഴിഞ്ഞു. എത്ര ഇഞ്ജക്ഷനും ആപ്പറേഷനും എനിമായും വാക്സിനേഷനും നടത്തി ക്ലീനാക്കാൻ "ട്രൈ" ചെയ്താലും "ഇംപാസിബിൾ" ആയിട്ടാണിരിക്കുന്നത്. അതുകൊണ്ട് വെൽക്കമും ഗുഡ്മാർണിങ്ങും പറഞ്ഞു് ഷേക്ക്ഹാൻഡ് കൊടുത്ത് ടൈം കളയാതെ ഇനിയത്തെ മലയാളഡിക്ഷണറിയിൽ ബെഞ്ച്, സ്റ്റൂൾ, ഡെസ്ക്, ഈസിച്ചെയർ, ഗ്യാലറി, ബാക്സ് എന്നിവയിൽ "ഫ്രണ്ട സീററ്" തന്നെ സമ്മാനിക്കാൻ റെഡിയാവുക.

ഈ "മിസ്റ്ററി"ന്റെ ലെക്ചർ, ആഡിയൻസിനെക്കൊണ്ട് ഹിയറോ, ഷെയിമോ, ഗോബാക്കോ വിളിപ്പിച്ചാലും ശരി; ഹാലിളക്കവും ഗുണ്ടായിസവും ഹൂട്ടും ഒന്നും ഈ "എസ്സേ" എഴുതിയയാൾ വകവെക്കുന്നില്ല. ഈ ലേഖകൻ "സർവ്വേ" നടത്തിയപ്പോൾ "മീററ്" ചെയ്ത പദങ്ങളെ "സ്റ്റാ

ക്ക" ചെയ്യിട്ടുണ്ട്, അവയുടെ ഒരു "ടേബിൾ" "ഗുരുനാഥൻ" മാസികയുടെ അടുത്ത ഇഷ്യൂവിൽ "കാപ്പി" ചെയ്യാം, "ബോർ" ആകുന്നില്ലെങ്കിൽ.

അവയിൽപ്പലതിനും പററിയ മലയാളപദങ്ങൾ ഭാഷയിൽ നടപ്പില്ലാതില്ല; പലതിനും സാങ്കേതികനിഘണ്ടുക്കമ്മിററിയിൽനിന്നും പദങ്ങൾ അടിച്ചു പുറത്തിറക്കാൻ സാധിക്കാത്തതുമല്ല. എങ്കിലും ഇംഗ്ലീഷിൻെറ ചുരുക്കം ചുരുക്കം കൊണ്ടു് ഇംഗ്ലീഷുപദങ്ങൾതന്നെ നിലവിൽ നിൽക്കാനാണു് ഇടകാണുന്നതു്.

# ഓമാർ

( ടി. സുധാകരമേനോൻ എം. എസ്. സി. )

## രണ്ടാമദ്ധ്യായം.

അടുത്തരംഗം നടക്കുന്നതു് കാറൽസ്ടാട്ടിലെ ഒരു കാരാഗൃഹത്തിൽ വെച്ചാകുന്നു. നേരം വൈകുന്നേരമായിരിക്കുന്നു. ആ അറയ്ക്കുള്ളിൽ ഒരു മേശപ്പുറത്തു് കത്തിക്കൊണ്ടിരുന്ന മെഴുകുതിരിയുടെ വെളിച്ചം തിയോഡർലാറേറാസിൻെറ വിളറിയതെങ്കിലും ധൈര്യം വിളയാടിക്കൊണ്ടിരുന്ന മുഖത്തെ ശോഭായമാനമാക്കി.

അയാൾ ഇരുപതു വയസ്സുമാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു. ഇടത്തരം ഉയരക്കാരനായിരുന്ന അയാളുടെ ശരീരം മെലിഞ്ഞതായിരുന്നു. സുകുമാരകളേബരനും പ്രബലനുമായിരുന്ന ഈ യുവാവു് ഇപ്പോൾ ഒരു തടവുകാരനായിത്തീർന്നിരിക്കുന്നു.

ലാറേറാസിൻെറ മുഖത്തു് നല്ല പൌരുഷം വിളയാടിക്കൊണ്ടിരുന്നു. അയാളുടെ ഉയൎന്ന നെററിത്തടവും ഭംഗിയേറിയ പുരികങ്ങളും മുഖത്തു് ഒരു ഗൌരവത്തേയും, ബുദ്ധിശക്തിയേയും ദ്യോതിപ്പിച്ചിരുന്നു. കറുത്ത കണ്ണുകൾ അയാളുടെ മനസ്സിലെ ഓരോരോ വികാരങ്ങളെ പ്രതിഫലിപ്പിച്ചിരുന്നു. ചുണ്ടുകൾ സ്ഥിരതയെ സൂചിപ്പിച്ചിരുന്നു. വെളുത്തു് ദന്തസദൃശങ്ങളായ പല്ലുകൾ കറുത്ത പൊടിമീശയുമായുള്ള താരതമ്യത്താൽ വളരെ ശോഭിച്ചിരുന്നു. കേശം ചുരുണ്ടതായിരുന്നു. നിറം അല്പം ഇരുണ്ടതായിരുന്നുവെങ്കിലും അതു് അദ്ദേഹത്തിൻെറ കോമളത്വത്തിനു് ഒരു പ്രതിബന്ധമാ

യിരുന്നില്ല. ചുവന്ന ചുണ്ടുകളുടേയും വെളുത്ത പല്ലുകളുടേയും ഭംഗിയ്ക്കു് ആ നിറം വളരെ അനുയോജ്യമായിരുന്നു. തിയോഡറിന്നു് ഒരു പട്ടാളക്കാരന്നു വേണ്ട സകല ലക്ഷണങ്ങളും തികഞ്ഞിരുന്നു. ഏററവും ഉയർന്ന ഒരു പദവിയിലെത്തിച്ചേരുവാൻ വേണ്ട ബുദ്ധിശക്തിയും ആത്മബലവും ധൈര്യവും ക്ഷമയും അയാൾക്കുണ്ടായിരുന്നു.

എപ്പോഴും സ്വാതന്ത്ര്യത്തെ ഇച്ഛിച്ചുകൊണ്ടിരുന്ന തിയോഡർ ഇതാ അസ്വാതന്ത്ര്യനായി കാരഗൃഹവാസമനുഭവിക്കുന്നു. വൈകുന്നേരമായതിനാൽ, മേശപ്പുറത്തു് ഒരു മെഴുകുതിരി കത്തിച്ചുവെച്ചിരുന്നു. അതിന്നു സമീപം ഈ തടവുകാരന്നുവേണ്ട ഭക്ഷണം തയ്യാറാക്കി വെച്ചിട്ടുണ്ടു്. ആ മുറിയിൽ യാതൊരു സൌകര്യവുമുണ്ടായിരുന്നില്ല. ഒരു വലിയ വാതിലും ഇരുമ്പഴികളിട്ട ഒരു ചെറിയ ജനലുമുണ്ടു്. അവിടെ ധൈര്യം അശേഷം പോലും കൈവിടാതെ അയാൾ ഇരിക്കുകയായിരുന്നു.

പെട്ടെന്നു വാതിൽ തുറന്നു്, കേണൽ ക്രോസ്ക്കി അകത്തു പ്രവേശിച്ചു. ഈ മാന്യൻ ഒരു ഉത്തമനായ ക്രിസ്ത്യൻ സേനാനിയായിരുന്നു. നാല്പതു വയസ്സു പ്രായമായ അദ്ദേഹം നല്ല ഉയരമുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു് ധൈര്യം വിളയാടിയിരുന്നു.

അരമണിക്കൂറിന്നുള്ളിൽ തിരിച്ചു പൊയ്ക്കൊള്ളാമെന്നു് കാവൽക്കാരനോടു് പറഞ്ഞുംകൊണ്ടു് കേണൽ തിയോഡറിന്റെ അടുത്തു ചെന്നു.

"ഇവിടെ വരുവാൻ തോന്നിയതിൽ വളരെ സന്തോഷമുണ്ടു്" എന്നു പറഞ്ഞുകൊണ്ടു് തിയോഡർ തന്റെ കിടക്കയിൽനിന്നു് എഴുന്നേററു. "എന്റെ ശിക്ഷയ്ക്കു് വിധി പ്രസ്താവിച്ച വിവരം അറിയിക്കുവാനായിരിക്കും. വന്നതു് അല്ലേ! എന്റെ ഭാവിയെന്തെന്നു് എനിക്കു നേരത്തെതന്നെ അറിയാമായിരുന്നു. ഒരു യോദ്ധാവെന്നനിലയിലും ഒരു ക്രിസ്ത്യാനിയെന്ന നിലയിലും ആ ഭാവിയെ നേരിടുവാൻ ഞാൻ തയ്യാറാണു്."

"എന്റെ പാവപ്പെട്ട യുവസ്നേഹിതാ" എന്നു് സംബോധന ചെയ്തുകൊണ്ടു് തിയോഡറിന്റെ കൈകളെ കേണൽ കടന്നു പിടിച്ചു. "നിങ്ങളുടെ ഉദ്ദേശമെല്ലാം വളരെ സത്യംതന്നെയാണു്. ശിക്ഷ വിധിച്ചുകഴിഞ്ഞു. എന്നാൽ ഇനിയും ആശയ്ക്കു് വഴിയുണ്ടു്!" "ആശയോ!" എന്നു പറഞ്ഞുകൊണ്ടു് കുറെനേരം ലാറേറാസ് മിണ്ടാതെ നിന്നു. പിന്നീടു് അയാൾ പറഞ്ഞു:– ആ നിഷ്ഠുരനായ ബാനിന്റെ കാല്ക്കൽ ചെന്നു് വീണു ക്ഷമിക്കേണമെന്നപേക്ഷിയ്ക്കാത്ത കാലത്തോളം, എന്തു് ആശയാണുള്ളതു്?"

കേണൽക്രോസ്ക്കി കുറെനേരത്തേക്കു് നിശ്ശബ്ദനായിപ്പോയി. അനന്തരം അദ്ദേഹം പറഞ്ഞു:— "അതെ, തിയോഡർ, നിനക്കു് നിന്റെ

യുവജീവിതത്തെ രക്ഷിക്കുവാൻ അതൊരു വഴിമാത്രമേ അറിവിൽ പെട്ടതായിട്ടുള്ളു. പക്ഷെ ഈ ചെറുപ്രായത്തിൽ നീ ലോകത്തെ വെടിയുകയെന്നതു് കഷ്ടമാണു്."

ലാറേറാസ് ധൈര്യത്തോടും മനസ്സടക്കത്തോടുംകൂടി പറഞ്ഞു:— "ഒരു ധൈര്യശാലി അനുഭവിക്കുന്ന മനസ്സമാധാനത്തോടുകൂടി നിങ്ങൾ ജീവനെ കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ നിങ്ങൾ എൻെറ സ്ഥിതിയിലായിരുന്നുവെങ്കിൽ, എല്ലാ ചിന്തകളേയും നീക്കിനിർത്തി നിങ്ങൾ ജീവനെ വിലയ്ക്കുവാങ്ങുമോ?"

ആ ഉദ്യോഗസ്ഥൻ പിന്നെയും കുറേനേരത്തേയ്ക്കു് നിശ്ശബ്ദനായി നിന്നു. അദ്ദേഹത്തിന്നു് അസത്യം പറയുകയെന്നതു് അസാദ്ധ്യമായിരുന്നു. വാസ്തവം പറയുകയാണെങ്കിൽ, ബാനിനോടു് ക്ഷമായാചനംചെയ്തു കരുണതോന്നേണമെന്നപേക്ഷിയ്ക്കുവാൻ പറയുവാൻ അദ്ദേഹം മടിച്ചു. "എന്താണു് എൻെറ വിധി പ്രസ്താവിക്കുന്നതു്?" എന്നു് ലാറേറാസ് കൂസൽകൂടാതെ ചോദിച്ചു.

"നാളെ രാവിലെ സൂര്യോദയസമയത്തു്" എന്നു കണ്ണൽ മറുപടി പറഞ്ഞു. അദ്ദേഹം വീണ്ടും തുടൎന്നു:— "എൻെറ പ്രിയപ്പെട്ട തിയോഡോർ! ഞാൻ പറയുന്നതു് കേൾക്കൂ. താരതമ്യേന ഒരു പ്രായമേറിയ പട്ടാളക്കാരനായ ഞാൻ എന്തു ചെയ്യുമെന്നറിയാമോ? ശകാരം അസഹനീയംതന്നെയായിരുന്നു. പക്ഷെ ഒടുവിൽ കിട്ടിയ ശിക്ഷയും അതിഭയങ്കരമായിരിക്കുന്നു. നിൻെറ ധൈര്യത്തെക്കുറിച്ചു് ആൎക്കും സംശയമില്ല. ജീവനെ രക്ഷിയ്ക്കുവാൻ ഉദ്യമിക്കാതെ മരിക്കുവാൻതന്നെ തീൎച്ചപ്പെടുത്തിയതുകൊണ്ടു് നിനക്കു് നിൻെറ ധൈര്യത്തെ ജനങ്ങളെ കൂടുതലായി മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നു് ഞാൻ പറയുന്നതു് വിശ്വസിച്ചോളൂ."

തിയോഡോർലാറേറാസ് നിശ്ശബ്ദനായി നിന്നു. എങ്കിലും തൻെറ മേലാവിൻെറ വാദങ്ങൾ അയാളുടെ മനസ്ഥിതിയെ അല്പമെങ്കിലും വ്യത്യാസപ്പെടുത്തുകയുണ്ടായില്ലെന്നു് അയാളുടെ മുഖത്തു് വ്യക്തമായി കാണാമായിരുന്നു.

കണ്ണൽ തുടൎന്നു:— തൻെറ ദേഷ്യം അടക്കിനിൎത്തത്തക്കതല്ലാതായിത്തീൎന്നുവെന്നും തൻെറ ശകാരം കുറെ കടന്നുപോയിയെന്നും ഇപ്പോൾ ബാനിന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി അദ്ദേഹത്തിൻെറ ഒരു സേവകൻ എന്നോടു പറയുകയുണ്ടായി. നിന്നെ പിടിച്ചു് ബന്ധനസ്ഥനാക്കിയപ്പോൾ, പട്ടാളക്കാർ മുഴുവൻ ക്ഷോഭിയ്ക്കുവാൻ തയ്യാറായിനിന്നിരുന്ന കാൎയ്യം ബാനിൻെറ മനസ്സിൽ പല ആപൽശങ്കകളേയും ജനിപ്പിച്ചിട്ടുണ്ടായിരിക്കണം.

നിന്നെ മോചിപ്പിക്കുവാൻ ഞാൻ പട്ടാളക്കാൎക്കു യാതൊരു സൂചനയും കൊടുക്കാതിരുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. പക്ഷെ ആ സമയത്തു് എന്റെ മനസ്സിൽ ഉദിച്ച വികാരങ്ങൾ പട്ടാളനിയമങ്ങൾക്കു് അടിമപ്പെട്ടുപോയി. ഞാനാണു് പട്ടാളക്കാരെ അടക്കിനിൎത്തിയതു്."

ഈ ഒടുവിലത്തെ വാചകം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ തൊണ്ടയിടറി. തിയോഡോറിനെ രക്ഷിയ്ക്കുവാൻ പട്ടാളക്കാരെ ആ സമയത്തു് അനുവദിച്ചില്ലല്ലോ, എന്നോൎത്തു് അദ്ദേഹം വളരെ പശ്ചാത്തപിച്ചു.

ലാറേറാസ് ക്ലേശംകൂടാതെ പറഞ്ഞു:— "ഇല്ല, അതു് ഭോഷത്വമായിരുന്നു. അവിടെ ഒരു കലഹമുണ്ടാകുമായിരുന്നു. ആസ്ത്രിയൻ ഘാതകന്മാർ ധൈൎയ്യശാലികളായ ക്രോഷ്യൻ സൈന്യങ്ങളെ നശിപ്പിക്കുമായിരുന്നു. എനിക്കുവേണ്ടി അവിടെ രക്തം ചൊരിയിപ്പിക്കുവാൻ ഞാൻ ഒരിക്കലും അനുവദിക്കുന്നതല്ല. കണ്ണൽ, ഇല്ല, നിങ്ങൾ ശരിയായിത്തന്നെ പ്രവൃത്തിച്ചു. നിങ്ങൾ ഒരിയ്ക്കലും പശ്ചാത്തപിക്കേണ്ട ആവശ്യമില്ല. ആസ്ത്രിയാക്കാരുടെ മൃഗീയമായ നിഷ്ഠുരതയ്ക്കു് ഞാൻ മാത്രമേ പാത്രമായുള്ളുവല്ലൊ എന്ന സന്തോഷത്തോടുകൂടി ഞാൻ സുഖമായി മരിച്ചുകൊള്ളാം."

കണ്ണൽ മറുപടി പറഞ്ഞു:— "എന്റെ യുവസ്നേഹിതാ, ഇതെല്ലാം നല്ല ആശയങ്ങൾതന്നെ. ഇത്തരം ആശയങ്ങളെ പ്രകടിപ്പിയ്ക്കാവുന്ന ഒരുത്തൻ, ലോകത്തിൽ ചെയ്യുവാൻ ഉള്ള മഹൽകൃത്യങ്ങളെ നിൎവ്വഹിക്കുന്നതിനുമുമ്പു്, മരിയ്ക്കുകയെന്നതു് ആലോചനയ്ക്കുപോലും ഭയങ്കരമായിരിക്കുന്നു".

ലാറേറാസ്:— "അതെ. ഞാൻ പല സ്വപ്നങ്ങളും കണ്ടിട്ടുണ്ടു്. ലോകത്തിൽ ഒരു വലിയ കീൎത്തിയും ഒരു വലിയ ബഹുമാനവും സമ്പാദിക്കേണമെന്നു് ഒരു കാലത്തു് ഞാൻ മോഹിച്ചിരുന്നു. എന്നാൽ അവയെല്ലാം അലസങ്ങളായ സ്വപ്നങ്ങളായി ഇപ്പോൾ പരിണമിച്ചിരിക്കുന്നു. എന്റെ കൈവശം സദാ ഉണ്ടായിരുന്നതും എന്റെ വ്യാമോഹങ്ങളെ സാധിതപ്രായമാക്കുന്നതിനുള്ള ഏക ഉപകരണവുമായ എന്റെ വാൾ എന്നിൽനിന്നും നഷ്ടമായിരിക്കുന്നു."

കണ്ണൽ:— (ഈ ചെറുപ്പക്കാരന്റെ മനസ്ഥിതിക്കു് താല്ക്കാലികമായി അല്പം മാററം വന്നുവെന്നു് ധരിച്ചുകൊണ്ടു്) "എന്തുകൊണ്ടു്? തിയോഡോർ, എന്തുകൊണ്ടു് നീ ആ വിലയേറിയ ജീവിതത്തെ തിരിച്ചെടുക്കുന്നില്ല? ബാൻ നിന്നെ നിശ്ചയമായും മാപ്പുതന്നു് വിടുമെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. താൻ ചെയ്തുപോയ കടുംകൈയ്യിന്നു് സമാധാനമുണ്ടായിയെന്നു് അദ്ദേഹത്തിന്നും ഒരു ചാരിതാൎത്ഥ്യമുണ്ടാകും.

അതെ. ആ സേവകൻ എന്നോട്ട് പറഞ്ഞതു് വെറുതെയായിരിക്കു മെന്നു് തോന്നുന്നില്ല. അതു് വേണമെന്നുവെച്ചുതന്നെ പറഞ്ഞതാ യിരിക്കണം."

തിയോഡോർ:— "ഞാൻ ക്ഷമായാചനം ചെയ്താൽ, ബാൻ എൻെറ വാഠം തിരിച്ചുതരുമോ? നിങ്ങളുടെ പട്ടാളത്തിൽ എനിക്കുണ്ടായിരു ന്ന സ്ഥിതിയും അവസ്ഥയും എനിക്കു വീണ്ടും കിട്ടുമോ? കോപം നിമിത്തം വീണ്ടും എന്നെ ഉപദ്രവിക്കാതെ സൈ്വരമായി ജോലി തുട രുവാൻ അദ്ദേഹം എന്നെ അനുവദിക്കുമോ?"

ക്രോസ്കി:— "ലോകം ഇതു മാത്രമല്ലാ തിയോഡോർ. നിന്നെപ്പോലെ യുള്ള ഒരു ധൈര്യശാലിക്ക് ആസ്ട്രിയയേയും ക്രോഷ്യയേയും വിട്ട് മ റെറവിടെയെങ്കിലും പോകാമല്ലൊ."

ലാറേറാസ്:— "നിങ്ങഠം പറയുന്നതു് എനിക്കു മനസ്സിലാകുന്നുണ്ടു്. ബാ ൻ എൻെറ ജീവനെ രക്ഷിക്കുമെന്നു് നിങ്ങഠം വിശ്വസിക്കുന്നു. പ ക്ഷെ എനിക്ക് എൻെറ പൂർവ്വസ്ഥാനം കിട്ടുകയെന്നതോ—ഇല്ല, അ സാദ്ധ്യം!!"

ക്രോസ്കി:— "സത്യം മറച്ചുവെച്ചിട്ടാവശ്യമില്ലല്ലൊ. അദ്ദേഹം നി ൻെറ ജീവനെ രക്ഷിക്കും. പക്ഷെ ഈ രാജ്യത്തിലെ ഗവർണ്ണരെന്നാ നിലയ്ക്കു് നീ ചെയ്തകുററത്തിനു് നിനക്കു് എന്തെങ്കിലും ഒരു ശിക്ഷ തരാതിരിക്കുവാൻ ആദ്ദേഹത്തിനു തരമില്ലെന്നു് ഞാൻ പറയാതെത ന്നെ നിനക്കറിയാമല്ലൊ."

തിയോഡോർ:— "എനിക്ക് അതറിയാം. അതിനാൽ, വാസ്തവത്തിൽ ഞാൻ ചെയ്തതു് ഒരു കുററമല്ലാത്തതിനാൽ, ഞാൻ ക്ഷമായാചനം ചെയ്യേണമെന്നു് വിചാരിക്കുന്നില്ല. ജീവൻ എനിക്ക് വളരെ പ്രിയ പ്പെട്ടതുതന്നെ. ഈ അഴികളെ തച്ചുടച്ചു പുറത്തേയ്ക്കു കടക്കുവാൻ എനിക്കു കഴിയുമെങ്കിൽ, ഞാൻ അതു നിശ്ചയമായും ചെയ്യും. അ ല്ലെങ്കിൽ ഈ വാതിൽ പൊളിക്കും. ഞാൻ ഒരിക്കലും ബാനിനോട്ടു ക്ഷമായാചനം ചെയ്യുകയില്ല."

കർണ്ണൽക്രോസ്കി കുറെ നേരത്തേയ്ക്കു വിസ്മയം പൂണ്ടുനിന്നു. പി ന്നെ അദ്ദേഹം ചോദിച്ചു:— "നീ പുറത്തേയ്ക്കു രക്ഷപ്രാപിക്കുമോ? ക ഷ്ടം! അതസാദ്ധ്യമല്ലെ?"

അപ്പോഴേയ്ക്കും ആ മുറിയുടെ വാതിൽ തുറന്നു് കാവൽക്കാരൻ അകത്തു പ്രവേശിച്ചു. "മാൻഫ്രെഡ്", ഞങ്ങഠംക്കു് രണ്ടു നിമിഷനേരം

കൂടി സംസാരിക്കുവാനുണ്ട്" എന്നു കണ്ണൽ പറഞ്ഞതുകേട്ട് വാതിൽ വീണ്ടും അടച്ച് അയാൾ പുറത്തേയ്ക്കുപോയി. ക്രോസ്കി ലാറേറാസിനോടു പറഞ്ഞു:— "ഞാൻ ഇന്നു വൈകുന്നേരം ബാനിനെ കാണാത്തപക്ഷം വളരെ വൈകിപ്പോകും. നിനക്കുവേണ്ടി ഞാൻ യാതൊന്നും പറയേണ്ടെ?"

യാതൊന്നും പറയേണ്ടെന്ന് ആ ചെറുപ്പക്കാരൻ മറുപടി പറഞ്ഞു.

കണ്ണൽ വീണ്ടും ചോദിച്ചു:— "ഒരു വാക്കുപോലും നിനക്കുവേണ്ടി പറയേണ്ടേ? ഞാൻ യാതൊന്നും പറയേണ്ടെ?"

യാതൊന്നും പറയേണ്ടെന്ന് ലാറേറാസ് വീണ്ടും പറഞ്ഞു.

ക്രോസ്കി വീണ്ടും തുടന്നു:— "എൻെറ പ്രിയപ്പെട്ട യുവസ്നേഹിതാ, നിൻെറ ജീവനോ? നിൻെറ ജീവനെ രക്ഷിക്കേണ്ടെയെന്നാണ് ഞാൻ ചോദിക്കുന്നതു്. ആലോചിച്ചുനോക്കു. ഞാൻ ബാനിനോട്ട് ഒന്നും പറയേണ്ടെ?"

ഒന്നും പറയേണ്ടതില്ലെന്ന് തിയോഡോർ മൂന്നാമതും മറുപടി പറഞ്ഞു. കണ്ണൽ ബഹുമാനത്തോട്ടം വ്യസനത്തോട്ടംകൂടി കുറേനേരത്തേയ്ക്ക് അയാളുടെ മുഖത്തു നോക്കി. അപ്പോഴെയ്ക്കും ആ തടവുമുറിയുടെ വാതിൽ വീണ്ടും തുറക്കപ്പെട്ടു.

"എൻെറ പ്രിയപ്പെട്ട കുട്ടി, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" എന്നു പറഞ്ഞുംകൊണ്ട് വ്യസനാക്രാന്തനായി ക്രോസ്കി ആ മുറിയിൽ നിന്നും പുറത്തിറങ്ങി.

തിയോഡർലാറേറാസ് ആ മുറിയിൽ ഏകാന്തനായി, ഇരുമ്പഴികളിൽക്കൂടി സൂര്യരശ്മികൾ അകത്തേയ്ക്കു കടക്കുന്നുണ്ടോ എന്നു നോക്കിക്കൊണ്ടുതന്നെ തൻെറ മരണത്തെയും കാത്തുകൊണ്ട് ഇരുപ്പായി. തൻെറ ദൃഢനിശ്ചയത്തെക്കുറിച്ച് അയാൾ ഒട്ടുംതന്നെ പശ്ചാത്തപിച്ചില്ല. ദുഷ്ടനായ ബാനിന്നു കീഴടങ്ങുന്നതിനേക്കാൾ ഭേദം മരിക്കുകതന്നെയാണെന്ന് അയാൾക്കു തോന്നി.

മണിക്കൂറുകൾ ഓരോന്നോരോന്നായി കഴിഞ്ഞു. സമീപസ്ഥമായ ഒരു ഘടികാരത്തിൽനിന്ന് പുറപ്പെട്ട നാദം നേരം അർദ്ധരാത്രിയായിയെന്നു അയാളെ ബോദ്ധ്യപ്പെടുത്തി. തിയോഡോർലാറേറാസ് വസ്ത്രങ്ങളൊന്നും മാററാതെ ഉറങ്ങുവാൻ കിടന്നു. അയാൾ പെട്ടെന്ന് സുഖമായി ഉറങ്ങിത്തുടങ്ങി. തൻെറ മരണകാലം സമീപിച്ചിരിക്കുന്നുവെന്ന വിചാരത്തെ മന

സ്സിൽനിന്ന് നീക്കംചെയ്യുവാൻ ആ നിദ്ര അയാളെ സഹായിച്ചു. പരിശുദ്ധവും സൽഗുണസമ്പൂർണ്ണവുമായ ഒരു ജീവിതത്തെ നയിച്ചിരുന്ന ആ യുവാവിന് യാതൊരു ദുസ്വപ്നങ്ങളും ഉണ്ടായതില്ല.

കുറച്ചുകഴിഞ്ഞപ്പോൾ ആരോ ആ വാതിൽ പതുക്കെ തുറന്നു. മെഴുകുതിരിയുടെ വെളിച്ചംകണ്ടു് ലാറേറാസ് ഉണന്നു. ആദ്യം അല്പം പരിഭ്രമിച്ചുവെങ്കിലും, ഒടുവിൽ ശാന്തതയോടെ "സമയമായോ"? എന്ന് അയാൾ ചോദിച്ചു.

കാവൽകാരനായിരുന്ന മാൻഫ്രെഡ് ഒന്നും പറഞ്ഞില്ല. ഒരു ഉയന്ന മനുഷ്യൻ മുറിയിലേയ്ക്കു കടന്നുവന്നു. അതു് ക്രോസ്റ്റിയായിരുന്നു.

"തിയോഡോർ, ഞാൻ നിന്നെ രക്ഷിക്കുവാൻ വന്നിരിക്കുകയാണ്. നീ രക്ഷപ്രാപിക്കണം, നീ രക്ഷപ്രാപിക്കണം."

മാൻഫ്രെഡ് എന്നൊരു പട്ടാളക്കാരനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് കണ്ണൽ തുടന്നു:— "രക്ഷപ്രാപിച്ചു് ഓടിപ്പോകുന്ന അവസരത്തിൽ ഈ മാൻഫ്രെഡും നിന്നെ അനുഗമിക്കും. നിൻെറ ജീവനെ രക്ഷിക്കുന്നതിലുള്ള കുററവും മാനവും അയാൾതന്നെ വഹിച്ചുകൊള്ളും. കുതിരകളെ തയ്യാറാക്കി നിത്തീട്ടുണ്ടു്. തിയോഡോർ, ഇതാ ഈ സഞ്ചിയിലുള്ള പണം നിങ്ങളിരുപേരുടേയും ചിലവുകൾക്കുള്ളതാണ്."

ഇത്രയും പറഞ്ഞുകൊണ്ടു് കണ്ണൽ ആ ഭാരമേറിയ പണസഞ്ചിയെ ആ യുവവീരൻെറ കൈകളിൽ അപ്പിച്ചു. ലാറേറാസ് തൻെറ ഗുണകാംക്ഷിയുടെ കരങ്ങളെ ചുംബിച്ചു. മരണത്തെ തീരെ ഗണ്യമാക്കാത്ത ആ യുവാവിൻെറ നേത്രങ്ങളിൽ അശ്രു നിറഞ്ഞു, തൊണ്ടയിടറിത്തുടങ്ങി.

ക്രോസ്റ്റി ബദ്ധപ്പെട്ടു് തിയോഡറിനെ അറയിൽനിന്നു പുറത്തിറക്കി. മാൻഫ്രെഡ് വിളക്കുമെടുത്തു് പിന്നാലെ നടന്നു. മുററത്തു് രണ്ടു നല്ല കുതിരകൾ തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു. ക്രോസ്റ്റിയും തിയോഡോറും പല പ്രാവശ്യം പരസ്പരം ആലിംഗനംചെയ്തു. അനന്തരം തിയോഡോറും മാൻഫ്രെഡും ഓരോ കുതിരപ്പുറത്തു കയറി യാത്ര പുറപ്പെട്ടു.

# ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ മി: താണ്ഡവേശ്വരയ്യരുടെ സൂപ്പർവിഷൻഡയറി

(ശ്രീയുത് അബ്ദുള്ളാതാണ്ഡൻ.)

[മി: താണ്ഡൻെറ 'ആലോചനാമൃതമായ' ഡയറി വന്നതിനാൽ വിദ്യാലയവിനോദങ്ങൾ തൽക്കാലം മാററി വച്ചിരിക്കുന്നു. പത്രാധിപർ.]

മി: താണ്ഡവേശ്വരയ്യരും ഞാനും അടുത്ത പരിചയക്കാരാണ്—പരിചിതചരന്മാരാണെന്നുവേണം പറയാൻ. അദ്ദേഹത്തിൻെറ സൂപ്പർവിഷൻ ഡയറികൾ കാണുന്നതിനെന്നു മാത്രമല്ല ഓരോ ഡയറി എഴുതുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച മനോഗതിവിഗതികളും പരിതസ്ഥിതികളും മനസ്സിലാക്കുന്നതിനും എനിക്കു സന്ദർഭം കിട്ടീട്ടുണ്ട്. അതുകൊണ്ട് ഡയറികളുടെ പകപ്പുമാത്രം പ്രസിദ്ധീകരിക്കുന്നതിനേക്കാൾ അവയെഴുതുന്നതിനു പ്രേരകങ്ങളായ വിവിധസംഗതികൾകൂടി ആവശ്യമെന്നു തോന്നുന്ന പക്ഷം പ്രസ്താവിക്കുന്നതു് കൂടുതൽ രസപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു.

മി: താണ്ഡവേശ്വരയ്യർ ഒരൊന്നാന്തരം "കശവനാ"ണെന്ന് ഒരു ദിവാൻബഹദൂർ വിദ്യാർത്ഥിസാഹിത്യസമാജത്തിൻെറ ഒരു വാർഷികസമ്മേളനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായം ബഹദൂരിൻെറ വദനകുഹരത്തിൽനിന്നും കാളസർപ്പത്തെപ്പോലെ കരാളരൂപത്തിൽ വിനിസ്സരിച്ചപ്പോൾ "വിധിമുഖേ പമഖേ/ജനികുണ്ടതാ" എന്നു പണ്ടാരോ പറഞ്ഞിട്ടുള്ളതുപോലെ സഭാസ്ഥിതരെല്ലാവരും കുണ്ഠിതഹൃദന്തരായിത്തീർന്നു. മഹാബ്രാഹ്മണനെ കുലാലനാക്കിയ സാഹസത്തിന് "അഹോ മഹാപാപമുരച്ചുപോയ് ഞാൻ—മഹാജനം മാപ്പുതരട്ടെ" എന്നുപറഞ്ഞു് ആ അധികാരഗർവ്വിഷ്ഠൻ ക്ഷമായാചനം ചെയ്യുമെന്നായിരുന്നു സദസ്യരുടെ പ്രതീക്ഷ. എന്നാൽ ആ അവിവേകി വീണ്ടും ആവത്തിച്ചുതുടങ്ങി. "ഒന്നാംതരം ഫഷ്ട്ക്ലാസ്സ് കശവനാണെന്നാണ് ഞാൻ പറഞ്ഞതു്. എല്ലാ തൊഴിലുകളും ഒരുപോലെ ഉൽകൃഷ്ടമാണ്. നിലങ്ങളിൽ കലപ്പയോടിക്കുന്നതും കടലാസ്സുകളിൽ തൂവലോടിക്കുന്നതിനേക്കാൾ ഒരുതരത്തിലും അപകൃഷ്ടമല്ലെന്നു് ഒരു വന്ദ്യസ്ഥാനത്തുനിന്നും അരുളപ്പാടുണ്ടായതു് നിങ്ങളെല്ലാവരും കേട്ടിരിക്കുമല്ലൊ. ഒരുവൻ ഒരു ചെരിപ്പുകുത്തിയാകുന്നതു് ലജ്ജാവഹമല്ല. ഒരു ചെരിപ്പുകുത്തി ചീത്ത ചെരിപ്പുണ്ടാക്കുന്നതാണ് ലജ്ജാവഹമായിട്ടുള്ളതു്. അതുകൊണ്ടു് മി: താണ്ഡവേശ്വരയ്യർ ഒരൊന്നാന്തരം കശവനാണെന്നു് ഞാൻ വീണ്ടും ഉച്ചൈസ്സരമുൽഘോഷിക്കുന്നു." ഇതു

കൂടി കേട്ടപ്പോൾ സഭാവാസികൾ അത്യന്തം അക്ഷമരായിത്തീൎന്നു. അ ദ്ധ്യക്ഷൻ വീണ്ടും തുടൎന്നുപറഞ്ഞു. "മി: അയ്യർ ഒരു സാധാരണ കുശവന ല്ലെന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം ഒരസാധാരണ കുശവനാണ്. വിവിധജാതിക്കാരും വിവിധമതക്കാരും വിവിധാചാരാനുഷ്ഠാക്കളുമായ പര സ്സഹസ്രം ബാലന്മാരുടെ തലച്ചോറുകളാകുന്ന കളിമണ്ണിനെ സ്വദേശഭക്തി സലിലക്ഷാളനംകൊണ്ട് സ്നമൃങ്ങളാക്കി സ്വാതന്ത്ര്യസിദ്ധിക്കുതകുന്ന വിശിഷ്ടചഷകങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിന് അതിവിദഗ്ദ്ധനായ മി: അയ്യർ ഒരസാധാരണ കുശവനാണെന്നു ഞാൻ പറഞ്ഞതിൽ എന്തൊ രത്ഭുതത്തിനാണവകാശമുള്ളതെന്നെനിക്കു മനസ്സിലാകുന്നില്ല."

ഇപ്രകാരം വന്ദ്യന്മാരായ പല അഭിജ്ഞന്മാരിൽനിന്നും തന്റെ ഗവൎമ്മെൻറുദ്യോഗത്തിന്റെ പ്രാരംഭദശയിൽത്തന്നെ ഉജ്ജ്വലങ്ങളും ഭാസു രങ്ങളുമായ അനവധി പ്രശംസാപത്രങ്ങൾ ലഭിച്ചിട്ടുള്ള മി: അയ്യർ കാല ക്രമംകൊണ്ട് ഏറക്കുറെ ഉദ്ധതനായിത്തീൎന്നതിൽ അതിശയിക്കാനൊന്നു മില്ലല്ലൊ. സ്വന്തം അമ്മാച്ചന്റെ മാനേജുമെൻറിൽ നടന്നിരുന്ന ഒരു ഹൈസ്കൂളിൽ പ്രതിഫലമൊന്നും കൊടുക്കേണ്ട ആവശ്യമില്ലല്ലൊ എന്നു മാത്രം കരുതി മാനേജർ ഹെഡ്മാസ്റ്ററായി നിയമിച്ച മി: അയ്യർ ഒരാവ ണിയവിട്ടം കഴിഞ്ഞയുടനെ സ്കൂൾ പരിശോധനയ്ക്കായി അധികമായി ഹെഡ്മാസ്റ്ററുടെ വാസസ്ഥലപരിശോധനം നടത്തിയ ഇൻസ്പെക്ടരുടെ ക ണ്ണിലുണ്ണിയായിത്തീൎന്നു. എന്നുമാത്രമല്ല ഒരു ഗവൎമ്മെൻറ് ഇംഗ്ലീഷ് ഹൈ സ്കൂളിലെ പ്രഥമാദ്ധ്യാപകനായി അവരോധിക്കപ്പെടുകയും ചെയ്തു എന്നാ പരമാൎത്ഥവും അദ്ദേഹത്തിന്റെ അഹങ്കാരത്തിനു കാരണമായിരിക്കാം. അഹങ്കാരം ഏറെക്കുറെ അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രാ യം. എന്തുകൊണ്ടെന്നാൽ അതിൽനിന്നാണ് സ്വാൎത്ഥപ്രതിപത്തിയു ണ്ടാകുന്നത്. സ്വാൎത്ഥപ്രതിപത്തിയില്ലാത്തവൻ ജീവിച്ചിരിക്കുന്നതിനേ ക്കാൾ മരിക്കുകയാണ് നല്ലത്. അതുകൊണ്ട് എന്റെ സ്നേഹിതൻ ലൌകികജീവിതത്തിന് ഏററവും പററിയ ആളെന്നാണ് എനിക്ക് പ ലപ്പോഴും ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

മുപ്പതുവയസ്സു തികയുന്നതിനുമുമ്പ് ഒരു ഹൈസ്കൂൾ ഹെഡ്മാ സ്റ്ററായിത്തീൎന്ന മി: അയ്യർ അധികാരിവൃന്ദത്തിന്റെ മുൻപിൽ സ്വനാമ ത്തെ അനാൎത്ഥമാക്കുന്നതിനായിരിക്കാം വിവിധവിചിത്രതാണ്ഡവലാസ്യ നൃത്യാദികൾ ആടിട്ടുള്ളത്. ആ അവസരങ്ങളിൽ അദ്ദേഹം പാദപ്രയോ ഗത്തിലും പദപ്രയോഗത്തിലും പ്രദൎശിപ്പിച്ചിട്ടുള്ള ഉൎവ്വശീസരസ്വതീലാളി

ത്യം ഏതശ്മഹൃദയനേയും കൃപാനിർഭരചേതസ്സാക്കുന്നതിനു പര്യാപ്തമായിരുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ അപ്രതീക്ഷിതമായി ആപതിച്ച "തൊമ്മനൈസേഷൻ" എന്ന കൂലങ്കഷമായ പരിഷ്കാരത്തിനു മുമ്പുതന്നെ ഹെഡ്മാസ്റ്ററുദ്യോഗത്തിൽ സ്ഥിരപ്പെട്ടുപോയ മി: അയ്യർ ഒരൊന്നാംഗ്രേഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ ഏററവും കൂടിയ ശമ്പളം വാങ്ങിത്തുടങ്ങീട്ടുതന്നെ വ്യാഴവട്ടം ഒന്നു കഴിഞ്ഞിരിക്കുന്നു. അദ്ദേഹം പരിപൂർണ്ണഭാഗ്യപരിലാളിതനാണെന്ന് പലരും പറയാറുള്ളതുകൂടാതെ അദ്ദേഹത്തിൻെറ അന്തേവാസിയും കീഴ്സിൽബന്തിയുമായ ഒരാശ്രിതൻ ഭാഗ്യവാരാർനിധിയെന്നും പ്രശംസിക്കാറുണ്ട്. ആ പദത്തിൻെറ വ്യുൽപത്തിയെപ്പററി ഞാൻ ഒരിക്കൽ ആ കൊടന്തയാശാനോടു ചോദിച്ചപ്പോൾ 'ദിവാൻ' എന്നതിന് ഇരട്ടസ്വപ്നം എന്നു അർത്ഥംപറഞ്ഞ ആ "ഊഹാഭ്യാസനശാതചാരുധിക്ഷണാ"വാൻ ഭാഗ്യവാരം നിറഞ്ഞ കലവറ എന്നും ഭാഗ്യം സൌഭാഗ്യം അല്ലെങ്കിൽ സമ്പൽസമൃദ്ധി; വാരം, കൂട്ടം, ആർ, നിറഞ്ഞ; (ആർകലിമീതുതാവി— എന്നു തുടങ്ങുന്ന കണ്ണശ്ശരാമായണസുന്ദരകാണ്ഡത്തിലെ ആദ്യത്തെ പദ്യം റാവുബഹദൂർ ഉള്ളൂർ പരമേശ്വരയ്യർ വ്യാഖ്യാനിച്ചിരിക്കുന്നതെങ്ങനെ എന്നു നോക്കുക). നിധി=കലവറ; നമ്മുടെ സ്വാമിയുടെ കലവറയിൽ എന്തെല്ലാം സാമാനങ്ങൾ ഇരിക്കുന്നു എന്നും മററും പറഞ്ഞു് സ്വസ്വാമിഭക്തിയെ പ്രത്യക്ഷമാക്കുന്നതിൽ തനിക്കുള്ള പാതഞ്ജലഭാഷ്യസഹസ്രജിഹ്വാത്വം വെളിപ്പെടുത്തി

ഇപ്രകാരം മേലധികാരികളുടെ കണ്ണിലുണ്ണിയും കീഴ്സിൽബന്തികളുടെ ആരാധനാമൂർത്തിയുമാണെങ്കിലും മി: അയ്യരും തൻെറ ശിരീഷകുസുമപേശലമായ ഹൃദയവേദിയെ അസംതൃപ്തിയെന്ന കരാളരാക്ഷസിയുടെ കഠോരദംഷ്ട്രകൾക്കു് ലക്ഷ്യമാക്കിക്കൊണ്ടിരുന്നു. താനൊരുമിച്ചു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ച ഒരു പോലീസുദ്യോഗസ്ഥൻ തൻെറ പദവിയേയും അതിലംഘിച്ച് വാമനത്രിപദന്യായേന, വിദ്യാഭ്യാസവിന്ധ്യാടവീപഞ്ചാനനനായി വിഹരിക്കുന്നു എന്നുമാത്രമല്ല തന്നെ വെറും ഗോമായുപ്രായനായിക്കരുതി അദ്ദേഹത്തിൻെറ നവീനമന്ദിരനിർമ്മാണത്തിനുവേണ്ട ശിലാകാംഷ്ഠാനയനത്തിന് ഒരുപക്ഷെ തന്നേയും വാഹകപ്പടത്തിലുൾപ്പെടുത്തിയേക്കാമെന്നുമുള്ള വിചാരം മി: അയ്യരെ പലപ്പോഴും അസ്വസ്ഥചിത്തനാക്കുന്നുണ്ടു്.

(തുടരും)

# രണ്ടു ശാകുന്തളങ്ങൾ

നാലാമങ്കം.

(പി. ആർ. നീലകണ്ഠൻ നായർ.)

"യാത്യേകതോസ്തശിഖരം പതിരോഷധീനാം
ആവിഷ്കൃതോരുണ പുരഃസര ഏകതോർക്കഃ
തേജോദ്വയസ്യയുഗപദ്വ്യസനോദയാഭ്യാം
ലോകോനിയമ്യത ഇവാത്മദശാന്തരേഷു."

"പൂകുന്നു ചരമാദ്രിശൃംഗമൊരിടത്തീയോഷധീനായകൻ
നേർക്കന്യത്ര പുരോഗനാമരുണനെ പ്രാദുഷ്കരിപ്പൂ രവി;
ഒപ്പം രണ്ടുമഹസ്സിനാപതിതമാമിത്താഴ്ചയും മേന്മയും
ലോകത്തിനരുളുന്നിതോ സ്ഥിരതയെത്തൻ കാലഭേദങ്ങളിൽ."

താണീടുന്നു കലാധിനാഥനൊരിടത്തങ്ങേപ്പുറത്തംശുമാൻ
കാണിക്കുന്നു പുരോഗനാമരുണനെക്കൂടും പ്രകാശത്തൊടും
ന്യൂനം രണ്ടു മഹസ്സിലൊപ്പമെഴുമീഹീനത്വവും വൃദ്ധിയും
താനിങ്ങാത്മദശാന്തരത്തിൽ നിയമം ലോകത്തിനേകുന്നിതോ

അസ്തശിഖരംയാതി—ചരമാന്ദ്രിശൃഗം പൂകുന്നു—താണിടുന്നു. എന്നിങ്ങനെ കാണുന്ന തർജ്ജിമകളിൽ രണ്ടാമത്തേതു് അർത്ഥതർജ്ജിമ മാത്രമെ ആകുന്നുള്ളു. കാളിദാസൻെറ ശിഖരശബ്ദം "അത്യുച്ചൈഃപതനായേതിസൂചിതം" എന്നു വ്യാഖ്യാനിച്ചുകാണുന്നു. അതിനാൽ താണിടുന്നു എന്ന തർജ്ജിമ മതിയായില്ല. 'നേർക്കന്യത്ര' എന്നതിലെ 'നേർക്ക്' എന്നാധികം പറഞ്ഞിരിക്കുന്നതു് അനർത്ഥമായിട്ടില്ലെങ്കിലും മൂലത്തിലില്ലാത്തതാണു്. "ലോകത്തിനരുളുന്നിതോ സ്ഥിരതയെ തൻകാലഭേദങ്ങളിൽ." കാലത്തിൻെറ ഭേദംകൊണ്ടു് ലോകത്തിനു 'വ്യസനോദയം ഉണ്ടാകുമെന്ന നിയമം അരുളുകയാണോ എന്നല്ലെ തോന്നുന്നതു്. സ്ഥിരതയേയാണോ നല്കുന്നതു്. ഒന്നാമത്തെ തർജ്ജിമയിലുള്ള നാലാംപാദം അശേഷം നന്നായില്ല.

അന്തർഹിതെ ശശിനിസൈവകുമുദ്വതിമെ
ദൃഷ്ടിംനനന്ദയതിസംസ്മരണീയശോഭാ
ഇഷ്ടപ്രവാസജനിതാന്യബലാജനസ്യ
ദുഃഖാനിനൂനമതിമാത്രസുദുസ്സഹാനി

ചന്ദ്രൻമറഞ്ഞളവുസൗഖ്യമണച്ചതില്ലെൻ
കണ്ണിന്നതെ കുമുദിനിപ്രഭമാഞ്ഞിടാനീം
തന്വംഗിമാൎക്കു ദൃഢമിഷ്ടവിവാസമൂലം
വന്നീടുമാധികളതീവസുദുസ്സഹങ്ങൾ.

ഈ പദ്യം മി: വള്ളത്തോൾ ഉപേക്ഷിച്ചിരിക്കയാണു്. അങ്ങനെ ചെയ്തതിനു പ്രായശ്ചിത്തവും സമാധാനവും ശിഃരാമണി ആചരിക്കുന്നുമുണ്ടു്. പ്രായശ്ചിത്തം ക്രൂശവിഭതവനായ ഒരുവൻ ചെയ്താൽ കാലദേവത സന്തുഷ്ടനാകയില്ലെന്നു് എല്ലാവൎക്കുമറിയാം. സമാധാനത്തിൽ വല്ല ജീവനമുണ്ടോ എന്നു നോക്കാം. "ഈ ഋഷികുമാരൻ അതു കണ്ടില്ല; കണ്ടിട്ടാവശ്യവുമില്ല." എന്നു ചുരുക്കി അർത്ഥഗൎഭമെന്നു ഭാവിച്ചു് സമാധാനം പറഞ്ഞിരിക്കുന്നു. "തിങ്കൾ പോയിമറഞ്ഞവേളയിലക്കുമുദപതിതന്നെ.... നേത്രതുഷ്ടിതരാതായതോ" "മങ്കമാൎക്കുമണാളരോ പിരിഞ്ഞിരിക്കുമവസ്ഥ... സുദുസ്സഹമായതോ" ഈ ഋഷികുമാരൻ കണ്ടിട്ടില്ലാത്ത "അതു്"? മങ്കമാർ മണാളരെ പിരിഞ്ഞിരിക്കുന്നതാവാം കുമാരൻ കണ്ടിട്ടില്ലാത്തതു്. "കുമുദപതിതന്നെ..... നേത്രതുഷ്ടിതരാതെ ആയതു കണ്ടില്ലെങ്കിൽ ആ കുമാരൻ കുരുടനായിരിക്കണം. പ്രഭാതമായി എന്നു പറയാൻ ഭാവിക്കുന്ന കുമാരൻ "യാത്യേകതോസ്തശിഖരം......എന്നു തുടങ്ങുന്ന ശ്ലോകത്തിൽ പ്രപഞ്ചസാരസൎവ്വസ്വത്തേയും ഉള്ളടക്കിയിരിക്കുന്നുണ്ടല്ലോ.

(പ്രവിശ്യാപടിക്ഷേപേണ) അനസൂയാ–യദ്യപിനാമവിഷയ "പരാങ്മുഖസ്യാപി ജനസ്യൈതന്നവിദിതംതഥാപിതേനരാജ്ഞാ ശകുന്തളായാമനാൎയ്യമാചരിതം." എന്നൊരു മൂലപാഠമാണാവോ മി: വള്ളത്തോൾ സ്വീകരിച്ചതു്. "ഇങ്ങനെയുമാവാമോ, ഇതുവിഷയവിമുഖരായിട്ടുള്ളവൎക്കും അറിയാം. ആ നിലയിലായിരുന്ന രാജാവു് ശകുന്തളയിൽ പ്രവൎത്തിച്ചതു് അന്യായംതന്നെയാണു്." "ഏവം നാമവിഷയപരാങ്മുഖസ്യാപി ജനസ്യൈനെതദപിദിതം. യത്തഥാവിധേനരാജ്ഞാശകുന്തളായാമന്യായ്യമാചരിതം." ഇങ്ങനെ ഒരു പാഠവും കാണുന്നുണ്ടു്. ഇതായിരിക്കാം മി: വള്ളത്തോൾ സ്വീകരിച്ചതു്. പക്ഷെ ഈ പാഠമുള്ള ഗ്രന്ഥത്തിലും "അന്തർഹിതേശശിനി ഇത്യാദിയായ ശ്ലോകം പ്രക്ഷിപ്തമാക്കിട്ടില്ല. ഇവിടെയും ഒരു സമാധാനമുണ്ടു്. പല പാഠങ്ങളും എടുത്തുവച്ചു് ഉചിതമെന്നു തോന്നിയതു മാത്രമാണെടുത്തതു് എന്നു ഒന്നുപറഞ്ഞിട്ടുണ്ടു്. ആ വഴിക്കു് ഇതു പ്രക്ഷിപ്തമാക്കിയതാവാം. ഇവനു് ഒരു ആഗ്രഹമേ ഉള്ളു. ഈ സ്വീകാര്യത്യാജ്യഗണനയിൽ മി: മാരാൎക്കു് പങ്കുണ്ടോ? ഇല്ലെങ്കിൽ ഈ വിടാൻ ഫീസില്ലാത്ത കേസിങ്ങനെ പിടിക്കുന്നതെന്തിനു്? പ്രക്ഷിപ്തം കഴിഞ്ഞു് അനസൂയ

പറയുന്നതു് വള്ളത്തോൾവഴി ഒന്നു നോക്കാം. "ഇങ്ങനെയുമാവാമോ?" എങ്ങനെ? ഓഷധിനായകൻ ചരമാദ്രിശൃംഗം പൂകാമോ അരുണനെ രവി പ്രാദുഷ്കരിക്കാമോ? ഇതു വിഷയവിമുഖരായിട്ടുള്ളവർക്കറിയാം." ഇതു ഏതു്? അനസൂയയുടെ ആദ്യത്തെ രണ്ടു വാക്യത്തിനും ഒരർത്ഥവും നേരാവുകയില്ല. വിദഗ്ദ്ധത്വം പോരായ്കകൊണ്ടാകാമെന്നു സമാധാനിക്കുന്നു. മാരാരുടെ ഔദ്ധത്യമോ വിഡ്ഢിത്തമൊ അവസാനിക്കുന്നില്ല. "അനസൂയയുടെ ആരംഭവാക്യങ്ങളെ ഋഷികുമാരന്റേതായ ആ പ്രക്ഷിപ്തശ്ലോകത്തോടു സംബന്ധിച്ചാണു് പലരും വ്യാഖ്യാനിക്കുന്നതു്. വാസ്തവത്തിൽ ഇവർ തമ്മിൽ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെന്നാണു് കവിയുടെ അഭിപ്രായം."

'പലരും' എന്നതിനേക്കാൾ എല്ലാവരുമെന്നു പറഞ്ഞാൽ മിടുക്കധികമാകയില്ലെ. 'കവിയുടെ അഭിപ്രായം' ഈ കവി ആരാണു്? പ്രക്ഷിപ്തമെന്നു വിചാരിച്ച വള്ളത്തോളോ കാളിദാസനോ. വാസ്തവത്തിൽ ഇവർ തമ്മിൽ കാണുകയോ കേൾക്കുകയൊ ചെയ്തിട്ടില്ലെന്നു കാളിദാസനു തോന്നിയതു മാരാരു പറയുന്നതുകേട്ടാൽ കൂടെ ഉണ്ടായിരുന്നു എന്നു തോന്നും. അതാണു് കവിശബ്ദംകൊണ്ടു വള്ളത്തോളിനേയാണോ ഊന്നിയിരിക്കുന്നതെന്നു തോന്നിപ്പോയതു്.

ഇനി 'അന്തർഹിതേ ശശിനി' എന്നു തുടങ്ങിയ ശ്ലോകം പ്രക്ഷിപ്തമാക്കണമോ എന്നൊന്നാലോചിക്കാം. 'പ്രവിശ്യാപടീക്ഷേപേണ' എന്നും, പ്രവിശ്യ പടാക്ഷേപേണാനസൂയ' എന്നും രണ്ടു വിധം രണ്ടു വ്യാഖ്യാനങ്ങളിൽ കാണ്മാനുണ്ടു്. ഇനിയും വല്ല ഭേദവുമുണ്ടോ എന്നറിഞ്ഞുകൂടാ. ഒരാൾ 'തിരനീക്കി പ്രവേശിച്ചു' എന്നും 'തിര നീക്കാതെ പ്രവേശിച്ചു' എന്നും ഭാഷാന്തരങ്ങളിൽ കാണുന്നുണ്ടു്. "പടാക്ഷേപേണ യവനികാപനോദനേന സൂചനം വിനൈവ പ്രവിശ്യേത്യർത്ഥഃ ഹർഷശോകാദിജനിതസംഭ്രമയുക്തസ്യ പാത്രസ്യ പ്രവേശഃ പടാക്ഷേപേണ ക്രിയതാഇതി കാവ്യവ്യവഹാരഃ"

അതു എങ്ങിനെയുമാകട്ടെ. "എന്റെ കൈകാലുകൾ പതിവു ജോലികളിൽ വ്യാപരിക്കുന്നില്ല," എന്നു പറയുന്ന അനസൂയ തിരനീക്കിയൊ നീക്കാതെയോ ഇത്ര പരിഭ്രമിച്ചു് ചാടിവീണതു് എന്തിനു്? പ്രകൃതി വർണ്ണിച്ച ഋഷികുമാരന്റെ വാക്യാർത്ഥത്തിൽ ശകുന്തളയുടെ അല്ല, ലോകത്തിന്റെ സ്ഥിതിയെക്കൂടി കാണിച്ചും . അന്നു് യൂണിവേഴ്സിററി ഇല്ലാത്തതു കൊണ്ടു് ഋഷികുമാരൻ വിരുതൊന്നും സമ്പാദിച്ചിട്ടില്ലെങ്കിലും ലോകകാ

ദ്ധ്യം അറിയാത്തവനാകണമോ, മാരാരേ!!! ആകട്ടെ നമുക്ക് കടന്നുപോകാം. ശകുന്തളയെ അനുഗ്രഹിക്കുന്ന താപസിമാരുടെ അടുക്കലേക്കു ചെല്ലാം.

"ജാതേ; ഭർത്തുബഹുമാനസൂചകം മഹാദേവീശബ്ദം ലഭസ്വ".

"മകളെ, നിനക്കു ഭർത്താവിൻെറ ബഹുമാനത്തെ സൂചിപ്പിക്കുന്നതായ മഹാറാണി എന്ന പേർ സിദ്ധിക്കട്ടെ"

"മകളെ, നിനക്കു പട്ടമഹിഷീസ്ഥാനം ലഭിക്കട്ടെ."

മഹാറാണി എന്ന പേർ സിദ്ധിക്കട്ടെ. മഹാദേവീശബ്ദമെന്നതിനാണ് മഹാറാണി എന്ന് തർജ്ജിമ ചെയ്തിരിക്കുന്നതു്. അതു് വേണ്ടിയിരുന്നില്ല എന്നു തോന്നുന്നു. ഭർത്തുബഹുമാനസൂചകം മഹാദേവീശബ്ദം—പട്ടമഹിഷി എന്നായാൽ ഒട്ടും പോരായ്മയുമില്ല.

"ആഭരണോചിതം രൂപമാശ്രമസുലഭൈഃ പ്രസാധനൈർവിപ്രകാരതേ."
ആഭരണങ്ങളെ അണിയേണ്ടുന്ന രൂപത്തെ ആശ്രമത്തിലെ ചമയൽസാധനങ്ങൾകൊണ്ടു് വികൃതമാക്കുകയാണ് ചെയ്യുന്നതു്. നല്ല ആഭരണങ്ങൾ അണിയേണ്ടുന്ന രൂപത്തെ ആശ്രമത്തിൽ കിട്ടുന്ന സാധനങ്ങൾകൊണ്ടു് വികൃതമാക്കുകയാണ്. 'ചമയൽസാധനങ്ങൾ' എന്നു കേട്ടാൽ ഊണിനുള്ള വട്ടങ്ങൾ എന്നു തമിഴർക്ക് തടിതി പ്രതീതി വന്നേക്കും.

"ക്ഷൗമം കേന ചിദിന്ദുപാണ്ഡു തരുണാമാംഗല്യമാവിഷ്കൃതം
നിഷ്ഠ്യൂതശ്ചരണോപഭോഗ സുലഭോ ലാക്ഷാരസഃ കേനചിൽ
അന്യേഭ്യോ വനദേവതാകരതലൈരാപർവ്വഭാഗോത്ഥിതൈ
ർദ്ദത്തന്യാഭരണാനി തൽ കിസലയോൽഭേദപ്രതിദ്വന്ദ്വിഭിഃ."

"കാണിച്ചാനൊരു ശാഖി തിങ്കൾനിറമാം കല്യാണ വെൺപട്ടിനെ
ത്തൂകി മറെറാരുശാഖി കാലിലണിയും ലാക്ഷാരസത്തെ സ്വയം
മെയ്പ്പണ്ടങ്ങളെ നൽകി മററു ചിലതിന്മേൽനിന്നു കീഴെപ്പൂതൊ
ട്ടാലക്ഷ്യങ്ങളരണ്യ ദേവതകൾതൻ തൽപ്പൈന്തളിർപ്പാണികൾ."

"ഏണാങ്കോജ്ജ്വലമായ പട്ടൊരുമരം കാണിച്ചു മാംഗല്യകം
താനെ വന്നിതു കാലിണയ്ക്കണിയുമച്ചെഞ്ചാറു മറെറാന്നിലും.
നാനാഭൂഷകൾ തന്നു ചെന്തളിരുപോൽ ശാഖാഗ്രഭാഗങ്ങളിൽ
കാണിക്കും വനദേവതാ കരതലംകൊണ്ടന്യ വൃക്ഷങ്ങളും."

കാണിച്ചാനൊരുശാഖി— കേനചിൽ തരുണാ അവിഷ്കൃതം.
കാണിച്ചാൽമതിയോ? രണ്ടാമത്തെ പാദത്തിലുള്ള 'സുലഭ' ശബ്ദത്തിനായിരിക്കുമോ 'സ്വയം' "മററു ചിലതിന്മേൽനിന്നു" എന്നതു് മററു വൃക്ഷങ്ങളിൽനിന്നു് എന്നാണർത്ഥം. കീഴെപ്പുതൊട്ട എന്നതു മററൊന്നിന്മേൽ നിന്നു എന്നതിനോടു് ചേരുമോ? ആ ലക്ഷ്യങ്ങളരണ്യ ദേവതകൾ എന്നതിനോടുതന്നെ ചേരട്ടെ. പാദം കാണാനില്ലാത്ത ദേവതകൾ എന്നർത്ഥം കിട്ടും. അതാണോ ഉദ്ദേശം. കീഴെപ്പുതൊട്ട— മണിക്കണ്ഠം മുതൽക്ക എന്നു മാരാരു് അർത്ഥം പറഞ്ഞപ്പോൾ പാണികളോടാണു് ചേരേണ്ടതെന്നുവന്നു. ആ പദം പാണികളോടു് ചേരുകയില്ല. മലയാള ഭാഷയുടെ ഗതി അതാണു്. ഈ തർജ്ജിമ ഇങ്ങനെയിരിക്കട്ടെ. അടുത്തതുനോക്കാം. ഏണാങ്കോജ്വലമായ — ഇന്ദുപാണ്ഡുവിൻെറ തർജ്ജിമയാണു്. ഇന്ദുപാണ്ഡു എന്നതിന്നു് ശ്വേതമെന്നോ നിർമ്മലമെന്നോ അല്ല വേണ്ടതു്. ഉജ്വലമായ ക്ഷൗമം. വസ്ത്രത്തിനു് എന്തു് ഉജ്വലതയാണു്? പോരാ എങ്കിൽ അതു് ചന്ദ്രനെപ്പോലെ ഉജ്വലമാണത്രേ. ഉജ്വലസ്വരൂപിയായി ചന്ദ്രനെ വിരഹികളെ ഗണിക്കാറുള്ളൂ. കാണിച്ച എന്നുതന്നെയാണു് ആവിഷ്കരിച്ചു എന്നതിൻെറ തർജ്ജിമ. 'താനെ വന്നിതു' ഒരു മരത്തിൽനിന്നു ചാറു തന്നെ വന്നു. അഗ്രപല്ലവഭാഗോത്ഥിതൈഃ— എന്നതിന്നു പകരം 'ശാഖാഗ്രഭാഗങ്ങളിൽ' എന്നാണു് കാണുന്നതു്. (ങ്ങളിൽ) എന്ന മലയാളപ്രത്യയത്തിന്നുപകരം സംസ്കൃതപ്രത്യയം ചേർന്നാണോ മൂലപാഠം? ശാഖാഗ്രഭാഗങ്ങളിൽ ഉള്ള ചെന്തളിരുകളാണോ എന്നു് ഉൽക്കടൈകകോടികമായി ശങ്കിക്കാവുന്ന കരതലം കൊണ്ടു തന്നു എന്നു് 'അസാധാരണ സ്വാരസ്യത്തിൽ' നമ്പൂരി അർത്ഥം പറയുന്നുണ്ടു്. അദ്ദേഹം നല്ലപോലെ യോജിച്ചില്ലെന്നു തോന്നുന്നു. 'ചെന്തളിരുപോൽ' എന്നതു് 'തന്നു' എന്നതിനോടു് യോജിച്ചേക്കുമോ എന്നു ഞാനാദ്യം ശങ്കിച്ചു. "പദങ്ങളിടവിട്ടെങ്ങകിലും ചേർത്തിടാം" എന്നു മന്നാടിയാർ ഒന്നു പറഞ്ഞുവച്ചിട്ടുണ്ടു്. "എന്നാൽ കേരളഭാഷയിങ്കലിതുപോലല്ലായ്കയാൽ ദുർഘടം," എന്നും പറഞ്ഞിട്ടുണ്ടു്. "ശാഖാഗ്രഭാഗങ്ങളിൽ" എന്നു കഴിഞ്ഞിട്ടെ 'ചെന്തളിരുപോൽ' എന്ന ഉപമാനം പ്രയോഗിക്കാവു. അല്ലെങ്കിൽ അനന്വയക്ലിഷ്ടത വരുന്നേക്കും.

"യാസ്യത്യദ്യ ശകുന്തളേതി ഹൃദയം സംസ്പൃഷ്ടമുൽക്കണ്ഠയാ
കണ്ഠസ്തംഭിതബാഷ്പവൃത്തികലുഷശ്ചിന്താജഡം ദർശനം
വൈക്ലബ്യം മമ താവദീദൃശമിദം സ്നേഹാദരണ്യൗകസഃ
പീഡ്യന്തേ ഗൃഹിണഃ കഥം ന തനയാ വിശ്ലേഷദുഃഖൈർനവൈഃ"

"ഇപ്പോൾ പോവുകയായ് ശകുന്തളയിതോർത്തിണ്ടൽപെടുന്നുമനം
കണ്ഠം ബാഷ്പനിയന്ത്രണാൽ കലുഷിതം മങ്ങുന്നു കൺ ചിന്തയാൽ
സ്നേഹാലിത്രയുമാകുലൻ ഹഹ,വനമേവുന്നഞാൻപോലുമേ
ഗേഹസ്ഥർക്കഴലെത്രയെത്ര പുതുതാം പുത്രീവിയോഗാൽപ്പെടാം."

ഇന്നേപോയിടുമശ്ശകുന്തളയതോർത്തുൽക്കണ്ഠതേടീ മനം
തന്നേബാഷ്പമടഞ്ഞുതൊണ്ടയിടറീ ചിന്താജഡം ദൃഷ്ടിയും
ഖിന്നൻ ഞാനിതുമട്ടഹോ മമതയാൽ മാഴ്കുന്നിതാരണ്യകൻ
ദണ്ഡിപ്പൂഗൃഹിയെത്രതന്നെ നവമാം പുത്രീവിയോഗാർത്തിയാൽ

"പോവുകയായി" കാളിദാസൻെറ 'യാസ്യതി'ക്കുള്ള ഭാഷയാണിതു്. ആ ശബ്ദം വച്ചുംകൊണ്ടു് ഒരു വ്യാഖ്യാതാവു് "നതുയാതാനാപിയാതി" എന്നു വിശദീകരിക്കുന്നു. മനസ്സിൽ വിചാരിക്കമാത്രമെ ഉണ്ടായിട്ടുള്ളു. അപ്പോഴെയ്ക്കും 'ഞാൻ സ്നേഹാലിത്രയുമാകുലൻ' ആയി. അതിനാൽ പോകുമെന്നുതന്നെ പറയണം. "മങ്ങുന്നു കൺ ചിന്തയാൽ" "ചിന്താജഡംദർശനം" ചിന്തകാരണമായി കണ്ണു മങ്ങുന്നു എന്നാണു് ഭാഷയുടെ അർത്ഥം. ചിന്താചൈതന്യം (ശക്തി) കണ്ണിനില്ലാതായി എന്നല്ലേ മൂലത്തിൻെറ അർത്ഥം. ഇവ രണ്ടും ഒന്നാണോ? മൂന്നാംപാദത്തിൽ 'ഹഹ' കഴിഞ്ഞിട്ടു് ഒരു തോട്ടി ഇട്ടിട്ടുണ്ടു്. അവിടെ നിന്നുപോയാൽ വായനയ്ക്കു് ഒരസ്വാരസ്യം കാണുന്നുണ്ടു്.

അടുത്ത തർജ്ജിമയിൽ രണ്ടാംപാദത്തിൽ കാണുന്ന 'തന്നെ' എങ്ങോട്ടാണു് അന്വയിക്കേണ്ടതു്. 'മനംതന്നെ ഉൽക്കണ്ഠതേടി' പിന്നെത്തേക്കഥയെന്തു്? എന്നാണോ അതോ ബാഷ്പംതന്നെ അടഞ്ഞു—പരപ്രേരണ കൂടാതെ—എന്നോ? പുതുതാം പുത്രിവിയോഗാൽ എന്നും നവമാം പുത്രീവിയോഗാൽ എന്നും രണ്ടു പേരും ഒരേ മട്ടായതന്നെയാണു് സ്വീകരിച്ചിട്ടുള്ളതു്. "നവൈഃ" എന്ന മൂലത്തിലെ "ശബ്ദത്തിനു് പ്രഥമോല്പന്നൈഃ" എന്നു ചിലർ വ്യാഖ്യാനിച്ചും ഒന്നാമത്തെ പുത്രിയുടെ വിയോഗത്തിൽ എന്നു കാണുന്നുണ്ടു്. എത്രാമത്തെ ആയാലും പ്രഥമവിയോഗത്തിനാണു് പീഡയുള്ളതു്.

## വ്യോമഗായകൻ

Words Worth.

1. ആകാശഗായക! നഭോധ്വഗ! ഭൂമിയെ നീ
ശോകാധികത്വമതുകൊണ്ടു വെടിഞ്ഞിടുന്നോ?
മോഹം തവാഭ്രമതിലെംകിലുമക്ഷി,ധീസം
യോഗം ഹിമാർദ്രഭുവിലേചെന്നൊരു പൊത്തിലൊ ചൊൽ!
ഗാനം മുടക്കിയിളകും ചിറകൊട്ടൊതുക്കി-
ത്താനേ പുനത്തിലണയാം തവ തോന്നിടുമ്പോൾ.

2. നോക്കിൻെറ ലാക്കവരയും പുനരപ്പുറത്തും
ശീഘ്രം പറക്കപടുഗായക, നിൻജനത്തിൻ
വായ്ക്കുന്നരാഗദൃഢബന്ധനിസർഗ്ഗഗാനം
ചേർക്കുന്നചഞ്ചലത ഭൂതലഫുൽപ്രദേശേ
ഗാനം വസന്തമതിൽമാത്രമതല്ലജസ്രം
നൂനം നിനക്കിതുവരിഷ്ഠമതാം വരംതാൻ.

3. "രാപ്പാടി"ഗൂഢതരുവല്ലികളിൽ വസിപ്പൂ
പാർപ്പോനിനക്കു വിലസദ്രവി രശ്മിമദ്ധ്യേ
ദ്യോത്തിട്ടിൽനിന്നു മധുരസ്ഫുടഗാനവർഷം
പാർത്തട്ടിലേയ്ക്കു ചൊരിയുന്നു വിശിഷ്ടബുദ്ധ്യാ;
ഭൂസ്വർഗ്ഗസംഘടിത നേർവര തെററിടാതെ
നീ സത്സ്വഭാവമനുസൃത്യ ചരിച്ചിടുന്നു.

## മൃത്യുവിൻെറ സമഭാവന

F. Sherley.

1. കൊടിയപദവിയെന്നല്ലാഭിജാത്യാദിയെല്ലാം
ചടുലനിഴലിനൊക്കും നിത്യമല്ലോർത്തു കണ്ടാൽ
പടുതവിധിതടുപ്പാനാർക്കുമില്ലന്തകൻ തൻ
നെടിയവടിമഹീശന്മാരെയും വീഴ്ത്തിടുന്നു.

2. പൊന്നിൻകിരീടമവനീശപുരുപ്രതാപ
ചിഹ്നം, സുവർണ്ണവടിയെന്നിവരണ്ടുമോർത്താൽ
മൺവെട്ടി,ദാത്രമിവയോടുസമംക്ഷമായാം
തിണ്ണം പതിച്ചൊരുനിരപ്പിലെഴുന്നൊരിക്കൽ.

3. ത്വരിതമരികുലത്തെ കൊയ്തു ഖഡ്ഗേനകെചിൽ
സമരഭുവിയശസ്സാം ചാരുവൃക്ഷം നടുന്നു.
വിരുതുപെരിതിവർക്കന്യോന്യഹിംസയ്ക്കുമാത്രം
സപദിനിജബലോഷ്മാവും നശിക്കുന്നൊടുക്കം.

4. കാലക്രമേണയിവരും കമലാസനാജ്ഞാ
ജാലത്തിനിങ്ങവശരായി വരുന്നു കഷ്ടം
കാലൻ സ്വപാശമതുകെട്ടിയിഴച്ചിടുന്ന
ക്കാലം ത്യജിക്കണമനിത്യമിദംശരീരം.

5. ശിരസിവിലസിടുന്നാൽ കീർത്തിമാല്യങ്ങൾ വാട്ട
ന്നരുതരുതവയേവം വീര്യശൌര്യാദിമൂലം
രുധിരമതുമൊലിപ്പിച്ചാർത്തനായാജിശൂരൻ
ശമനബലിനിലത്തിൽ കാൺക വീഴുന്നിദാനീം.

6. ഈയുള്ള മർത്ത്യരഖിലം ഭുവിശൈത്യപീഡ
യേറുന്ന കല്ലറകളിൽ തലചായ്ച്ചിടേണം;
"നേരോടനുഷ്ഠിതമതായൊരു ധർമ്മമൊന്നി
പ്പാരിൽതളിർത്തു വികസിച്ചു സുഗന്ധിയാവൂ."

## രാജശ്മശാനം

**WEST MINISTER ABBY.**
**(BEAUNONT)**

1. ഹേ മർത്ത്യ! ദേഹവിലയം പുനരെന്തുമാത്ര
മീദിക്കിലസ്ഥിയതുകണ്ടുഭയന്നുകൊൾകനീ
ഭൂതൽഗണങ്ങളുടെയസ്ഥി, ദൃഷൽച്ചയത്തിൻ
കീഴിൽക്കിടന്നുപൊടിയുന്നു ദ്രവിച്ചസംഖ്യം.

2. ക്ഷോണിക്കധിശരിവർ പണ്ടു, നിനയ്ക്കിലിപ്പോഠം,
കാണിക്കുമില്ല ബലമിങ്ങൊരുകൈയനക്കാൻ
പൂഴിക്കടിക്കുമരുവുന്നിവർ സൂക്ഷ്മമിത്ഥം
ഘോഷിച്ചിടുന്നു "ധ്രുവമല്ലപ്രഭുത്വമവ്യാം."

3. ലോകത്തിലാദ്യനരദേഹമിവന്നു വീണ
കാലംമുതൽക്കിതുഗ്രഹിച്ചൊരു വിത്തുപാത്താൽ
ഏതൽപ്രദേശമതിലുള്ളൊരു രാജബീജ
വ്രാതം വിശിഷ്ടതരമില്ലിഹ രണ്ടുപക്ഷം.

4. ശ്രേഷ്ഠാനചയത്തിലുളരാം നൃപരാസ്ഥിക്കൂടം
വാട്ടംവിനാ സദുപദേശമിതേകിടുന്നു.
"പ്രൗഢപ്രഭാവമൊട്ടുമൂഴി ഭരിച്ചകൂട്ടർ
കീടപ്രമാണമിഹ ചത്തു പതിച്ചിടുന്നു."

5. മന്നോർശിരോമണികഠംതന്നുടെ പാശ്വഭാഗേ
നിന്നൂറിവീണ മണൽകാൺക നികൃഷ്ടമേററം
മണ്ണോടുചേന്നു മരുവുന്നു പ്രതാപഡംഭ
സന്ദോഹമിങ്ങു വിധിയാൽ ഹതമായശേഷം.

## കരുണാരസം

**Shakespeare.**

1. വിയത്തിൽനിന്നൂഴിയിലൂറിവീഴും
പയഃക്കണംപോൽ കരുണാമൃതാംശം
മനക്കുരുന്നിൽ സ്വയമുത്ഭവിക്കു
നിരട്ടിനന്മയ്ക്കിതു ഹേതുഭൂതം.

2. കൊട്ടപ്പവന്നും പുനരേല്പവന്നും
ഭവിച്ചിട്ടന്നൊപ്പമനല്പഭവ്യം
പ്രഭുക്കളിൽ പ്രഭവമേററമുണ്ടി
ഗ്ഗുണത്തിനോത്താൽ നൃപർ മൌലിയിങ്കൽ
ധരിച്ചിട്ടും നന്മകടത്തിനേക്കാൾ
ലസിച്ചിട്ടും ഭൂഷണമേതദേഷാം.

3. നൃപൻെറഹസ്തേ വിലസുന്നചെങ്കോ-
ലവൻകല്യള്ളെഹിക ശക്തിചിഹ്നം
നിജപ്രതാപം വെളിവാക്കുവാനും
ഭയപ്രദാനത്തിനുമുള്ള വസ്തു.

4. നിനക്കിലിച്ചാരുഗുണം നൃപാജ്ഞാ
മതിക്രമിച്ചുള്ളൊരു വസ്തുവത്രെ.
ഇരിപ്പിതിന്നുത്തമഭൂപതീനാം
മനസ്സതാം മാന്യപദത്തിലത്രെ.

5. വരിഷ്ഠമാമീഗ്ഗുണമീശ്വരങ്കൽ
സ്ഫുരിച്ചിട്ടും ലക്ഷണമായ് ഗണിക്കാം.
ഒരുത്തനാർ ദിവ്യമതായിട്ടന്നി
ഗ്ഗുണത്തിനാലാർദ്രമതാംസുനീതി
നടത്തിട്ടന്നീ ഭുവനേപിസോയം
ജഗൽപിതാവിന്നുസമൻ നിനച്ചാൽ.

# വിദ്വാൻ

## Sowthey.

1. എന്നും പൂർവ്വകവീന്ദ്ര സന്നിധിയതിൽ തന്നെ വസിക്കുന്നു, സ്വ
ഛന്ദം ഞാനിഹകാൺക നാല്യപുറവും വിശ്വസ്തമിത്രങ്ങളായി

എന്നിൽ പ്രീതികലൎന്നുകൊണ്ടു് സരസം സംഭാഷണംചെയ്തു, സാ
നന്ദം സന്തിസതാം വിശാലമതികൾ പ്രത്യക്ഷരായന്തികേ.

2. സമ്പത്തിങ്കലനല്പസൌഖ്യമതുപോലാപത്തിലാശ്വാസവും
വമ്പന്മാരിവർ നൽകിടുന്നു നിതരാം സാരോപദേശങ്ങളാൽ
അന്തംവിട്ടിവർ ചെയ്തിടുന്നൊരുപകാരത്തെ സ്മരിക്കുംവിധൌ
സന്തോഷാശ്രുകണങ്ങളൂറിയനിശം സിഞ്ചന്തിഗണ്ഡദ്വയം.

3. സ്വാന്തം മെ മൃതരായ സൽക്കവികളിൽ ഗാഢം രമിക്കുന്നിത
ശ്രാന്തം തൽകൃതകാവ്യസഞ്ചിതപുരാവൃത്തം ഗ്രഹിക്കുന്നഹം
ഞാൻ തൽദോഷഗുണംതിരിച്ചു സുഖദുഃഖാംശം ഭുജിക്കുന്നിതെ
കാന്തെ പ്രശ്രയമാൎന്നു തൽസ്സദുപദേശം സ്വീകരിക്കുന്നഹോ.

4. ആശാപാശമതൊക്കെയിക്കവികളിൽ സംസക്തമദ്ദൈവമേ
തേഷാംസന്നിധിതന്നിലെത്തുവനഹം ലേശം വിളംബം വിനാ
ക്ലേശാപേതമഹം ചരിപ്പനിവരോടൊന്നിച്ചു മേലാൽ മഹീ
വാസാന്തേ വിലയംവരാതെ വിലസും സൽക്കീൎത്തിചേൎത്തുഴിയിൽ.

# അന്തരീപവാസി.

## ALEXANDER SELKIRK.

(Cowper.)

1. നാഥൻ ഞാൻ മമദൃഷ്ടിതന്നിലണയുന്നിദ്ദിക്കിനെല്ലാററിനും
വാദം നമ്മൊടു ചെയ്വതിന്നൊരുവനിന്നാരുള്ളൂ പോരുന്നവൻ
പാഥോരാശിപരീതമാം ക്ഷിതിവിഭാഗേസ്മിൻ ചരിക്കും മൃഗ
വ്രാതങ്ങൾക്കുമശേഷപക്ഷിനിവഹങ്ങൾക്കൊക്കെനേതാവു ഞാൻ.

2. മുന്നം നിൎജ്ജനകാനാനനമതിൽ സത്തുക്കൾ വീക്ഷിച്ചൊരാ
മന്ദസ്മേരവിലാസമിന്നു കണികാണ്മാൻപോലുമില്ലെങ്ങുപോയി.
ഇന്നീഘോരവനാവനിക്കധിപനായി വാഴുന്നതോൎത്താൽ പരം
മന്യേ സാധ്വസസംവൃതേ ജനപദേ വാസം നമുക്കുത്തമം.

3. കഷ്ടം മാനുഷജാതിദൎശനമതും കിട്ടാതൊരിദ്ദിക്കതിൽ
പെട്ടെൻദിഷ്ടവശാൽ നയിക്കണമിനി ജന്മം തനിച്ചീവിധം.
ഇഷ്ടം മൎത്ത്യകളസ്വരം ശ്രവണയുഗ്മത്തിന്നലഭ്യം വൃഥാ.
ഞെട്ടുന്നുൾത്തടമാത്മശബ്ദമതുകേൾക്കുന്നോരമേററംഭിയാ.

4. തുള്ളിക്കാനനസീമ്നി ചാടിയുഴലും സത്വൌഘമാസാദ്യമാ
മുള്ളിൽ ഭീതിവെടിഞ്ഞുകൊണ്ടു് നികടേ നില്ക്കുന്നു വീക്ഷിച്ചിതാ-
തെല്ലും മൎത്ത്യമുഖം കദാപി കണികാണാതുള്ള ജന്തുക്കൾ തൻ-
വല്ലാതുള്ള മരുക്കമിങ്ങു ഭയമേകീടുന്നു കാണുംവിധൌ.

5. സ്നേഹം സാധുസമാഗമം ദൃഢതരപ്രേമാദിയെല്ലാം പുരാ
ലോകേമാനുഷലോകസൌഖ്യമതിനായേകീ ജഗന്നായകൻ
ദേഹേ ചാരു കപോതവക്ഷപുടയുഗ്മം മെ ലഭിച്ചാൽ ക്ഷണം
ഗേഹേ ചെന്നിവയാസ്വദിപ്പതിനിനിക്കുണ്ടാം തരം സാദരം.

6. നൂനം ശോകകൃശാനുശാന്തിയനിശം ചെയ്യാമെനിക്കെങ്കില
ന്യൂനം നിശ്ചലഭക്തി സത്യമിവയെ പാലിച്ചു വേണ്ടുംവിധം.
ജ്ഞാനം വൃദ്ധജനത്തിൽനിന്നു പലതും നോക്കിഗ്രഹിക്കാം സദാ-
യൂനാം ചാപലചേഷ്ടകണ്ടു കുതുകം തേടാം മനസ്സിന്നുമേ.

7. ഹേലാകന്ദുകതുല്യമെന്നെ വിപിനേ ശൂന്യേ പതിപ്പിച്ചു നീ
ഹേ ലോലാനില നീ കനിഞ്ഞൊരുപകാരം സാദരം മെ കരു
മേലാലെൻവിധിവൈപരീത്യമതിനാലപ്രാപ്യമാം ദിക്കിലെ
കാലാവസ്ഥ വിശേഷവാൎത്തയിവയെ വന്നിങ്ങു ചൊല്ലീടണം.

8. പ്രാണസ്നേഹമിയന്നു തത്ര മരുവും ചങ്ങാതിമാർ കിം ജഗൽ
പ്രാണാ, നിന്നൊടു ചൊല്ലി വിട്ട സദയം സന്ദേശമോതീടു നീ
കാണാൻ സംഗതിയിങ്ങു നാസ്തിയിനിമേലെന്നാകിലും സൌഖ്യമാ
യ് വാണീടുന്നിവരെന്നുകേൾക്കിലമൃതം കൎണ്ണദ്വയത്തിന്നിദം.

9. ചേതസ്സിൽ ഗതിവേഗ മതുല്യതരം പാരിച്ചരംഹസ്സെഴും
വാതത്തിന്നുമതില്ല സാമ്യമണുപോൽ ചിന്തിച്ചുനോക്കീടുകിൽ
ജ്യോതിർഗ്ഗോളമതിങ്കൽനിന്നു ബഹുവേഗത്തോടു പാഞ്ഞെത്തിടും
ശോചിസ്സായകപംക്തിതൻ ജവമതും മന്ദീഭവിക്കുന്നഹോ.

10. ദൂരസ്ഥം മമ ജന്മദേശമതിനെയോർമ്മിച്ചിടും മാത്രയിൽ
ചാരത്തങ്ങുഗമിച്ചുവെന്നു തരസാ തോന്നുന്നു ചേതസ്സിൽ മേ
നേരിട്ടുള്ളമദീയ കഷ്ടദശയെ കിഞ്ചിൽ സ്മരിച്ചാകില
ന്നേരത്താശു നിരാശഗർത്തനടുവിൽ കഷ്ടം പതിക്കുന്നു ഹ.

11. നേരം വൈഷ്കി സ്വകീയനീഡമണയാൻ പോകുന്നു നീർക്കോഴികൾ
സ്വൈരം വന്യമൃഗങ്ങളാത്മനിലയം പൂകുന്നുറങ്ങീടുവാൻ.
ചേരുന്നിഗ്ഗഹനേപി സ്വാപസമയം സത്വങ്ങളെല്ലാററിനും
നേരേകുംജകുടീരസീമ്നി തരസാ ഞാനും ഗമിക്കുന്നിതാ

12. കാരുണ്യം ജഗദീശ്വരൻെറ, വിലസുന്നിപ്പാരിലെല്ലാടവും
സാരം തത്വമിദം മനസ്സിനതിയാമാശ്വാസമേകുന്നു മേ.
പാരം ദുസ്സഹമായ ദുഃഖമതിനും രമ്യത്വമേകുന്നു, സം
സാരേചേരുമവസ്ഥ ഭേദമതുമിങ്ങാസ്വാദ്യമാക്കുന്നഹോ.

# ഗുരുനാഥൻ

| പുസ്തകം 18 | 1114 ധനു | ലക്കം 5 |
|---|---|---|

## നാട്ടുഭാഷയും നാട്ടുഭാഷാവിദ്യാലയങ്ങളും

(ആർ. ഈശ്വരപിള്ള.)

മനുഷ്യൎക്ക് "സ്വദേശം" അല്ലെങ്കിൽ "ജന്മഭൂമി"യെക്കുറിച്ചുള്ള സ്നേഹം ഒരു വിശിഷ്ട ഗുണമായിട്ടാണല്ലോ നാം ഗണിച്ചുവരുന്നതു്. സ്വഭാഷയെക്കുറിച്ചുള്ള സ്നേഹവും ഇതിൽ ഒട്ടുംതന്നെ വിശിഷ്ടത കുറഞ്ഞതാണെന്നു വിചാരിക്കുന്നതിനു യാതൊരു കാരണവും കാണുന്നില്ലാ. ചില ദേശക്കാർ ജന്മഭൂമിയെ "മാതൃദേശ"മെന്നു വിളിക്കുന്നതുപോലെതന്നെ സ്വഭാഷയെ "മാതൃഭാഷ"യെന്നും വിളിച്ചുവരുന്നുണ്ടു്. ഇതു നോക്കുമ്പോൾ ഇവ രണ്ടും നമ്മുടെ മാതൃനിൎവ്വിശേഷമായ തുല്യസ്നേഹബഹുമാനാദികൾക്കു് അൎഹതയുള്ളവയാണെന്നു സ്പഷ്ടമാകുന്നു. നാം ജനിച്ചുവളൎന്ന സ്ഥലത്തിനോടു നമുക്കു് അസാധാരണമായ സ്നേഹബഹുമാനാദികൾ തോന്നാമെങ്കിൽ, നമ്മുടെ ജനനംമുതൽക്കേ നമ്മുടെ രസനയിൽ വൎത്തിച്ചു നമ്മുടെ മനോവികാരങ്ങളെ ആദ്യം ഒരുവിധം അവ്യക്തമായും പിന്നെ ക്രമേണ സ്ഫുടമായും പ്രകടിപ്പിക്കുന്നതിനു് നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്ന ഈ ബന്ധുവിനോടു നമുക്കു് എത്രയൊ അധികം പ്രതിപത്തി ഉണ്ടായിരിക്കാനിടയുണ്ടു്. ശൈശവംമുതല്ക്കു നമ്മുടെകൂടെ ഒന്നിച്ചിരിയ്ക്കുകയും ആപത്തിലും സംപത്തിലും നമ്മുടെ മനോവൃത്തിയെ അനുകരിച്ചും ഇരിക്കുന്നതായ വേറൊരു വാസ്തവബന്ധു നമുക്കു് ആരാണുള്ളതു്. നമുക്കു് അന്യഭാഷതന്നെ ഗ്രഹിക്കണമെങ്കിലും സ്വഭാഷയുടെ സഹായമല്ലയോ മുഖ്യമായി വേണ്ടതു്. നാം അന്യഭാഷയിൽ എത്രതന്നെ പാണ്ഡിത്യം സമ്പാദിച്ചിരുന്നാലും ഓരോ ആവശ്യത്തിലേയ്ക്കായിട്ടും അതിന്റെ സഹായത്തെ അവലംബിച്ചിരുന്നാലും, നാം നമ്മുടെ ഗൃഹങ്ങളിൽ ചെല്ലുമ്പോഴും, പ്രിയജനങ്ങളോടു് സല്ലാപം ചെയ്യുമ്പോഴും നമ്മുടെ പഴയ സ്നേഹിതനെതന്നെ ആശ്രയിക്കുന്നു. ന

* 1086 കന്നി 17-ം, 18-ം തീയതികളിൽ വൈയ്ക്കത്തുവച്ചു നടത്തപ്പെട്ട ഭാഷാപോഷിണിസഭയിൽ വായിച്ചതു്.

മ്മുടെ പൂർവ്വന്മാരിൽനിന്നും നമുക്ക് പരമ്പരയാ ലഭിച്ചിട്ടുള്ളതും, നമുക്ക് ആനന്ദസന്ദായിനികളായിരിക്കുന്ന അനേകം സ്മരണകളെ വഹിക്കുന്നതും, നമ്മുടെ മനോവ്യാപാരങ്ങളോട് ദൃഢബന്ധം സിദ്ധിച്ചിട്ടുള്ളതും, നമ്മുടെ പൂർവ്വന്മാരുടെ അനുഭവങ്ങൾ അടങ്ങിയിട്ടുള്ളതും, അവരുടെ അറിവിനെ നമുക്കായി സംഗ്രഹിച്ചുവച്ചിട്ടുള്ളതും ആയ ഒരു വസ്തുവിനോട് നാം എങ്ങിനെ പ്രതിപത്തിയില്ലാത്തവരായിരിക്കും? നാം തൊട്ടിയിൽ അസഹായന്മാരായി കിടക്കുമ്പോൾ രോദനരൂപേണ സ്ഫുരിക്കുന്നതും ഗൃഹത്തിൽ പിച്ച നടക്കുമ്പോൾ കൊഞ്ചലും കൊഞ്ഞയുമായിട്ടു തുകുന്നതും വിദ്യാലയങ്ങളിൽ പഠിക്കുമ്പോൾ നേരിട്ടു നാം മല്ലിടുന്നതും, ലോകരംഗത്തിൽ നാം ഏറക്കുറെ സ്വാധീനമാക്കിവയ്ക്കുന്നതും ചരമകാലത്തിൽ ഈശ്വരസ്തോത്രങ്ങളെ ഉച്ചരിക്കുന്നതിനുതകുന്നതുമായ ഒരു ഭാഷയെ ആരാണ് വാത്സല്ലിക്കയും സ്നേഹിക്കയും ചെയ്യാതിരിക്കുന്നതു്. ഇപ്രകാരം ഒരു ബന്ധുവിനെ നാം വിസ്മരിയ്ക്കുകയോ, അനാദരിയ്ക്കുകയോ, ചെയ്യുന്നതായാൽ നാം ഒരുവിധം കൃതഘ്നന്മാരായിത്തീരുന്നതാണെന്ന് പറയണമെന്നില്ലല്ലോ, സ്വരാജ്യത്തിനുവേണ്ടി അനേകം മഹാന്മാർ യുദ്ധംചെയ്തു പ്രാണത്യാഗം ചെയ്തതായി നമുക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ടു്. എന്നാൽ സ്വഭാഷയ്ക്കുവേണ്ടി ആരെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടോ എന്ന് ഒരു ചോദ്യം ഉണ്ടായേക്കാം. ധാരാളം ഉണ്ടെന്നുതന്നെ നിസ്സംശയം ഉത്തരം പറയാം. പക്ഷേ ഇവർ ഖഡ്ഗംകൊണ്ടല്ലായിരിക്കാം യുദ്ധം ചെയ്തിട്ടുള്ളതു്. തൂലികകൊണ്ടോ, എഴുത്താണികൾകൊണ്ടോ മാത്രം ആയിരിക്കാം. സാഹിത്യകാരന്മാർ—കവികൾ—വിദ്വാന്മാർ ഇവർ സ്വഭാഷയ്ക്കുവേണ്ടി കഷ്ടപ്പെട്ടുകയും, ശ്രമിക്കയും, പ്രാണത്യാഗം ചെയ്യുന്നവരും, ചെയ്വാൻ സന്നദ്ധരായിരിക്കുകയും ചെയ്യുന്നവരും അല്ലയോ? ഷേക്സ്പീയർ, കാളിദാസൻ മുതലായവർ അല്പായുസ്സുകളായിരുന്നതു് എന്തുകൊണ്ടാണ്? ഞാൻ ഇത്രയും പറഞ്ഞതു സ്വഭാഷയെക്കുറിച്ചു നമുക്കെല്ലാവർക്കും നിഷ്കളങ്കമായ സ്നേഹവും വാത്സല്യവും വേണ്ടതാണെന്നു കാണിക്കുന്നതിനായിട്ടാണ്. എന്നാൽ ഈ സ്നേഹത്തെ നാം എങ്ങിനെയാണ് പ്രദർശിപ്പിക്കേണ്ടതെന്ന് സംശയിച്ചേക്കാം. സ്വഭാഷയുടെ "പോഷണം"കൊണ്ടുതന്നെയാണ് നമുക്കതിനോടുള്ള പ്രതിപത്തിയെ മുഖ്യമായി കാണിക്കേണ്ടതു്. അതിന്റെ ഭൂഷണത്തെ തടുക്കുന്നതും ഇപ്രകാരംതന്നെയാണ്. ഇന്നിവിടെ കൂടിയിട്ടുള്ള ഈ സഭയുടെ ഉദ്ദേശ്യവും മറ്റൊന്നുമല്ലല്ലോ. ഭാഷാഭിമാനികളായ ചില മഹാന്മാരുടെ ഉത്സാഹത്തിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ സഭ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതു് ഏറ്റവും സന്തോഷപ്രദമായിട്ടുള്ളതാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ സഭനിമിത്തം മലയാളഭാഷയ്ക്ക് ഗണനീയങ്ങളായ പല ഗുണങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നുള്ളതും നിർവ്വിവാദമായിട്ടുള്ള കാര്യമാണ്. മേലും സിദ്ധിക്കു

മെന്നുള്ളതിനും സംശയം ഇല്ലാ. എന്നാൽ ഈ സഭയിൽ ചേരാത്തവൎക്കും അവരവരുടെ ശക്തിക്കുതക്കവണ്ണം ഭാഷാഭിവൃദ്ധിയെ സഹായിക്കുന്നതിനു് കഴിയുന്നതാണു് എന്നുമാത്രമല്ല. സ്വഭാഷാഭിമാനം നമുക്കു് ഒരു വിശിഷ്ടഗുണമായിരിക്കുന്നതുപോലെ സ്വഭാഷാപോഷണം നമ്മുടെ ഒരു ഗൌരവമേറിയ കൎത്തവ്യകൎമ്മവുമായും ഇരിക്കുന്നു. പ്രാധാന്യവും പുഷ്ടിയും പ്രചാരവും പല വിഷയത്തിലും കൂടുതലായിട്ടുള്ള ഒരു ഭാഷയുമായിട്ടു നമുക്കു പരിചയം ഉണ്ടെന്നുവിചാരിച്ചു് അപ്രകാരമല്ലാത്ത സ്വഭാഷയെ നിസ്സാരമാണെന്നു പുഛിച്ചു തിള്ളുകളയുന്നതു് അല്പം സാഹസമാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു വിദ്വാനുമായിട്ടു നമുക്കു പരിചയംനിമിത്തം അല്പജ്ഞന്മാരോ മറ്റോ ആയിരിക്കാവുന്നതായ നമ്മുടെ മാതാപിതാക്കന്മാരെ നിസ്സാരന്മാരായി വിചാരിക്കുന്നതുപോലെ ഇതും ഒരു ക്ഷന്തവ്യമല്ലാത്ത അപരാധമാകുന്നു. നാം മാതാപിതാക്കന്മാരെ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും അവരുടെ വിദ്വത്വത്തിനെ ആസ്പദമാക്കീട്ടല്ലല്ലോ. നമ്മുടെ സ്വദേശം അന്യന്മാരുടെ ദൃഷ്ടിയിൽ എത്രതന്നെ മോശമോ, നിസ്സാരമോ ആയിരുന്നാലും നാം ഒരിക്കലും അപ്രകാരം വിചാരിക്കാറില്ലല്ലൊ. സ്വദേശാഭിമാനവും, സ്വഭാഷാഭിമാനവും അന്യന്മാരുടെ അഭിപ്രായത്തിനെ ആസ്പദമാക്കിയോ, അന്യദേശത്തോടോ, ഭാഷയോടോ, താരതമ്യപ്പെടുത്തിയോ, നാം അനുവൎത്തിക്കുന്ന ഗുണങ്ങളല്ല. അതുകൊണ്ടു് നാം സ്വദേശാഭിമാനികളാകണമെങ്കിൽ, സ്വഭാഷാഭിമാനികളുംകൂടി ആയിരിക്കേണ്ടതാണു്.

ഇനി നമ്മുടെ സ്വഭാഷയുടെ തൽക്കാലസ്ഥിതി എന്തെന്നു് ആലോചിക്കേണ്ടതാവശ്യമാണു്. പ്രസിദ്ധനായ തുഞ്ചത്തെഴുത്തച്ഛന്റെ കാലം കഴിഞ്ഞതിൽപ്പിന്നെ കുറേക്കാലത്തേയ്ക്കു് നമ്മുടെ സാഹിത്യനഭസ്സു് ശൂന്യമായി കിടന്നിരുന്നു എന്നു് പറയേണ്ടിയിരിക്കുന്നു. നമ്മുടെ മലയാളഭാഷയ്ക്കു് ഒരുമാതിരി സ്തംഭനവും അതോടുകൂടി നേരിട്ടിരുന്നു. ഈ കാലങ്ങളിലും ഇടയ്ക്കിടെ "വാൽനക്ഷത്ര"ങ്ങളുടെ വരവുപോലെ ചില കവികൾ ഭാഷാഗഗനത്തെ പ്രകാശിപ്പിച്ചിട്ടുണ്ടായിരുന്നിരിക്കാമെങ്കിലും, ഭാഷയ്ക്കുണ്ടായിരുന്ന സാഹിത്യസമ്പത്തു് ഏകദേശം ഒരേസ്ഥിതിയിൽതന്നെ ഇരുന്നതേയുള്ളുയെന്നു പറയാം. എന്നാൽ ഇക്കഴിഞ്ഞ മുപ്പതു്, നാല്പതു്, കൊല്ലങ്ങൾക്കിപ്പുറം മലയാളഭാഷ ഒരു നൂതനപദ്ധതിയിൽ പ്രവേശിക്കുകയും, പല കാരണങ്ങളാലും ആ പദ്ധതിയിൽ ഒരു ദ്രുതഗതിയെ അവലംബിക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു് അവിതൎക്കിതമായ ഒരു സംഗതിയാണു്. നാട്ടുഭാഷകളോടു സൎവകലാശാലക്കാർ കാട്ടിവന്ന അനുകമ്പയും ഇംഗ്ലീഷുമായുള്ള സംസൎഗ്ഗം, സംസ്കൃതഭാഷയ്ക്കുണ്ടായിതുടങ്ങിയ അസാമാന്യമായ പ്രചാരം, വിദ്വാന്മാരുടെ പരിശ്രമം, "ഭാഷാപോഷിണി" മുതലായ സഭകളുടെ ഉത്ഭവം,

ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ പ്രചാരം, മലയാളവിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധി നൂതനങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ, വിചാരങ്ങൾ, അറിവുകൾ ഇവയുടെ ആവിർഭാവം മുതലായി അനേകം സംഗതികൾ ഇതിന്ന് ഹേതുഭൂതങ്ങളായി വിചാരിക്കപ്പെടാം. ഇതെല്ലാംകൊണ്ടും മലയാളഭാഷ സാഹിത്യസമ്പത്ത്, പദസമൃദ്ധി, വ്യാപ്തി, ഈ വിഷയങ്ങളിൽ ഇപ്പോൾ ഒരു മാന്യസ്ഥാനത്തിലാണ് സ്ഥിതിചെയ്യുന്നത് എന്ന് ആ ഭാഷയുമായി അല്പമെങ്കിലും പരിചയമുള്ളവക്ക് അറിയാവുന്നതാണ്. എന്നാൽ ഇതുകൊണ്ടൊക്കെ മലയാളഭാഷ ഇപ്പോൾ പൂർണ്ണതയെ പ്രാപിച്ചുവെന്നല്ല ഞാൻ പറയുന്നത്. ആ പരമകാഷ്ഠയിലേക്കുള്ള പന്ഥാവിൽ ഏതാനും ദൂരം കടന്നു എന്നുമാത്രമാണ് ഞാൻ പറഞ്ഞതിൻെറ താല്പര്യം. എന്നാൽ പരമകാഷ്ഠയിൽ എത്തിയില്ല എന്നുള്ള ആക്ഷേപം പറഞ്ഞു് അതിൻെറ ഗതിയെ തടയുകയോ, അതിനെ പിന്നോക്കം തള്ളുകയോ ചെയ്യുന്നത് അല്പം കടന്ന കയ്യായി വന്നേക്കാം. പൂർണ്ണത ലോകത്തിൽ ഒരുവസ്തുവിലും നാം കാണുന്നില്ലാത്തസ്ഥിതിക്ക് മലയാളഭാഷയിൽ അതു് നാം പ്രതീക്ഷിക്കുന്നതു് അയുക്തമാണ്. അപൂർണ്ണത ഒരു വലിയ കുററമായും വിചാരിച്ചുകൂടാ. ഭാഷയുടെ വളർച്ചയിൽ പല ഘട്ടങ്ങൾ ഉണ്ടു്. ഇപ്പോൾ അതിൻെറ വളർച്ചയുടെ ഒരു ഘട്ടത്തിൽ അതു പ്രവേശിക്കുന്നതേയുള്ളൂ. മലയാളഭാഷയുടെ അഭിവൃദ്ധിക്ക് സഹായിച്ചുകൊണ്ടിരിക്കുന്ന കാരണങ്ങളിൽ മലയാളവിദ്യാലയങ്ങൾ വഹിക്കുന്ന ഭാഗം ഏററവും പ്രധാനമായിട്ടുള്ള ഒന്നാണെന്നാണ് എൻെറ അല്പബുദ്ധിയിൽ തോന്നുന്ന അഭിപ്രായം. ഇപ്രകാരമായിരുന്നാൽ മലയാളവിദ്യാലയങ്ങളുടെ സ്ഥിതിയെ ഏറക്കുറെ ആശ്രയിച്ചിരിക്കും ആ ഭാഷയുടെ അഭിവൃദ്ധിയും. മലയാളഭാഷയുടെ പൂർവ്വാധികമായ അഭിവൃദ്ധിയെ ഉദ്ദേശിച്ചായിരിക്കാം രണ്ടുകൊല്ലംമുമ്പ് നിയമിക്കപ്പെട്ട "വിദ്യാഭ്യാസകമ്മിററിക്കാർ" ഇത്തരം വിദ്യാലയങ്ങളിൽ രണ്ടു കൂടുതൽ ക്ലാസ്സുകൾകൂടി വച്ചു് ഉയന്നതരം വിദ്യാഭ്യാസം നൽകണമെന്നു ശുപാൾചെയ്തിരുന്നതെന്നു വിചാരിക്കുന്നതു് ഒരു തെററായ അനുമാനമായിരിക്കയില്ലെന്നുതോന്നുന്നു. എന്നാൽ ഇവരുടെ ശുപാൾപ്രകാരമുള്ള ഏപ്പാടു നടപ്പിൽ വന്നതായി അറിയുന്നില്ലാ. എന്നുതന്നെയുമല്ലാ ഉണ്ടായിരുന്ന ഏതാനും ഉയന്നതരം വിദ്യാലയങ്ങൾ നിത്തിയതായി കേൾക്കുന്നുമുണ്ടു്. ഏതു ഭാഷയിലായിരുന്നാലും മനുഷ്യരുടെ സൌകര്യം, ബുദ്ധിശക്തി, ആവശ്യം ഇവയെ അനുസരിച്ചു വിദ്യാഭ്യാസം ലഭിക്കുന്നതിന്ന് തക്കതായ വിദ്യാലയങ്ങൾ പടിപടിയായി രാജ്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അതല്ലാതെ അവ എല്ലാം ഒരേ നിരപ്പിൽതന്നെയിരുന്നാൽ ഇതു് സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ. ഇതു് ബുദ്ധിശക്തിയുടെ സ്വാഭാവികമായ ഉൽഗതിക്കും വളർച്ചക്കും ഒരു പ്രതിബന്ധം ഉണ്ടാക്കിവയ്ക്കുകയാണെന്നു

വനോക്കാം. ഉയൎന്നതരം വിദ്യാഭ്യാസം നൽകുന്നതിന് മാത്രം ഭാഷയ്ക്കു കെല്പില്ലെന്ന് ഒരാക്ഷേപം പുറപ്പെട്ടേക്കാം. ഇങ്ങനെയുള്ള ഭാഷയും ധാരാളം ഉണ്ടായേക്കാം. എന്നാൽ മലയാളഭാഷയുടെ ഇപ്പോഴത്തെ സ്ഥിതി തന്നെ നോക്കിയാൽ ഈ ആക്ഷേപത്തിനെ അതു് എത്രമാത്രം അൎഹിക്കുന്നുണ്ടെന്ന് ഈ വിദ്വൽസഭതന്നെ തീൎച്ചപ്പെടുത്തുന്നതു് എല്ലാംകൊണ്ടും യുക്തമായിരിക്കുമെന്നു തോന്നുന്നു. എന്റെ സ്വഭാഷ മലയാളംതന്നെയാണെങ്കിലും എന്റെ അല്പജ്ഞതനിമിത്തം അതിലുള്ള പ്രൌഢകൃതികളെ വായിക്കുകയും അവയ്ക്കു് ഉയൎന്നതരം വിദ്യാഭ്യാസവിഷയത്തിലുള്ള കെല്പ് എത്രമാത്രം ഉണ്ടെന്നു നിശ്ചയിക്കയും ചെയ്യുന്നതിനു സാധിച്ചിട്ടില്ലെന്ന് അല്പം ലജ്ജയോടുകൂടി പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്രകാരം ഒരു ന്യൂനത നമ്മുടെ സ്വഭാഷയ്ക്കുണ്ടായിരുന്നാൽ സ്വഭാഷാഭിമാനികളായ നാം എല്ലാവരും അതിനെ പരിഹരിക്കുന്നതിനു വേണ്ട ശ്രമം ചെയ്യുന്നതു് അത്യാവശ്യമായ ഒരു കാൎയ്യമാണെന്നുംകൂടി പറഞ്ഞുകൊള്ളുന്നു.

കരകൌശലങ്ങളോ മററോ മലയാളവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന് ചില ഒരുക്കങ്ങൾ ചെയ്തുവരുന്നതായി കേൾക്കുന്നുണ്ടു്. എന്നാൽ ഇതിനെ മററുവിഷയങ്ങളുടെ ഇടയിൽ തള്ളിക്കയററിവെക്കുന്നതുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമോ എന്ന് സംശയിക്കുന്നു. ഈ വിഷയത്തിൽ ഒരു മഹാനായ അമേരിക്കൻ അദ്ധ്യാപകന്റെ അഭിപ്രായം താഴെ ചേൎക്കുന്നു.

"വ്യാവസായികവിദ്യാഭ്യാസംതന്നെയാണ് നമ്മുടെ തൊഴിലാളികളുടെ കുട്ടികൾക്ക് അത്യാവശ്യമായും വേണ്ടതു്. എന്നാൽ ഈ മാതിരി വിദ്യാഭ്യാസം സാധാരണ വിദ്യാലയങ്ങളിലെ പാഠവിഷയങ്ങളുടെ സ്വഭാവത്തേയും ഉദ്ദേശത്തേയും മുഴുവൻ മാററാതെ അതിന്റെ ഒരു ഭാഗമാക്കി ഫലപ്രദമാകുംവണ്ണം നടത്തുന്നതു് അസാദ്ധ്യമാണ്. വ്യവസായവിഷയങ്ങൾക്കുവേണ്ടി മററുള്ളവിഷയങ്ങളെ ക്രമത്തിലധികം കുറയ്ക്കേണ്ടതായും വരും. ഇപ്രകാരം വ്യവസായവും ബുദ്ധിവികാസവുംകൂടി കലൎന്നു നടത്തപ്പെടുന്ന വിദ്യാഭ്യാസം അവസാനത്തിൽ രണ്ടിനെ സംബന്ധിച്ചും ഒരു നിഷ്പ്രയോജകമായ അല്പജ്ഞാനത്തെ മാത്രം നൽകിയെന്നു വന്നേയ്ക്കാം. അതുകൊണ്ടു് ഇതിനു രാജ്യത്തിൽ അവിടവിടെ പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതു് നന്നായിരിക്കും.

ഉയൎന്നതരം വിദ്യാലയങ്ങൾ ഉണ്ടായിരിക്കുന്നതു ഭാഷയുടെ അഭിവൃദ്ധിക്കും ഭാഷാജ്ഞന്മാരുടേയും, വിദ്വാന്മാരുടേയും, വൎദ്ധനയ്ക്കും വിദ്യാ

ത്ഥികളുടെ ബുദ്ധിശക്തി, വാസന, മുതലായവയുടെ പ്രകാശിപ്പിനും, ഒരു വലിയ സഹായമായിരിക്കുമെന്നും തോന്നുന്നു. ഭാഷയുടെ അഭിവൃദ്ധി വിദ്യാലയങ്ങളിൽ നിന്നല്ല, മററുപ്രകാരേണയാണ് ഉണ്ടാകുന്നതെന്നും ഒരഭിപ്രായവും ഇല്ലെന്നില്ല. ഭാഷയ്ക്കു് അഭിവൃദ്ധി വിദ്വാന്മാരിൽനിന്നും ആണല്ലോ ഉണ്ടാകുന്നതു്. വിദ്വാന്മാരുണ്ടാകുന്നതു് വിദ്യാലയങ്ങളിൽ അല്ലെങ്കിൽ അവരുടെ വിളഭൂമി ഏതാണെന്നും അറിയാൻപാടില്ലാതെ ഇരിക്കുന്നു. വിദ്യ ഇല്ലാതെ വിദ്വാന്മാരാകുന്നതും എങ്ങിനെയാണാവോ. വിദ്യാലയങ്ങളിൽ ചേരുന്നവരെല്ലാം വിദ്വാന്മാരായി വരുന്നതല്ലല്ലൊ. വാസനയും, ബുദ്ധിശക്തിയും, ഉത്സാഹവും ഉള്ളവക്കു് ഉയൎന്നതരം വിദ്യാഭ്യാസം ലഭിക്കുന്നാതിനുള്ള സൌകൎയ്യം ഉണ്ടായിരുന്നാൽ ഇതിലേയ്ക്കു് വളരെ എളുപ്പമുള്ളതാണല്ലൊ. വിദ്വാന്മാൎക്കു വേണ്ടതായ ഗുണങ്ങളുടെ ഉല്പത്തിസ്ഥാനം പ്രായേണ വിദ്യാലയങ്ങൾ തന്നെയാണെന്നാണ് തോന്നുന്നതു്. വിദ്വാന്മാർ വേറെവിധമാണു് ഉണ്ടാകുന്നതെന്നു സമ്മതിച്ചാലും ഇവരുടെ വിദ്യയുടെ ഫലമായ കൃതികൾ വായിക്കുവാനുള്ളവരാരാണു്. ഉൽകൃഷ്ടവിദ്യാഭ്യാസം ഇല്ലാത്തവക്കു് ഇതു സാദ്ധ്യമാണോ. ഇതിന്നു് ഉൽകൃഷ്ടവിദ്യാലയങ്ങൾ ആവശ്യമല്ലയോ. വിദ്വാന്മാരുടെ കൃതികളെ ആരുംതന്നെ ആസ്വദിക്കാതിരിക്കാതെ അവയ്ക്കു് എങ്ങിനെ പ്രചാരം വരും. എന്നാൽ വിദ്വാന്മാരെ സൃഷ്ടിക്കയല്ല മലയാളവിദ്യാലയങ്ങളുടെ ഉദ്ദേശ്യം എന്നു പറയുമായിരിക്കാം. ഇതു് സമ്മതിക്കേണ്ട ഒരു കാൎയ്യംതന്നെയാണു്. എന്നാൽ പിന്നെ ഇവയുടെ ഉദ്ദേശ്യം വേറെയെന്താണെന്നും അതിനെ എത്രമാത്രം ഈ വിദ്യാലയങ്ങൾ നിറവേററുന്നുണ്ടെന്നും ആലോചിക്കേണ്ടതാണു്. പക്ഷെ ഗവമ്മെൻറുസവ്വീസിലേയ്ക്കു യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനായിരിക്കാം. ഇങ്ങനെയായിരുന്നാൽ ഉൽകൃഷ്ടവിദ്യാഭ്യാസമല്ലയൊ ആവശ്യം. എന്നുതന്നെയുമല്ല, ഇംഗ്ലീഷ് പരീക്ഷാവിജയികൾ മാത്രമെ ഇതിന്നു് അഹന്മാരായിരിക്കു, എന്നു് എല്ലാ ഡിപ്പാർട്ടുമെൻറുമേലധികാരികളും തീച്ചപ്പെടുത്തിവച്ചിരിക്കുന്ന കാലമാണല്ലൊ ഇതു്. ഈ സ്ഥിതിക്കു് മലയാളവിദ്യാഭ്യാസം സിദ്ധിച്ചവക്കു് ഇക്കാൎയ്യത്തിൽ ഒന്നും ആശിക്കുവാൻ വഴിയുണ്ടെന്നു പറവാൻ നിവൃത്തിയില്ല. എന്നാൽപ്പിന്നെ എഴുതാനും വായിക്കാനും മാത്രം ശീലിപ്പിക്കുന്നതിനാണെന്നു് പറയുമായിരിക്കാം. ഇതു് "വിദ്യാഭ്യാസ"മാകമോ എന്നു് അല്പം സംശയമുണ്ടു്. പക്ഷെ ബുദ്ധിശക്തിയെ സ്പശിക്കാത്ത ഒരു മാതിരി വിദ്യാഭ്യാസമായിരിക്കാം. ഇതു രണ്ടും കേവലം അചേതനങ്ങളായ യന്ത്രങ്ങളുംകൂടി ഇപ്പോൾ ചെയ്യുന്നുണ്ടെന്നു തോന്നുന്നു. അതല്ല വല്ല തൊഴിലുകൾ ചെയ്യുന്നതിനും വിദ്യാത്ഥികളെ യോഗ്യന്മാരാക്കിത്തീക്കാനായിരിക്കാം. എന്നാൽ ഈവക യാതൊന്നും നാട്ടുഭാഷാവിദ്യാലയങ്ങളിൽ

പാഠവിഷയങ്ങളായി പഠിപ്പിക്കുന്നതായി അറിവില്ല. സാമാന്യവിദ്യാഭ്യാസത്തിനുള്ള വിദ്യാലയങ്ങളിൽ തൊഴിലഭ്യസിപ്പിക്കുന്നതു് സാദ്ധ്യവുമല്ല. എന്നാൽ തൊഴിലുകൾതന്നെ ശരിയായി ചെയ്യണമെങ്കിൽ ഉയന്നതരം വിദ്യാഭ്യാസം അത്യാവശ്യമാണു്. ബുദ്ധിയാണു് ഹസ്തത്തെ ചലിപ്പിക്കുന്നതു്. ബുദ്ധി പുറകിൽ ഉണ്ടെങ്കിൽ തൂമ്പാ, കോടാലി, മൺവെട്ടി മുതലായവ സചേതനങ്ങളായിത്തീരുന്നു. പിന്നെ വിദ്യാർത്ഥികളെ യോഗ്യന്മാരായ പൌരന്മാരും സമുദായാംഗങ്ങളും ആക്കിത്തീക്കുന്നതിനായിരിക്കാം; ശരി ഇതുതന്നെ മുഖ്യമായ ഉദ്ദേശ്യം. ഇപ്രകാരമാണെങ്കിൽ, ഉൽകൃഷ്ട വിദ്യാഭ്യാസം, ബുദ്ധിസംസ്കരണം, സ്വഭാവരൂപീകരണം, കൃത്യബോധം മുലായവയാണല്ലൊ വേണ്ടതു്. ഇതിന്നു് ഉയന്നതരം വിദ്യാലയങ്ങൾ ഇല്ലാതെ ഒരിക്കലും സാധിക്കുന്നതല്ല. ഇപ്പോൾ ഉള്ള മലയാളവിദ്യാലയങ്ങളിലുള്ള വിദ്യാഭ്യാസരീതിയും മററും ഇതിന്നു് ഉതകുന്നവയല്ലെന്നു് പറയേണ്ടതില്ലല്ലൊ. ഇവയിൽ പല സാരങ്ങളായ മാററങ്ങളും ചെയ്യേണ്ടതത്യാവശ്യമാണെന്നു് പലക്കും അഭിപ്രായമുണ്ടു്. ആദ്യമായി ഈ വിദ്യാലയങ്ങളിൽ ചിലതെങ്കിലും, ഉൽകൃഷ്ടവിദ്യാഭ്യാസം നൽകുന്നതിന്നു് വേണ്ടതായ സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. ഇത്തരം വിദ്യാഭ്യാസം കൊണ്ടല്ലാതെ ബുദ്ധിക്കും സ്വഭാവത്തിനും അവശ്യങ്ങളായ സംസ്കരണം സിദ്ധിക്കാൻ പ്രയാസമാണെന്നു തോന്നുന്നു. ഇപ്പോൾ നടക്കുന്ന വിദ്യാഭ്യാസം, വിദ്യാർത്ഥികൾക്കു് ധാരണാശക്തി ഉണ്ടോ എന്നു് പരീക്ഷിക്കുന്നതിന്നു് ഒരുവിധം ഉതകുമെന്നു തോന്നുന്നു. എന്നാൽ ബുദ്ധിയുടെ മററു ശ്രേഷ്ഠങ്ങളായ ശക്തികളെ അല്പമെങ്കിലും ചലിപ്പിക്കയൊ, ഉദ്ദീപിപ്പിക്കയൊ, പോഷിപ്പിക്കയൊ ചെയ്യുന്നുണ്ടോ എന്നുള്ള സംഗതി സംശയസ്ഥാനത്തിലാണു്. ഈവക വിദ്യാലയങ്ങളിൽനിന്നും പുറത്തു വരുന്നവർതന്നെ ഇതിനെ സാക്ഷീകരിക്കുന്നില്ലയോ. വിദ്യാൎത്ഥികളുടെ സ്വഭാവത്തെ സംസ്കരിക്കയോ, രൂപീകരിക്കയൊ ചെയ്യുന്നതു്. ഈ വിദ്യാലയങ്ങളുടെ ഉദ്ദേശ്യങ്ങളിൽ ഒന്നാണെന്നു് വല്ലവരും വിചാരിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചറിയേണ്ടതാണു്. ഇംഗ്ലീഷ് വിദ്യാലയങ്ങളോടു് നാം കാണിച്ചുവരുന്ന പ്രതിപത്തിയൊ, ബഹുമാനമോ ഈവക വിദ്യാലയങ്ങളോടു ഭാവിച്ചുകാണാത്തതു് എന്താണെന്നും ആലോചിക്കേണ്ട സംഗതിയാണു്. അവയുടെ മോശസ്ഥിതികൊണ്ടോ, അവയുടെ സൂക്ഷ്മസ്ഥിതിയെ അറിയുന്നതിന്നു് നമുക്കുള്ള അശക്തികൊണ്ടൊ, എന്താണെന്നു് അറിഞ്ഞിരിക്കുന്നതു് നല്ലതാണെന്നു തോന്നുന്നു. നാട്ടിലുള്ള വിദ്യാൎത്ഥികളിൽ ഭൂരിഭാഗവും വിദ്യാഭ്യാസസമ്പാദനത്തിനായി ഇവയിലാണല്ലൊ പ്രവേശനം തേടുന്നതു്. നമ്മുടെ സ്വഭാഷയിൽ നടത്തപ്പെടുന്നവയും ഇവതന്നെയാണല്ലൊ. ഭാവി

യിൽ പൌരന്മാരായിരിക്കാൻ പോകുന്ന നമ്മുടെ സന്താനങ്ങളുടെ ജാതകം എഴുതുന്നതും ഇവിടെത്തന്നെയാണല്ലോ. ഈ സ്ഥിതിക്ക് വിദ്യാലയങ്ങൾ എത്രയും ഉത്തമരീതിയിൽ നടത്തപ്പെടേണ്ടവയാണെന്നു പറഞ്ഞേതീരു എന്നില്ലല്ലോ. എന്നാൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി ഇപ്രകാരമാണെന്ന് വിചാരിക്കാൻ നിവൃത്തികാണുന്നില്ല. ഇവയിൽ പലതും അടുത്തുള്ള ഇംഗ്ലീഷ് വിദ്യാലയങ്ങൾക്ക് നാവിൻദോഷം തട്ടാതിരിപ്പാൻവേണ്ടി വച്ചിരിക്കുന്നവയാണെന്നു തോന്നുമെന്ന് ആരോ പറഞ്ഞുകേട്ടതായി ഓർമ്മിക്കുന്നുണ്ട്. ഇതു് പക്ഷെ അതിശയോക്തിയോ മറേറാ ആയിരിക്കാം. അലങ്കാരത്തിൽ അല്പം പരിചയക്കുറവുണ്ട്. പുതിയ വിദ്യാഭ്യാസനിയമത്തിൻെറ പൂർണ്ണപ്രചാരത്തോടുകൂടി ഈവക വിദ്യാലയങ്ങളും ഏററവും ഗുണപ്രദങ്ങളായിത്തീരുമെന്നു നമുക്ക് ആശിക്കാവുന്നതാണ്.

ഒരു വിദ്യാലയത്തിൽനിന്നുണ്ടാകുന്ന ഗുണം അതിലെ അദ്ധ്യാപകന്മാരുടേയും പാഠപുസ്തകങ്ങളുടേയും മററും സ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. ഈ രണ്ടു വിഷയങ്ങളിലും മലയാളവിദ്യാലയങ്ങൾക്ക് ചില ന്യൂനതകൾ ഇല്ലാതിരിക്കുന്നില്ലെന്നാണ് സാധാരണയുള്ള അഭിപ്രായം. ഇപ്പോൾ മലയാളവിദ്യാലയങ്ങൾക്ക് അത്യാവശ്യമായി വേണ്ടിയിരിക്കുന്നതു് ഒരു മാതിരി "ഗൌരവം" ആകുന്നു. ഇതിൻെറ അഭാവംകൊണ്ടാണ് ഇവയെ ഇംഗ്ലീഷ്വിദ്യാലയങ്ങളെപ്പോലെ നാം ആദരിക്കാത്തതും. ഈ ന്യൂനതയെ പരിഹരിക്കുന്നതിന് പ്രധാനാദ്ധ്യാപകന്മാരായി ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചും ഭാഷയിൽ വൈദഗ്ദ്ധ്യം പ്രാപിച്ചും, ഭരണശക്തി, ആത്മാഭിമാനം കൃത്യനിഷ്ഠ, ബുദ്ധി, ഗൌരവം മുതലായ ഗുണങ്ങൾ ചേൎന്നും ഇരിക്കുന്ന ആളുകളെ നിയമിക്കയാണു വേണ്ടതു്. മററുള്ള അദ്ധ്യാപകന്മാരിലും ഈ വക ഗുണങ്ങൾ കഴിയുന്നതും ഉണ്ടായിരിക്കേണ്ടതാണെന്നു പറയണമെന്നില്ലല്ലോ. നാനൂറൊ, അഞ്ഞൂറൊ കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയത്തെ ഉത്തമരീതിയിൽ ഭരിക്കുന്നതിന് ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ട് വിശാലഹൃദയനും സമചിത്തനും ആയിരിക്കുന്ന ഒരാൾ അത്യാവശ്യമാണെന്ന് എനിക്കു തോന്നുന്നു. മലയാളവിദ്യാലയങ്ങളിൽ പെരുമാറുന്ന മലയാളം ദോഷരഹിതവും ശുദ്ധവും ഭാഷാജ്ഞന്മാർ സ്വീകരിച്ചിട്ടുള്ള രീതിയെ അവലംബിച്ചിരിക്കുന്നതുമായിരിക്കണം. "നാട്ടുകാരുടെ ഇംഗ്ലീഷ്" എങ്ങിനെ ആക്ഷേപകരമായിരിക്കുന്നുവോ അതുപോലെതന്നെ വിദേശി മലയാളവും ആക്ഷേപകരമായിത്തന്നെ ഇരിക്കും. ഒരു ഭാഷയുടെ മൎമ്മങ്ങളും, ഗൂഢഗതികളും മററും ആ ഭാഷ മാതൃഭാഷയായിരിക്കുന്ന ഒരാളിനല്ലാതെ നിശ്ചയം വരാൻ പ്രയാസമാണ്. എല്ലാ വിഷയങ്ങളും ഈ ഭാഷയിൽ പഠിപ്പിക്കേണ്ടതിനാൽ ഭാഷാവൈദഗ്ദ്ധ്യം അദ്ധ്യാപകന്മാൎക്കത്യാവശ്യമാണ്. എന്നാൽ

ഇതു് ഇപ്പോ൦ അത്യാവശ്യമായ ഒരു യോഗ്യതയായിട്ടു ഗണിച്ചിട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പല പ്രധാനാദ്ധ്യാപകന്മാരും ഇപ്പോഴും കീഴ്വാദ്ധ്യാന്മാരുടേയൊ നോട്ടിൻെറയോ സഹായംകൊണ്ടും ഒരുവിധം കടിച്ചും മുറിച്ചും ഭാഷാപാഠം നടത്തിക്കൊണ്ടുപോകുന്നതായി കേട്ടറിവുണ്ടു്. ഇതു ഭാഷാവിദഗ്ദ്ധന്മാരെ വേണ്ടിടത്തോളം കിട്ടാഞ്ഞിട്ടൊ മററുവല്ല കാരണംകൊണ്ടോ ആയിരിക്കാം. എന്നാൽ ഇതു് മലയാളവിദ്യാലയങ്ങളേയും, ഭാഷയേയും സംബന്ധിച്ചിടത്തോളം ഒരു അഭിലഷണീയമായ ഏർപ്പാടാണെന്നുതോന്നുന്നില്ലന്നുമാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളു. ഇപ്പോ൦ മലയാളവിദ്യാലയങ്ങളിൽ കണ്ടുവരുന്ന ഒരു വലിയ ന്യൂനത അവിടെ സ്വഭാവസംസ്കരണം ലേശംപോലും ഇല്ലെന്നുള്ളതാണു്. ഇതു് വിദ്യാഭ്യാസത്തിൻെറ ഒരു അംശംതന്നെയാണെന്നു് വല്ലവരും വിചാരിച്ചുവരുന്നുണ്ടോ എന്നും സംശയമാണു്. ബുദ്ധിസംസ്കരണത്തിൻെറ കാൎയ്യം ഇരിക്കട്ടെ. അദ്ധ്യാപകന്മാരിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ അഭാവംതന്നെയാണു് ഇതിനു പ്രധാനകാരണം. ഭരണശക്തി, ബുദ്ധിഗൌരവം, ആത്മാഭിമാനം, കൃത്യബോധം മുതലായി ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽനിന്നും ലഭിക്കുന്ന ഗുണങ്ങ൦ അദ്ധ്യാപകന്മാരിൽ പ്രകാശിച്ചെങ്കിലല്ലാതെ അവ അദ്ധ്യേതാക്കളിൽ പ്രതിഫലിച്ചുകാണുകയില്ല. ദൃഷ്ടാന്തപാഠം എത്രയോ സാരമായിട്ടുള്ളതാകുന്നു. നാം അറിയാതെ പഠിക്കുന്ന പാഠത്തിന്നു് വളരെ ശക്തികൂടുമല്ലോ. അദ്ധ്യേതാക്ക൦ക്കു് ഈ ഗുണങ്ങ൦ ഇല്ലാത്ത അദ്ധ്യാപകന്മാരിൽ ബഹുമാനവും ഭക്തിയും വരാനും തരമില്ല. ഇപ്രകാരം ഉള്ള സ്ഥിതി സ്വഭാവസംസ്കരണത്തിന്നു് അനുകൂലമായി വരുമോ എന്നു സംശയമാണു്. എന്നാൽ ഇപ്പോ൦ നടപ്പാക്കപ്പെട്ട "സ്കൂ൦ ലീവിംഗ് സട്ടിഫിക്കേററു്" ഏർപ്പാടിൻപ്രകാരം കുട്ടികളുടെ പഠിത്തം, നടത്ത, ഇവകളെ നിൎണ്ണയിക്കുന്നതിനും അതനുസരിച്ചു് ക്ലാസ്സുകയററം കൊടുക്കുന്നതിനും മററും വ്യവസ്ഥചെയ്കയും അതിലേയ്ക്കു് ഒരു പ്രത്യേക രജിസ്റ്റർ വയ്ക്കുയും മററും ചെയ്തിട്ടുള്ളതു് ഈ ന്യൂനതയെ പരിഹരിക്കാനായിരിക്കാം. ഇതിനാൽ അദ്ധ്യാപകന്മാരിൽ ഒരു ഗൌരവമേറിയ ചുമതല സമൎപ്പിയ്ക്കപ്പെട്ടിരിക്കുന്നു. ഈചുമതലയെ നിഷ്പക്ഷപാതമായും, ശരിയായും നിറവേററുന്നതിനും, ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള അദ്ധ്യാപകൻ അത്യാവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. അദ്ധ്യേതാക്കളുടെ മനസ്സിൻെറ മുമ്പിൽ ഉൽകൃഷ്ടപരമോദ്ദേശ്യങ്ങളെ (High ideals) സമൎപ്പിക്കുന്നതിനും ഇപ്രകാരമുള്ള അദ്ധ്യാപകന്മാർ ആവശ്യമാണു്. അതിനാൽ അദ്ധ്യാപകന്മാരെ പ്രത്യേകം പ്രധാനാദ്ധ്യാപകനെ നിയമിക്കുന്നതിൽ ഇപ്പോ൦ അനുവത്തിച്ചുവരുന്ന നയമോ, മററുവല്ലതുമോ ഒന്നു ഭേദപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നതു് അബദ്ധമാണെന്നു് തോന്നുന്നില്ല.

ഇനി പാഠവിഷയങ്ങളേയും പുസ്തകങ്ങളേയും പററി അല്പം പറഞ്ഞുകൊള്ളട്ടേ. വിസ്തരിച്ചു പറയുന്നതിന്ന ഞാൻ ഇപ്പോൾ സന്നദ്ധനല്ല. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഭാഷാപാഠപുസ്തകങ്ങൾക്കു ചില ആക്ഷേപങ്ങൾ പറഞ്ഞുകേൾക്കുന്നുണ്ട്. ഒന്നാമതു് അവ സ്റ്റാൻഡാർഡ് കവിഞ്ഞവയാണെന്നും രണ്ടാമതു് അവയിൽ സംസ്കൃതപദങ്ങൾ അധികമായിപ്പോയി എന്നും ആകുന്നു. ഒന്നാമത്തെ ആക്ഷേപത്തെ പരിഹരിക്കുന്നതിന് ഇവയെ ഓരോപടി ഉയർത്തി പഠിപ്പിക്കുന്നതുകൊണ്ടും, രണ്ടാമത്തെ ആക്ഷേപത്തിന്ന സംസ്കൃതപദങ്ങളെക്കുറിച്ച് ഇവയിലെ ഭാഷാരീതി അല്പം ഭേദപ്പെടുത്തുന്നതുകൊണ്ടും, മതിയാകുമെന്നുതോന്നുന്നു. എന്നാൽ ഇപ്രകാരം ചെയ്യുന്നതിൽഭേദം നൂതനഭാഷാപാഠപുസ്തകങ്ങൾ നിർമ്മിക്കയല്ലേ നല്ലതെന്നു വിചാരിക്കുന്നു. എങ്കിൽ ഈ ജോലി ഈ രാജ്യത്തുള്ള ഭാഷാവിദഗ്ദ്ധന്മാരെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതു നന്നായിരിക്കും. പ്രത്യേകിച്ചും ഭാഷാപോഷണത്തിന്നുവേണ്ടി പലവിധം യത്നിച്ചുകൊണ്ടിരിക്കുന്നതും കേരളത്തിലുള്ള അനേകം വിദ്വാന്മാർ അംഗങ്ങളായിരിക്കുന്നതും ആയ ഈ സഭയെതന്നെ ഈ വിഷയത്തിൽ ചുമതലപ്പെടുത്തുന്നതെല്ലാംകൊണ്ടും ഉത്തമമായിരിക്കുമെന്നാണെനിക്കു തോന്നുന്നതു്. ഇപ്രകാരമല്ലാതെ അന്യഭാഷക്കാർക്ക് മലയാളം പഠിക്കുന്നതിന്നുവേണ്ടി അവരിൽ വല്ലവരും ഉണ്ടാക്കീട്ടുള്ള പുസ്തകങ്ങളെ മലയാളം സ്വഭാഷയായിരിക്കുന്ന അദ്ധ്യേതാക്കൾക്ക് മലയാളം പഠിക്കുന്നതിനായി നിശ്ചയിക്കുന്നതു് എത്രമാത്രം ഉചിതമായിരിക്കുമെന്ന് നിങ്ങൾതന്നെ ആലോചിക്കേണ്ടുകാര്യമാണു. മലയാളഭാഷാവൃത്തത്തിന്റെ പരിധി കേരളമാണല്ലോ. എന്നാൽ ഈ ഭാഷാവൃത്തത്തിന്റെ കേന്ദ്രം ഇപ്പോൾ തിരുവിതാംകൂറാണെന്ന പറയുന്നതിൽ ആരും മുഷിയുമെന്നു തോന്നുന്നില്ല. ഇങ്ങനെ ഇരിക്കുന്ന സ്ഥിതിക്കു തിരുവിതാംകോട്ട് മലയാളവിദ്യാലയങ്ങൾക്കു ഭാഷാപാഠപുസ്തകം തയാറാക്കാൻ ആളില്ലെന്ന് വരുന്നു എങ്കിൽ അതു് നമുക്കെല്ലാവർക്കും ഒരു വലിയ കുറച്ചിലാണെന്നു പറയണമോ. ഇങ്ങനെയുള്ള വിഷയങ്ങളിൽ ഭാഷാപോഷിണിസഭയുടെ അഭിപ്രായം വളരെ വിലയുള്ളതായിരിക്കും. അതിനെ ധരിപ്പിക്കേണ്ടതു് അതിന്റെ ചുമതലയാണെന്ന് എനിക്കു തോന്നുന്നു. മലയാളഭാഷാസംബന്ധമായ ഒരുകാര്യം തീരുമാനിക്കുന്നതിന് ഇതുപോലെ യോഗ്യതയും ശക്തിയുമുള്ള മററൊരുസഭ ഉണ്ടെന്നു തോന്നുന്നില്ലാ. ഈ സഭക്ക് ഇപ്രകാരം അഭിപ്രായം പറയുന്നതിന്ന് അവകാശമോ, അധികാരമോ ഇല്ലാതിരിയ്ക്കുന്നതു് ഇതിന്റെ പ്രയോജനങ്ങളിൽനിന്ന് ഒരു സാരമായ ഭാഗത്തെ തള്ളിക്കളയുകതന്നെയാണ്. ഇതു് ഈ സഭയുടെ കൃത്യങ്ങളിൽ ഒന്നല്ലെങ്കിൽ പിന്നെ എന്താണെന്നറിയുന്നില്ല. ഒരു രാജ്യത്തെ വിദ്യാലയങ്ങളിൽ ആ രാജ്യത്തെ ഭാഷ കഴിഞ്ഞാൽ പിന്നെ പ്രധാനമായി പഠിപ്പിക്കേണ്ടതു് ആ രാജ്യചരിത്രമാകുന്നു. ഭാ

വിയിൽ പൌരന്മാരായിരിക്കാൻ പോകുന്നവൎക്കു് സ്വദേശാഭിമാനം ആവശ്യമായ ഒരു ഗുണമാണല്ലോ. ഇതിനെ ജനിപ്പിക്കുന്നതിനു് സ്വദേശചരിത്രം എത്രമാത്രം സഹായിക്കുമെന്നു് പറയണമെന്നില്ലല്ലോ. തിരുവിതാംകൂർചരിത്രം ഇപ്പോൾ കഥാരൂപേണ കീഴ്ക്ലാസ്സുകളിൽ പഠിപ്പിക്കുന്നുണ്ടെന്നു തോന്നുന്നു. ഇതു് ഒട്ടും മതിയാകുന്നതല്ല. ഉയൎന്നക്ലാസ്സുകളിൽ തിരുവിതാംകൂർചരിത്രം ഉത്തമരീതിയിൽ പഠിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നു വിചാരിക്കുന്നു. എന്നാൽ പാഠപുസ്തകത്തിന്റെ ന്യൂനത ഇവിടേയും പറഞ്ഞേക്കാം. ഇതു് എളുപ്പം തീൎക്കാവുന്ന ഒന്നാണെന്നു പറയേണ്ടതില്ലല്ലോ.

മലയാളവിദ്യാലയങ്ങളിൽ ഒരു ഉപഭാഷകൂടി പഠിപ്പിക്കേണ്ടതാണെന്നു് ഒരു അഭിപ്രായവും ഉണ്ടു്. സാധാരണ വിദ്യാഭ്യാസം ലഭിച്ച ഒരാൾ ചുരുങ്ങിയപക്ഷം രണ്ടു ഭാഷയെങ്കിലും അറിഞ്ഞിരിക്കേണ്ടതാണു്. ഇതു മലയാളത്തിനേക്കാൾ ഉയൎന്നപടിയിൽ ഇരിക്കുന്ന ഒരു ഭാഷയായാൽ നന്നായിരിക്കും. ഇംഗ്ലീഷോ സംസ്കൃതമോ ആയാൽ കൊള്ളാമെന്നു വിചാരിക്കുന്നു. ഇതുകൊണ്ടു് ഭാഷാജ്ഞാനം ലഭിക്കുന്നതു കൂടാതെ ബുദ്ധിശക്തിയെ പല വിധത്തിലും പോഷിപ്പിക്കയും വികസിപ്പിക്കയും ചെയ്യുന്നതുമാണല്ലോ.

ശാസ്ത്രീയ വിഷയങ്ങൾ ഇപ്പോൾ മലയാളവിദ്യാലയങ്ങളിലെ പാഠവിഷയങ്ങളിൽനിന്നും ഒഴിച്ചിരിക്കയാണല്ലോ. കാരണം മലയാളഭാഷയ്ക്കു് ഇതിനു വേണ്ടതായ കെല്പോ, പുഷ്ടിയോ ഇല്ലെന്നും, തക്കതായ പുസ്തകങ്ങൾ ഇല്ലെന്നും, മലയാളത്തിൽ ഇവയിൽ പ്രതിപാദിക്കപ്പെടുന്ന വസ്തുക്കൾക്കു് പേരുകൾ ഇല്ലെന്നും, ഇവയെ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നു എന്നുള്ളതുകൊണ്ടു മലയാളവിദ്യാലയങ്ങളിൽ ആവശ്യമില്ലെന്നും മററും ആകുന്നു. ആദ്യം പറഞ്ഞിട്ടുള്ള കാരണത്തിന്റെ യാഥാൎത്ഥ്യത്തെക്കുറിച്ചു ഭാഷാവിദഗ്ദ്ധന്മാർതന്നെ തീർച്ച ചെയ്യേണ്ടതാണെന്നു് മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. പുസ്തകങ്ങളും തക്ക പേരുകളും ഇല്ലെന്നുള്ളതു് ഒരു സമയം ശരിയായിരിക്കാം. എന്നാൽ ഇങ്ങനെയുള്ള പുസ്തകങ്ങൾ ഭാഷയിൽ ഉണ്ടാകണമെങ്കിൽ അവയ്ക്കുള്ള ആവശ്യംകൂടി ഉണ്ടായിരിക്കണം. ആവശ്യമാണല്ലോ നിൎമ്മാണത്തിനു കാരണം. ശാസ്ത്രീയവിഷയങ്ങൾ മലയാളവിദ്യാലയങ്ങളിൽ പഠിപ്പിക്കുക എന്നു വരുമ്പോൾ തക്കതായിട്ടുള്ള പുസ്തകങ്ങളും ഉണ്ടാകും. അതുകൊണ്ടു് ശാസ്ത്രീയപുസ്തകങ്ങൾ മലയാളത്തിൽ ഇല്ലാ എന്നുള്ളതു മലയാളവിദ്യാലയങ്ങളിൽ ഈ വിഷയങ്ങൾ പഠിപ്പിക്കാതിരിക്കുന്നതിനു് ഒരു കാരണമാകയില്ലെന്നല്ലാ—അവയെ പഠിപ്പിക്കണമെന്നുള്ളതിനു് ഒരു നിർബന്ധമായ കാൎയ്യംകൂടിയാകുന്നു. ആദ്യം

അല്പം ദുർഘടങ്ങൾ ഉണ്ടായേക്കാമെങ്കിലും അല്പകാലംകൊണ്ടു് അവ തീരെ തീൎന്നുപോകുന്നതുമാകുന്നു എന്നു തന്നെയുമല്ലാ—ഇതു് മലയാളഭാഷയ്ക്കു മാത്രം വന്നുകൂടിയിട്ടുള്ള ഒരു ന്യൂനതയും അല്ലാ—എല്ലാ ഭാഷകൾക്കും അവയുടെ വളർച്ചയിൽ ഈ ഘട്ടം ഒരിക്കൽ നേരിടാവുന്നതാണു്. ചില ഭാഷകൾ ഈ ഘട്ടത്തെ കടന്നുകഴികയും, ചിലവ ഈ ഘട്ടത്തിൽ എത്തിയിരിക്കുകയും മററു ചിലവ ഇതിൽ എത്താതെയിരിക്കയുമാണു് ചെയ്യുന്നതു്. ജനങ്ങൾക്കു ജ്ഞാനവും വിദ്യയും മററും വൎദ്ധിച്ചുവരുന്തോറും ഭാഷയും അഭിവൃദ്ധിയെ പ്രാപിക്കുന്നു. മലയാളഭാഷ ഇപ്പോൾ ഈ ഘട്ടത്തിൽ എത്തിയിരിക്കയാണു്. അതിനെ ഇവിടം കടക്കുന്നതിനു സഹായിക്കേണ്ട ചുമതല ഭാഷാഭിമാനികൾക്കുള്ള ഒരു വലിയ ചുമതലയാണു്. ഭാഷയിൽ വേണ്ടതായ പേരുകൾ ഇല്ലെന്നുള്ളതും ഇതുപോലെതന്നെയാണല്ലോ. ഇപ്പോൾ ഇംഗ്ലീഷിൽതന്നെ ഉപയോഗിച്ചുവരുന്ന സാങ്കേതിക ശബ്ദങ്ങൾ ഭാഷയുടെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നവയല്ലെന്നു തീർച്ചയാണല്ലോ. ശാസ്ത്രസംബന്ധമായ വിദ്യാഭ്യാസവും അറിവും വൎദ്ധിച്ചുവന്നതോടുകൂടി ഇവയെ, ലാററിൻ, ഗ്രീക്ക് മുതലായ ഭാഷകളിൽനിന്നും സ്വീകരിക്കയാണു് ചെയ്തിട്ടുള്ളതു്. മലയാളത്തിനു് ഈമാതിരി സഹായം സംസ്കൃതത്തിൽനിന്നും ലഭിക്കാവുന്നതാണു്. ആദ്യം ഈ വക ശബ്ദങ്ങൾക്കു് ഒരു പുതുമ വല്ലതും വന്നുകൂടിയേക്കാം. എന്നാൽ കാലക്രമേണ മററുവസ്തുക്കളേപ്പോലെ ഇവയും പരിചയംകൊണ്ടു് പഴമക്കാരായിത്തീരും.

ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ഈ വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നുള്ളതു മലയാളവിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടെന്നുള്ളതിനു എങ്ങിനെ കാരണമായി തീരുമെന്നു് അറിഞ്ഞുകൂടാ. ഒന്നിലെ വിദ്യാൎത്ഥികളല്ലാ മററതിൽ പഠിക്കുന്നതു്. വിദ്യാൎത്ഥികളിൽ ഭൂരിഭാഗവും മലയാളവിദ്യാലയങ്ങളിലാണു പഠിക്കുന്നതു്. എല്ലാവൎക്കും ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ചേൎന്നു പഠിക്കുന്നതിനു ശക്തിയും ഇല്ലാ, അതിനുമാത്രം ഇംഗ്ലീഷ് വിദ്യാലയങ്ങളുമില്ല. പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കാരങ്ങളുടെ ഫലം മലയാളവിദ്യാൎത്ഥികൾക്കും കുറെ ലഭിക്കുന്നതു നന്നായിരിക്കയില്ലയോ. അവൎക്കു് ഇതിൻെറ സ്വാദ് അറിയുന്നതിനു് ആഗ്രഹം ഇല്ലെന്നുവരുമോ. ഇതു് ഇവരെ സംബന്ധിച്ചിടത്തോളം ഒരു "അനാസ്വാദ്യഫല"മായിരിക്കുമോ. ഇതു രാജ്യത്തിൻെറയും ജനങ്ങളുടേയും നന്മയ്ക്കു് ഉതകുന്നതല്ലയോ. എല്ലാ മലയാളവിദ്യാലയങ്ങളും ഒരുപോലെയിരിക്കണമെന്നല്ല പറയുന്നതു്. ഉയൎന്നതരം വിദ്യാഭ്യാസം നല്കുന്നതായും, ഇംഗ്ലീഷ് വിദ്യാലയങ്ങളോടു ഏകദേശമെങ്കിലും തുല്യങ്ങളായും, രാജ്യത്തിൽ അവിടവിടെ മലയാളവിദ്യാലയങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നു മാത്രമേ പറയുന്നുള്ളു. മലയാളവിദ്യാല

യങ്ങളെക്കുറിച്ചു് ഇനിയും പലതും പറവാനുണ്ടു്. അവയെ ഒക്കെയും ഈ ചെറിയ ഉപന്യാസത്തിൽ അടക്കണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. മലയാളഭാഷയെ സംബന്ധിച്ചേടത്തോളം ഇവയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു മാത്രം അല്പം പ്രസ്താവിക്കണമെന്നു മാത്രമേ താല്പര്യമുള്ളു. ഈ വിഷയത്തിൽ ഞാൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾതന്നെ ശരിയായിട്ടുള്ളവയാണോ എന്നു് സംശയമുണ്ടു്. അവയെ എല്ലാം ഇന്നിവിടെ കൂടിയിരിക്കുന്ന വിദ്വാന്മാരുടെ ബുദ്ധിയാകുന്ന ഉരകല്ലിൽ ഉരച്ചുനോക്കുന്നതിനായിട്ടു് അവരുടെ മുമ്പാകെ സമർപ്പിക്കയാണു ചെയ്തിട്ടുള്ളതു്. സ്വാഭിപ്രായത്തെ യഥേഷ്ടം പ്രകടിപ്പിക്കുന്നതിനു ഈ സന്ദർഭം എനിക്കു നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തെ അവിഹിതമായ വിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നാണു് എന്റെ വിശ്വാസം. ആരെയെങ്കിലും മുഷിപ്പിക്കയോ മറേറാ ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ അവരോടു് മാപ്പുചോദിച്ചുകൊള്ളുന്നു. ഇനി ഭാഷാപോഷിണിയെപ്പററി ഒന്നുരണ്ടു വാക്കുകൂടി പറഞ്ഞു് ഈ ഉപന്യാസത്തെ അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

ഭാഷാപോഷിണിസഭ ഉത്ഭവിച്ചിട്ടു പത്തുവർഷത്തിൽ കുറയുകയില്ലെന്നാണു തോന്നുന്നതു്. അതു പല ഉദ്ദേശ്യങ്ങളോടുകൂടിയാണു് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു് എന്നും അറിയാം. സഭവകയായി ഒരു മാസികയും നടത്തപ്പെടുന്നുണ്ടു്. ചിലപ്പോൾ ഇപ്രകാരമുള്ള യോഗങ്ങൾ നടത്തപ്പെടുന്നതായും അറിവുണ്ടു്. എന്നാൽ അതിന്റെ ആദ്യ ഉദ്ദേശ്യങ്ങളെ നിറവേററുന്നതിനു് എന്തെല്ലാം ശ്രമം ചെയ്തുവരുന്നുണ്ടെന്നും, അവ എത്രമാത്രം ഫലപ്രദങ്ങളായിത്തീർന്നിട്ടുണ്ടെന്നും, മററും നല്ല നിശ്ചയമില്ല. ഈ സഭ നിമിത്തം ഗുണമാണു് ഉണ്ടായിട്ടുള്ളതു് എന്നുള്ളതിനു തർക്കമില്ല. എന്നാൽ ഉദ്ദിഷ്ടഗുണങ്ങളിൽ എന്തുമാത്രം സാധിച്ചിട്ടുണ്ടെന്നുള്ളതാണു് അറിയേണ്ടതു്. ഈ സഭയുടെ ഒരു ഗൌരവത്തിനും സ്ഥിരതയ്ക്കും മററും ഗവമ്മേന്റിൽനിന്നും ഒരു അംഗീകരണം സമ്പാദിക്കേണ്ടതാവശ്യമാണെന്നു് എനിക്കു തോന്നുന്നു. (ഇപ്പോൾ ഇപ്രകാരം ഒരംഗീകരണം ഉണ്ടെന്നു തോന്നുന്നില്ല.) എന്തുമാതിരി അംഗീകരണമാണെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. മലയാളഭാഷ, മലയാളവിദ്യാഭ്യാസം, മലയാളപുസ്തകങ്ങൾ ഇവയെ സംബന്ധിച്ച കാര്യങ്ങൾ തീർച്ചയ്ക്കായി ഗവമ്മേന്റിന്റെ മുമ്പിൽ വരുമ്പോൾ ഈ സഭയുടെ അഭിപ്രായം ആവശ്യപ്പെടത്തക്കവണ്ണം ഗവമ്മേന്റിനു് ഈ സഭയെക്കുറിച്ചു് ഒരു വിശ്വാസം ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറഞ്ഞതിന്റെ സാരം.

ഇപ്രകാരം ഒരു വിശ്വാസം ജനിപ്പിക്കുന്നതു് എങ്ങിനെയാണെന്നു് സംശയിച്ചേക്കാം. അതിലേയ്ക്കു് ആദ്യമായി വേണ്ടതു്, ഈ സഭയിൽ

ചെയ്യുന്ന നിശ്ചയങ്ങൾ, ഈ സഭ അതാതാണ്ടിൽ നടത്തുന്ന കാൎയ്യങ്ങൾ, സഭയുടെ ഉദ്ദേശ്യങ്ങൾ, ഇവയെ ഗവൎമ്മെൻറിനെ ധരിപ്പിച്ചുകൊണ്ടിരിക്കയും ഈ ഉദ്ദേശ്യങ്ങൾ നിറവേറുന്നതിന് അതിൻെറ സഹായം അപേക്ഷിക്കുകയും ചെയ്യുകയാണ്. കേരളം ഒട്ടുക്കു നോക്കിയാൽ ഇപ്രകാരമുള്ള മറെറാരു വിദ്വൽസഭ ഇല്ലെന്ന് നിസ്സംശയം പറയാം. അങ്ങനെ ഇരിക്കുമ്പോൾ ഈ സഭയുടെ അഭിപ്രായങ്ങൾ ഗവൎമ്മെൻറിനു സ്വീകാൎയ്യമായിരിക്കാനേ തരമുള്ളു. ഇപ്രകാരം ഗവൎമ്മെൻറുമായി ഒരു സംബന്ധം സമ്പാദിക്കുന്നതു സഭയുടെ ഗൌരവത്തിനും പ്രയോജനത്തിനും, ഏററവും അനുകൂലമായിട്ടുള്ള ഒരു സംഗതിയാണ്. ഇനി ഒന്ന് പറവാനുള്ളത് ഈ സഭയെ ചില വകുപ്പുകൾ (Sections) ആയിട്ട് വിഭജിക്കേണ്ടതിൻെറ ആവശ്യകതയെ കുറിച്ചാണ്. ഈ സഭയുടെ ഉദ്ദേശ്യങ്ങൾ പലതും ഉണ്ടല്ലോ. ആ ഉദ്ദേശ്യങ്ങളെല്ലാം സഭ പൊതുവായി നടത്തുന്നതു് അത്ര സുകരമാണെന്നു തോന്നുന്നില്ല. പുസ്തകങ്ങൾ, കവിതകൾ, ഇവയെ പരിശോധിക്കുന്നതിന് ഒരു വകുപ്പും, നൂതനപുസ്തകങ്ങൾ നിൎമ്മിക്കുന്നതിനുത്സാഹിക്കയോ, ഉത്സാഹിപ്പിക്കുകയോ ചെയ്യുന്നതിനു മറെറാരു വകുപ്പും, ഭാഷാന്തരം ചെയ്യുന്നതിനും മററും വേറൊരു വകുപ്പും അച്ചടിക്കാതേയും അപ്രസിദ്ധങ്ങളായും ഇരിക്കുന്ന പഴയ കൃതികളെ യുക്തംപോലെ പ്രസിദ്ധീകരിക്കുന്നതിന് ഒരു വകുപ്പും, മാസികകളിലും മററും ഭാഷസംബന്ധമായി കാണുന്ന ഉപന്യാസങ്ങളെ ശേഖരിക്കുന്നതിന് ഒന്നും, ഇപ്രകാരം പല വകുപ്പുകളായി പിരിച്ച് പ്രത്യേക ചുമതല നൽകുന്നതായാൽ കാൎയ്യങ്ങൾ നടക്കുന്നതിന് അധികസൗകൎയ്യമുണ്ടാകുമെന്ന് തോന്നുന്നു. എന്നാൽ സഭാംഗങ്ങൾ, വേറെ ജോലിയുള്ളവരാകയാൽ ഇപ്രകാരമുള്ള ചുമതലകൾ കൈയേൽക്കുമോ എന്നും, കൈയേററാൽതന്നെ അവയെ നിറവേറുവാൻ സാധിക്കുമോ എന്നും ചോദിച്ചേക്കാം. എന്നാൽ ഇവർ ഭാഷാപോഷണിസഭാംഗങ്ങൾ എന്ന നിലയിൽ ചില ചുമതലകൾ കൈയേററു കഴിഞ്ഞിട്ടുണ്ടല്ലോ. ആ വക ചുമതലകളെ ഏതുപ്രകാരമായാലും വഹിക്കാതെ കഴികയില്ലല്ലോ. അതിനാൽ ഇപ്രകാരം ചുമതല വിഭജിക്കുന്നതുകൊണ്ട് കൂടുതൽ അസൗകൎയ്യമൊന്നും വരാനിടയില്ലാ.

ഇനി ഒന്ന് പറവാനുള്ളത് ഈ സഭവക കാൎയ്യങ്ങൾ നടത്തുന്നതിന് അല്പമെങ്കിലും ധനവ്യയം ആവശ്യമാണ്. അതിലേയ്ക്ക് ഏതെങ്കിലും ഒരു മാൎഗ്ഗവും ഉണ്ടായിരിക്കേണ്ടതാണ്. ഒരു മൂലധനം ശേഖരിക്കാമെങ്കിൽ നന്നായിരിക്കും. ഇനിയും പലതും പാവാനുണ്ടെങ്കിലും ഈ മൂന്ന് സംഗതികൾ മാത്രം ഇപ്പോൾ ഈ സഭയുടെ ദയവായ ആലോചനയ്ക്കായി അതിൻെറ മുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

# രണ്ടു ശാകുന്തളങ്ങൾ

(പി. ആർ. നീലകണ്ഠൻ നായർ.)

നാലാമങ്കം (തുടർച്ച)

വള്ളത്തോൾശാകുന്തളം അവതരിപ്പിച്ച മി: സി. എസ്. നായർ നാലാമങ്കത്തേയും അതിലെ നാലു ശ്ലോകങ്ങളേയും അത്യാദരത്തോടെ സ്വീകരിച്ചു് അവയിൽ വള്ളത്തോളിന്റെ ഒരു വിവർത്തനം എടുത്തുകാണിക്കാതെ മുന്നോട്ടുപോകുവാൻ ശക്തനാകാതെ നിന്നുപോയി. ആ ശ്ലോകമാകട്ടെ:—

"പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം സർവ്വൈരനുജ്ഞായതാം."

"വെള്ളം മുമ്പുകുടിപ്പതിന്നുതുനിയാ നിങ്ങൾക്കുനൽകാതെയാർ
നല്ലാറില്ലണിവാൻ കൊതിക്കുകിലുമാരമ്പാൽ ഭവൽപല്ലവം
നല്ലോരുത്സവമാക്കുന്നിങ്ങടെകടിഞ്ഞിൽപ്പൂപ്പിറപ്പേകുകി-
ങ്ങെല്ലാരും വിടയേകുശകുന്തളയിതാ പോകുന്നു കാന്താലയേ."

"നിത്യം നിങ്ങൾ കുടിച്ചിടാതെവൾ കുടിക്കാ സ്നേഹമൂലം ജലം
പൊട്ടിക്കില്ലെവൾ നിങ്ങൾതൻ തളിരലങ്കാരപ്രിയം വായ്ക്കിലും
അത്യാനന്ദമെവൾക്കു നിങ്ങൾ പുതുതായ്പ്പൂത്താലിതാ യാത്രയായ്
ഭർത്താവിൻഗൃഹമക്കശകുന്തളയനുജ്ഞാപിപ്പിനെല്ലാവരും."

"വ്യവസ്യതി" എന്ന പദം വള്ളത്തോൾ മാത്രമെ വിടാതിരുന്നിട്ടുള്ളു. അതു് വാസ്തവവുമാണു്. പക്ഷെ "കടിഞ്ഞിൽപ്പൂപ്പിറപ്പു്" വളരെ സ്വാരസ്യമുള്ള പ്രയോഗമാണത്രെ. കടിഞ്ഞിൽ എന്നതു് ആദ്യത്തെ എന്നല്ല ഒന്നാമത്തെ എന്നർത്ഥത്തിലാണു് സാധാരണ പറയാറുള്ളതു്. ചില പ്രത്യേക ഋതുക്കളിൽമാത്രം പൂക്കുന്ന വൃക്ഷങ്ങളുണ്ടു്. അതു് എല്ലാക്കൊല്ലങ്ങളിലും പൂക്കയും ചെയ്യും. അങ്ങനെയുള്ളവ 'ആദ്യം പൂക്കുമ്പോൾ' എന്നല്ലെ മൂലത്തിനർത്ഥം. കടിഞ്ഞിൽ ആയാൽ ഒരു വൃക്ഷത്തിന്റെ ഒരു തവണത്തെ പൂക്കലിനുമാത്രമേ "നല്ല ഉത്സവം" ആകയുള്ളു. "പുതുതായ് പൂത്താൽ" എന്ന തർജ്ജിമ സ്വാരസ്യക്കുറവുള്ളതെന്നു തോന്നുന്നില്ല. "നിങ്ങളെ നനച്ചിടാതെ" എന്നാദിക്കിൽ സാരാർത്ഥമെ കിട്ടൂ; സ്വാരസ്യം കിട്ടുകയില്ല എന്നു പറഞ്ഞതു് ശരിയാണു്. "പാതും" എന്നും

അപീതേഷു" എന്നും ജലപാനക്രിയ രണ്ടടിക്കിലേക്കും കാണിച്ച സ്വാര സ്യം "നിങ്ങൾക്കു നൽകാതെ" എന്നായാൽ സിദ്ധിക്കുമോ?

അനുമതഗമനാ ശകുന്തളാ
തരുഭിരിയം വനവാസബന്ധുഭിഃ
പരഭൃതവിരുതംകളം യഥാ
പ്രതിവചനീകൃതമേഭിരീദൃശം

വിടയരുളി ശകുന്തളയ്ക്കിദാനീം
വിടപികൾ കാനനവാസബാന്ധവന്മാർ
ഇവ മറുപടിയേവമോതിയല്ലൊ
കളതരമാം കളകണ്ഠനിസ്വനത്താൽ

അനുമതിനൽകി ശകുന്തളയ്ക്കു പോകാൻ
വനമതിൽ വേഴ്ചകലർന്ന വൃക്ഷജാലം
ശ്രുതികള കോകിലനാദമിത്തരത്തിൽ
പ്രതിമൊഴിയായിഹ കേട്ടതായതല്ലൊ.

(കുയിലൊച്ച കേൾക്കുന്നതായി നടിച്ച്) വൃക്ഷങ്ങൾ യാത്രാനുവാദം ശകുന്തളയ്ക്കു കൊടുത്തു എന്നുപറയുന്നതു് പ്രതിമൊഴിയായി കളകോകിലകൂജിതം കേട്ടതിനെയാണ്. "ഇവ മറുപടിയേവമോതി" എന്നു പറയാതെതന്നെ കൂജിതം വിടയരുളിയതാണ് എന്നുമതി.

രമ്യാന്തരഃ കമലിനീഹരിതൈഃ സരോഭിഃ
ച്ഛായാദ്രുമൈർനിയമിതാർക്കമയൂഖതാപഃ
ഭൂയാൽ കുശേശയരജോമൃദുരേണുരസ്യാഃ
ശാന്താനുകൂലപവനശ്ച ശിവശ്ച പന്ഥാഃ

ഇടയിലിടയിൽ പത്മപ്പച്ചപ്പിയന്നസരോവരം
ചുടുവെയിലടക്കാനുള്ളൊന്നാം തണൽത്തരുമണ്ഡലം
പരിമൃദുലമാം പൊയ്ത്താർധൂളീരജസ്സനുകൂലനാം
ചെറുപവനനിമ്മട്ടായ് മംഗല്യമാകിവൾതൻ വഴി

ചെന്താർസരസ്സുഹരിതാഭമിടക്കുചേന്നും
പൊൻതാരിനുള്ള പൊടിപോൽ മൃദുരേണുവാന്നും
ചിന്നും മരത്തണലിയന്നുമിവൾക്കുമാറ്റും
ശാന്താനുകൂലപവനം ശിവമാസ്സുരേണം

രമ്യാന്തരഃ— ഇടയിലിടയിൽ എന്നു തർജ്ജിമ ചെയ്തിരിക്കുന്നതു ബഹുത്വത്തെ കാണിപ്പാനായിരിക്കാം. രമ്യശബ്ദം കളഞ്ഞതെന്തിന്? കമലിനീഹരിതൈഃസരോഭിഃ പത്മപ്പച്ചപ്പിയന്ന സരോവരം. പച്ചപ്പ

ള്ളതു തീരെ നന്നായില്ല. സരോവരത്തിൽ പച്ചപ്പു കാണുന്നു എന്നു പറഞ്ഞാൽ പച്ചപിടിച്ച സരോവരം എന്നു തോന്നിപ്പോകും. "ചുട്ടവെയിലട്ടുക്കാതുള്ളൊന്നാം" "നിയമിതാർക്കമയൂഖതാപഃ" തർജ്ജിമക്കു് അല്പം വളവില്ലെ? ഒന്നാം എന്നുള്ളതു തണൽത്തരുമണ്ഡലത്തിൻ്റെ വിശേഷണമായേക്കുമോ? "പരിമൃദുലമാം പൊയ്ത്താർധൂളീരജസ്സ്" ഭ്രയാൽ കുശേശയരജോമൃദുരേണു. കുശേശയാനാം—ശതപത്രാണാം രജാംസീവമൃദുരേണവോ യസ്മിൻ സ തഥോക്തഃ മൂലവും വ്യാഖ്യാനവും ഇങ്ങനെയിരിക്കെ തർജ്ജിമയ്ക്കു് അർത്ഥബോധമുണ്ടാകുമോ? "അനുകൂലനാം ചെറുപവനൻ" "ശാന്താനുകൂലപവനശ്ച" എന്നതിൻ്റെ തർജ്ജിമയാണു് "ശാന്ത" ശബ്ദത്തിനു് "ചെറു" എന്നു മതിയോ? ആകെ തർജ്ജിമ നല്ല സുഖമായിട്ടില്ല. ഇതിങ്ങനെയിരിക്കട്ടെ. രണ്ടാമത്തെ തർജ്ജിമ നോക്കുക തന്നെ. ചെന്താർ സരസ്സു ഹരിതാഭം മുഴുവനുമില്ല, ഇടയ്ക്കു മാത്രമെ ചെന്നിട്ടുള്ളു എന്ന അർത്ഥബോധമാണു് സാധാരണയുണ്ടാകുന്നതു്. കമലിനീ ഹരിതൈഃസരോഭിഃ—കമലിനീശകബ്ദേന കമലസംയോഗോപി എന്നു വ്യാഖ്യാനിച്ചിട്ടുമുണ്ടു്.

"ഹരിണികളോട്ട വാഴുമാറൊ മദിരേക്ഷണപ്രിയാഭിഃ?" എന്നുള്ളിടത്തോളമായിട്ടില്ലെങ്കിലും ഹരിതാഭം ചെന്താർസരസ്സ്എന്നുഅനപായിപ്പാൻ മലയാളഭാഷയ്ക്കു ശേഷിയുണ്ടോ? ഛായാദ്രുമൈർനിയമിതാർക്കമയൂഖതാപഃ—ചിന്നും മരത്തണലിയന്നും എന്നാണു തർജ്ജിമ. ഇവിടെ വളയം ക്രൂടാതെ ചാടാമെന്നുപറഞ്ഞതു് ഓർമ്മയിൽ വരുന്നു. ശാന്താനുക്രൂലപവനശ്ച—ശാന്താനുകൂലപവനം എന്നാണു തർജ്ജിമ. പൊൻതാരിനുള്ള മൃദുരേണുപോൽ പൊടിയാർന്നും എന്നായിരുന്നാൽ അർത്ഥഭംഗി ഏറുമായിരുന്നു.

# രാജമോഹനൻ്റെ ഭാര്യ

## അദ്ധ്യായം VIII.

### മുന്നറിവും പ്രതിരോധനവും.

മാതംഗിനി തുറന്ന വരാന്തയിൽ നിന്നു. സ്വസഹോദരിയെ ഉണർത്തി ഈ സ്ഥലത്തേക്കു കൊണ്ടുവരണമെന്നു് കരുണയോടാവശ്യപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ ഉറങ്ങിത്തുടങ്ങീട്ടില്ലാത്ത ഹേമാംഗിനി അത്ഭുതരസത്തോടെ പ്രത്യക്ഷയായി. അവിചാരിതമായി ഈ അനവസരത്തിൽ ഉള്ള ആഗമനോദ്ദേശം അല്പമാവേശത്തോടെ

MUL
103857

മാതംഗിനി.— "നിൻെറ വീട്ടിൽ ഇന്ന് ഒരു തീവെട്ടിക്കൊള്ള നടക്കും. അതിനെ തടയാനുള്ള ഒരു മുന്നറിവുതരാനാണു ഞാൻ വന്നതു്."

ഭയവിഹ്വലയായ ഹേമാംഗിനി "തീവെട്ടിക്കൊള്ളയോ" എന്നു മാത്രം ആർത്തസ്വരത്തിൽ പറഞ്ഞു.

"ഹേമ" എന്നു കരുണയും.

"പതുക്കെ, കരുണ." "ശാന്തം ഹേമ" "ഇവിടെ ഇങ്ങനെ നില്ക്കുന്നതെന്തു്? പോയി ഭർത്താവിനെ അറിയിക്കൂ. വേണ്ട പ്രതിവിധി ആരംഭിക്കട്ടെ." എന്നിത്രയും മാതംഗിനി പറഞ്ഞു.

ആജ്ഞാനുവർത്തനത്തിനു ഹേമാംഗിനി അശേഷവും ശക്തയല്ലാതായി അവിടെനിന്നുപോയി. അവൾ വിളറി വേപഥുവോടെ അവിടെനിന്നു എന്നല്ലാതെ ഉത്തരംപറവാനോ അനന്തരകർമ്മം ചെയ്യാനോ ശക്തയല്ലാതായി. മാതംഗിനി അല്പം പരിഭ്രമിച്ചു. ഭയാക്രാന്തയായ സഹോദരി കർമ്മമൂഢയെന്നറിഞ്ഞു എങ്കിലും ഒരു നിമിഷവും വ്യർത്ഥമായി വ്യയം ചെയ്യാനില്ലാത്തതാണു് അവളുടെ പരിഭ്രമകാരണം. അടുക്കളയിൽനിന്നു മാത്രം രസനാപാടവം നടമാടിയിരുന്ന കരുണ, ഈ ആപൽസന്ദേശകാരിനിയായി മാധവൻെറ ശയ്യാഗൃഹത്തിൽ എത്തുന്നതു്—അതു് ഹേമാംഗിണിക്കു് അവകാശപ്പെട്ടതായിരിക്കെ—ഒരു മേന്മയെന്നു സ്വയം നടിച്ചു അവൾ അങ്ങോട്ടു തിരിച്ചപ്പോൾ മാതംഗിനിയുടെ ആശയവൈകല്യത്തിനു നിവാരണം സിദ്ധിച്ചു.

കരുണ അതിവേഗത്തിൽ തിരിച്ചുവന്നു. തൻെറ വാക്കിൽ ഗൌരവഹാനിയുണ്ടെന്നു മാധവനു തോന്നുന്നു എന്നും മാതംഗിനി സ്വഗൃഹത്തിൽ എത്തീട്ടുണ്ടെന്നും അവരാണു് ഈ ആപൽസന്ദേശം കൊണ്ടുവന്നതു് എന്നും വിശ്വസിക്കാവുന്നതല്ലെന്നും മാധവൻ പറഞ്ഞതായി കരുണ മാതംഗിനിയെ അറിയിച്ചു.

മാധവൻ പറഞ്ഞതുതന്നെ ഇങ്ങനെയാണെന്നു കരുണ വിശദമാക്കി:— "അവർ ഇവിടെ വന്നിട്ടുണ്ടെങ്കിൽ അവരിൽനിന്നുതന്നെ ഈ വർത്തമാനം എനിക്കു കേൾക്കാം. എത്രത്തോളം ഭയകാരണമാണു് ഈ വാർത്തയെന്നു എൻെറ ജ്യേഷ്ഠത്തിയിൽനിന്നുതന്നെ അറിയണം. അതിനാൽ അവരെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരൂ. ഇങ്ങോട്ടുവരുവാൻഞാൻ പറഞ്ഞു എന്നു പറയൂ."

മാതംഗിനി സോദരിയോട്:— "ഹേമ, നീ പോ. ഞാൻ ഇവിടെ നില്ക്കുന്നതെ ഉള്ളു. ഞാൻ പറഞ്ഞതെല്ലാം സത്യമാണ്. നീ പറഞ്ഞാൽവിശ്വസിക്കും."

ഹേമ:— "ഇല്ല, ഇല്ല. ചേച്ചിതന്നെ പോകണം. അദ്ദേഹം ചോദിക്കുന്നതിനെല്ലാം ഞാൻ എങ്ങനെ ഉത്തരംപറയും. അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയാൻ ചേച്ചിതന്നെ വേണം. ചേച്ചി പറയുന്നതുപോലെയാണു കാൎയ്യമെങ്കിൽ വേഗം ചെല്ലു".

"ഞാൻ ചെല്ലാതിരിക്കുന്നതാണു നല്ലതു്. അങ്ങനെ ഞാൻ പറഞ്ഞു എന്നു പറയൂ. ഇതെല്ലാം സത്യവുമാണ്."

ഹേമ:— അല്ലാ, ചേച്ചി പോക്കൂ" എന്നിങ്ങനെ കൊച്ചുകുട്ടികളെപ്പോലെ മധുരസ്വരത്തിൽ ഉത്തരം പറഞ്ഞു.

മാതം:— "എനിക്കു പോയ്ക്കൂടാ, ഞാൻ പോകരുതു്" എന്നിങ്ങനെ ഗൌരവസ്വരത്തിൽ അല്പം തൊണ്ട ഇടറി പറഞ്ഞു.

കരുണ ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു:— ഭാഗ്യം ഇതിലൊന്നുമില്ല. ചേച്ചി ഭയപ്പെടുത്താൻ മാത്രം പറഞ്ഞ കഥയാണിതു്.

ഹേമ:— ചേച്ചി അങ്ങനേയാണോ? ഓ, ഞാൻ ഭയപ്പെട്ടു. ഇനി വന്ന കാൎയ്യം പറയരുതേ.

മാതംഗിനി അല്പനേരം എന്തോ ചിന്തിച്ചുകൊണ്ടു മൌനംദീക്ഷിച്ചു. അനന്തരം ഏതാണ്ടൊന്നുറച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു.

"ശരി, ഞാൻതന്നെ പോകാനുറച്ചു. ഹേമ, നീ കൂടിവാ." ശബ്ദരൂപേണയല്ലെങ്കിലും ഭാവരസംകൊണ്ട് ഹേമ വൈമനസ്യം കാണിച്ചു. സോദരിയൊന്നിച്ചു ഭർത്തൃസമീപത്തിൽ ചെല്ലുവാനുള്ള മടിയാണവളെ നിവാരിതയാക്കിയതു്. "എന്നാൽ വേണ്ട എന്നെക്കുറിച്ചോ എൻെറ യാത്രക്കാൎയ്യത്തെക്കുറിച്ചോ ഒരക്ഷരം ഞാൻ തിരിച്ചുവരുന്നതുവരെ ആരോടും പറയരുതു്."

വരാന്തയിൽക്കൂടി മാതംഗിനി അതിത്വരയോടെ നടന്നു. ചന്ദ്രൻ വൃക്ഷശാഖകളിൽ മറയുന്നതു് അവളെ ഭയചകിതയാക്കി. പക്ഷെ മാധവൻെറ ശയ്യാഗൃഹത്തോടടുത്തപ്പോൾ മാന്തോപ്പിൻ സമീപം വെളിച്ചം കണ്ടപ്പോൾ ഉണ്ടായ ചാഞ്ചല്യത്തേക്കാൾ അധികമായ ഒരു വികല്പം അവളിലുണ്ടായി. സാരികൊണ്ടു് മുഖംമറച്ചു. മന്ദമായ ഗതിയെ അവലംബിച്ചു. വൈമനസ്യം തോന്നുന്നുണ്ടു്. അവൾ പിന്നോട്ടുനടന്നു. അനന്തരം.

മുന്നോട്ടും. കുറച്ചുനേരം അനങ്ങാതെനിന്നു. കതകു തള്ളിത്തുറന്നു. പിന്നെ യും അനങ്ങാതെ നിന്നു. ഒടുവിൽ അകത്തേക്കുകടന്നു. മനോഹരമായി അ ലംകരിച്ചിട്ടുള്ള ആ മുറിയിൽ ഒരു വിളക്കുമാത്രം എരിയുന്നു. യുവാവായ ബാബു ഒരു സോഫയിൽ ചാരിക്കിടക്കുന്നുണ്ട്. ആനമ്രവദനയായി കുഡ്യ പാർശ്വസ്ഥിതയായി മാതംഗിനി അവിടെ മൗനം അവലംബിച്ചുനിന്നു. പക്ഷേ പ്രായവുംസ്ത്രീത്വവും ഇങ്ങനെ ആക്കിയതാവാം. സോദരീകമിതാ ഭിമുഖമായി സ്വവദനത്തെ ഈഷദുന്നമ്രമാക്കി. മാധവൻ അല്പമായ പ്രക മ്പനത്തോടെ സോഫയിൽ എഴുന്നേററിരുന്നു.

താൻ ധരിച്ചിരുന്ന ഭയങ്കരവാർത്തയെ വിതരണംചെയ്വാൻ മാതംഗി നിയും അതു ഗ്രഹിപ്പാൻ മാധവനും ആവേശമുള്ളവരായിരുന്നു എങ്കിലും ഒ രക്ഷരംപോലും സംസാരിപ്പാൻ അവർ ശക്തരായില്ല. രണ്ടുപേരേയും ഒ രുപോലെ ബന്ധിച്ച മൗനമാണ് തൽക്കാലമുണ്ടായത്. പരസ്പരമുള്ള ബ ന്ധത്തെ ആധാരമാക്കി മാധവൻതന്നെ സംഭാഷണമാരംഭിച്ചു.

മാധവൻ അല്പം സ്മിതത്തോടെ:— "ചേടത്തി, നിങ്ങൾ ഒരു അമ്മസാ ഹിബ്ബായിരുന്നു എങ്കിൽ ഞാൻ നിങ്ങളെ ഉപവിഷ്ടയാക്കേണ്ടതാണ്. നിങ്ങൾ എന്താ ഇരിക്കാത്തതു്. അതിൽ.........അതിൽ.........

ഏതാണ്ടു മന്ദസ്വരത്തിൽ മാതംഗിനി 'ഞാൻ പറയേണ്ടു വർത്ത മാനം നിങ്ങൾ കേട്ടോ' എന്നുള്ള കുശലംകൊണ്ടു മാധവൻെറ വിഷമങ്ങളെ പരിഹരിച്ചു.

മാധവൻ സഗൗരവം:— കേട്ടു. അതു വാസ്തവമാണോ?

"അതെ, അതു വാസ്തവമാണ്."

"ഇന്നുരാത്രിയെന്നല്ലേ പറഞ്ഞതു്."

"ഇന്നുരാത്രിയെ, ഇപ്പോൾ. ചന്ദ്രൻ അസ്തമിച്ചാൽ അവർ എ ത്തും. അതിന് ഇനി കഷ്ടിച്ചു രണ്ടുനാഴികയുണ്ടു്."

"അങ്ങനയോ". എന്നാൽ പററിയല്ലൊ. ചേച്ചി, ഇതെല്ലാം നി ങ്ങളെങ്ങനെ അറിഞ്ഞു."

മാതംഗിനി മുഖാവരണം അല്പം മാററി അതി സ്പഷ്ടമായ സ്വരത്തിൽ:— "അതോ, അതു് എന്നോടു ചോദിക്കരുതു്."

മാധവൻ:— "എന്നെ വല്ലാതെ പരിഭ്രമിപ്പിക്കുന്നു. എന്താണ് ചിന്തി ക്കേണ്ടതു് എന്നു ഞാനറിയുന്നില്ല.

മാതംഗിനി മുഖാവരണം തീരെ മാററി മാധവന്റെ മുഖത്തുതന്നെ നോക്കി ക്കൊണ്ട് അല്പം സ്ഥൈര്യത്തോടെ:— "മാധവ, എന്നെ നിങ്ങളറി യുകയില്ലെ. നിങ്ങളെ വഞ്ചിപ്പാൻ ഞാനാളാണോ? ഈ അവസര ത്തിൽ അനന്യസഹായയായി നിങ്ങളുടെ ഗൃഹത്തിൽ ഞാൻ വരുമെ ന്നു നിങ്ങൾ വിചാരിക്കുന്നുവോ?"

മാധവൻ:— ശരിയാണതു്. എനിക്കു തെററിപ്പോയി. സഹോദരിയു മൊന്നിച്ചു് ഇവിടെ ഇരിക്കൂ. ഞാൻ പുറത്തുപോയി എന്റെ ആളു കളെ ഉണർത്തട്ടെ.

മാധവൻ എഴുന്നേല്ക്കാൻ ഭാവിച്ചപ്പോൾ മാതംഗിനി സാകൂതമാ യ ഒരു നോട്ടംകൊണ്ടു് ഗതിരോധംചെയ്തു. അനന്തരം ഒരു ചോദ്യത്തി ന് അനുവാദം ചോദിച്ചു.

"എന്താ അതു്."

"അങ്ങയുടെ പിതൃവ്യന്റെ വിൽപത്രമെവിടെ. അതിനെ പ്ര ത്യേകം സൂക്ഷിച്ചുകൊള്ളുക. കള്ളന്മാർ അതുകൂടി തട്ടണമെന്നു മോഹി ച്ചിട്ടുണ്ടു്."

പിതൃവ്യന്റെ ഭാര്യ കേസു കൊടുത്തിട്ടുണ്ടെന്ന കഥ ഓർമ്മവന്ന തോടുകൂടി പെട്ടെന്നു മാധവന്റെ ഹൃദയം ഒന്നു മിന്നി ഇങ്ങനെ പറഞ്ഞു:— "ശരി മനസ്സിലായി. അവൾക്കതു കിട്ടുകയില്ല."

"ഈ മുറിയിൽ ഒരു ദന്തപെട്ടിക്കകത്തല്ലെ അതു വച്ചിരിക്കുന്നതു്."

മാധവൻ അല്പമത്ഭുതത്തോടെ:— "അതെ. അതു നിങ്ങൾ എങ്ങനെ അ റിഞ്ഞു."

മാതംഗിനി:— "ഞാനെങ്ങനെ അറിഞ്ഞു എന്നോ. അവർ അതു് അ റിഞ്ഞിട്ടുണ്ടല്ലോ."

മാധവൻ:— "അങ്ങനെ വരട്ടെ. നിങ്ങൾ നല്ലപോലെ കാര്യമെല്ലാം അ റിഞ്ഞിട്ടുണ്ടല്ലോ." ഇത്രയും പറഞ്ഞു മാധവൻ എഴുന്നേററു.

"എനിക്കു നിങ്ങളോടു് ഒരു കാര്യം അപേക്ഷിപ്പാനുണ്ടു്. അതു് അനുവദിക്കുമോ?"

"ചോദിക്കൂ. അതു നിങ്ങളുടേതായിരിക്കും."

മാതംഗിനി:— "എന്നാൽ ഈ രാത്രി ഞാനിവിടെ വന്നതോ, ഞാൻ ഈ വിവരം നിങ്ങൾക്കു് അറിവുതന്നതോ ലോകത്തിൽ ഒരു ജീവിയും അ റിയരുതു്. ഇതു നിവ്വഹിച്ചില്ലെങ്കിൽ എന്റെ ജീവനു ഹാനി സം ഭവിക്കും".

മാധവൻ കോപാവേശത്തോടെ:— "നിങ്ങളുടെ ജീവഹാനിയോ? അതിന്നു ശക്തിയുള്ളവനാര്."

"പത്മക്കെ."

"ഒ, ഞാൻ മറന്നു. ഞാൻ മൌനംദീക്ഷിക്കാമെന്നു പറഞ്ഞുവല്ലൊ."

"നിങ്ങൾ പോകുമ്പോൾ കരുണയോടും അനുജത്തിയോടും ഇതു പറഞ്ഞ് ഏൎപ്പാടുചെയ്യണം."

"കരുണയെ സംബന്ധിച്ചിടത്തോളം വലിയ വിഷമമാണ്. എങ്കിലും ആ ദുൎഗ്ഗയെ ഭയപ്പെടുത്തിയെങ്കിലും മൌനം ദീക്ഷിപ്പിക്കാം. ഈ കതകുമടച്ച് അനുജത്തിയുമൊന്നിച്ച് ഈ മുറിയിൽ ഇരിക്കൂ. എന്നാൽ വീട്ടിലുള്ള മററു ആരും കാണുകയില്ല. ഞാൻ തിരിച്ചു വരുമ്പോൾ കുറച്ചുകൂടി ഭദ്രമായ ഒരു സ്ഥലത്ത് ആക്കാം."

ഇത്രയും പറഞ്ഞതിന്നുശേഷം മാധവൻ കരുണയും സ്വഭാൎയ്യയും നില്ക്കുന്ന സ്ഥലത്തേക്കു പോയി. മാതംഗിനിയെ സംബന്ധിക്കുന്ന സകല കാൎയ്യങ്ങളും അത്യന്തം രഹസ്യമായിരിക്കണമെന്നു കല്പിക്കുകയോ ആവശ്യപ്പെടുകയോ ചെയ്തു. ഉടൻതന്നെ പുറത്തുപോയി ആജ്ഞാകരന്മാരെ വരുത്തി വേണ്ട ഉപദേശം കൊടുത്തു.

സാധുശീലയായ മാതംഗിനിയുടെ ഹൃദയത്തെ എളുപ്പം വഞ്ചിപ്പാൻ കഴിയുമെന്നു മാധവനു നിശ്ചയമുണ്ട്. ഇത്രവളരെ ക്ലേശങ്ങളനുഭവിച്ച മാധവനെ ചതിപ്പാൻ വരികയില്ലെന്നും മാധവനു നിശ്ചയമുണ്ട്. അതിനാൽ വളരെ ഗൌരവത്തോടെ രക്ഷക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങി. അന്ധകാരം ഭൂതലത്തെ മുഴുവൻ ഗ്രസിക്കുന്നതിനു മുമ്പുതന്നെ വീടിന്റെ മുകളിൽ ആളുകൾ നിറഞ്ഞു.

വീടിനരികെ താമസിച്ചിരുന്ന പാട്ടക്കാരായ കൃഷിക്കാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഇവർ ആവശ്യപ്പെടുന്ന മുഹൂൎത്തത്തിൽ ഒരു ചെറു സൈന്യംതന്നെയാകും. ഇവർ വടി, വാള്, കുന്തം മുതലായ ആയുധങ്ങളോടുകൂടി സന്നദ്ധരായി. ഇവരെല്ലാം സന്തോഷത്തോടെയാണ് ഈ ഒരുക്കമെന്നു പറവാൻ പാടില്ല. സുഖനിദ്രയെ ഭംഗംചെയ്ത് ഇതിനു പുറപ്പെടുതിൽ നീരസമുള്ളവരും ഇല്ലെന്നില്ല. എങ്കിലും മാധവന്റെ ആജ്ഞാലംഘനം ആരുംതന്നെ മനസാ വരിച്ചിരുന്നില്ല. വരിക്കയുമില്ല.

സന്നദ്ധതയ്ക്കുള്ള തിരക്കുകളെല്ലാം കഴിഞ്ഞു. ഒരുക്കങ്ങളെല്ലാം പൂൎത്തിയായതോടെ എല്ലാവരും നിശ്ശബ്ദരായി. പ്രതിയോഗികളുടെ വിക്രിയകളെ നിൎന്നിമേഷം പ്രതീക്ഷിച്ചുനിന്നു. ചന്ദ്രൻ അസ്തമിച്ചു. മാതംഗി

നിയുടെ സംശയങ്ങളെക്കുറിച്ചു മാധവന്നു് അല്പമായ അവിശ്വാസം തോന്നിത്തുടങ്ങി. മാധവന്റെ ചിന്താഗതി ഈ വഴിക്കു തുടന്ന ഉടനെ സ്വാന്തചരരിൽ ഒരാൾ മാധവന്റെ മുമ്പിൽ എത്തി ഹിൻഡിയിൽ ഇങ്ങനെ പറഞ്ഞു. പുറത്തുപോയി സംഭവഗതികളെ അറിവാനയിച്ചിരുന്ന ചാരന്മാർ തിരിച്ചുവന്നു. പഴയ ഉദ്യാനത്തിൽ (ഇവിടെവച്ചാണു് മാതംഗിനി കള്ളന്മാരെ കണ്ടതായി വിവരിച്ചിരുന്നതു്.) ആയുധപാണികളായി ഏതാനും പേർകൂടിയിരിക്കുന്നതായി അറിവുതന്നിരിക്കുന്നു. ഇവിടത്തെ ഉത്തരവു് എന്തു്? ഞങ്ങൾ പോയി അവരോടു നേരിടണമോ?

ഭൂപസിംഗെ, സാഹസമരുതു്. അതു് ആവശ്യമില്ല. പോകുന്നവരുടെ സംഖ്യ പോരാതെ വന്നാൽ നിങ്ങൾ പരാജയപ്പെടുകയില്ലെ? നിങ്ങൾ അധികംപേരും പോകുന്നതായാൽ വീടിന്നു സുരക്ഷയില്ലാതാകും. കള്ളന്മാരുടെ സംഘം വേറേയുമുണ്ടെങ്കിലോ?"

"ഇവിടത്തെ പക്ഷമിങ്ങനെയെങ്കിൽ ഞങ്ങൾ ഇവിടെത്തന്നെ കാത്തുനിൽക്കാം."

"അതുമതി. എല്ലാവരും ഒത്തുചേന്നു നിങ്ങളുടെ സന്നദ്ധതയെ സൂചിപ്പിക്കുന്ന ഒരു കാഹളം മുഴക്കുവിൻ. ഇവിടെ വേണ്ട കരുതൽ ചെയ്തിട്ടുണ്ടെന്നു് ആ ദുഷ്ടന്മാർ അറിയട്ടെ."

ഈ ആജ്ഞ കിട്ടി അധികം കഴിയുംമുമ്പെ അത്യുച്ചത്തിൽ ദീർഘനേരം ഈ ധ്വനി പുറപ്പെടുവിച്ചു. സ്വശയ്യാമുറിയിൽ കിടന്നിരുന്ന സ്ത്രീകൾ ഇതുകേട്ടു വിറച്ചു. അപകടം സമീപിച്ചെന്നവൎക്കുതോന്നി. ഭയാക്രാന്തമായ ഒരു നിശ്ശബ്ദത എങ്ങും വ്യാപിച്ചു.

"ഒരിക്കൽക്കൂടി" എന്നു മാധവൻ ആജ്ഞാപിച്ചു. ഉടനെ മറെറാരു ശബ്ദം രാത്രിയുടെ മൌനത്തെ ഭഞ്ജിച്ചു. ഈ ശബ്ദത്തിന്റെ പ്രതിധ്വനിയുംകൂടി അടങ്ങിയപ്പോൾ രാത്രിചാരികളായ രാക്ഷസന്മാരുടെ അട്ടഹാസമെന്നപോലെ ഒരു ശബ്ദം ആ കാട്ടിൽനിന്നു കേട്ടു. ശ്രോതാക്കളുടെ രക്തം സിരകളിൽ സ്തംഭിച്ചുപോയി.

സ്വാന്തചരരുടെ ധൈൎയ്യം ഈ ഭയങ്കരശബ്ദം കേട്ടു ക്ഷീണിച്ചേക്കുമെന്ന ഭയത്താൽ മാധവൻ "ഇനിയും, ഇനിയും പൂർവ്വാധികമുച്ചത്തിൽ" എന്നു വിളിച്ചുപറഞ്ഞു. കല്പനയെ ഉടനെ അനുവൎത്തിച്ചു. മാന്തോപ്പിൽനിന്നുതന്നെ ഇതിനുത്തരമെന്നപോലെ ഒരു ശബ്ദം പുറപ്പെട്ടു. പക്ഷെ ഇതു പിന്തിരിഞ്ഞു എന്നു കാണിക്കുന്ന ഒരു ശബ്ദമായിട്ടാണു് തസ്കരന്മാർ ഉപയോഗിക്കുന്നതു്.

"അവരോടി, അവർ ഓടി" എന്നിങ്ങനെ പല ശബ്ദവും മുഴങ്ങി.

മാധവൻ:— "ഇതു പൂർണ്ണമായി വിശ്വസിക്കരുതു്. പക്ഷെ നിങ്ങളെ ചതിപ്പാനായിരിക്കാം. നിങ്ങൾ ഒരുങ്ങിത്തന്നെ നിൽക്കുവിൻ."

മാധവനും അദ്ദേഹത്തിൻെറ ആളുകളും വളരെനേരം കാത്തുനിന്നു. അഹിതമൊന്നുമുണ്ടായില്ല. രാത്രി മുഴുവനും സൂക്ഷിക്കണം എന്നു കല്പന കൊടുത്തതിനുശേഷം മാധവൻ അന്തഃപുരത്തിലേക്കു യാത്രതിരിച്ചു. സമീപവൎത്തിയായ അത്യാഹിതത്തിൽനിന്നു തന്നെ രക്ഷിച്ച ആ ധീരമനസ്വിനിയോടു നന്ദി പറവാനാണു് മാധവൻ അകായിലേക്കു പോയതു്.

## അദ്ധ്യായം IX.

### നമ്മുടെ സമാഗമം വിയോഗത്തിനുള്ളതത്രെ.

മാധവൻ സ്വഭാൎയ്യയും മാതംഗിനിയും ഇരിക്കുന്നമുറിയിൽ വന്നു് ഇങ്ങനെ ചേട്ടത്തിയെ അഭിനന്ദിച്ചു. "എനിക്കുവേണ്ടി നിങ്ങൾ ചെയ്ത ഈ കൎമ്മം മറക്കാവുന്നതല്ല." ഭയവിഹ്വലയായി നിന്നിരുന്ന ഹേമാംഗിനി ചിത്താശ്വാസമുള്ളവളായി. ജ്യേഷ്ഠത്തിയും മാധവനുംകൂടി സംഭാഷണം ചെയ്യുന്ന ദിക്കിൽ നില്ക്കാതെ പുറത്തേക്കു പോകയും ചെയ്തു. വാക്കുകൊണ്ടു് വിശദമാകുന്നതിലധികം നന്ദി മുഖത്തു സ്ഫുരിക്കുന്ന മാധവൻ—"എനിക്കുവേണ്ടി നിങ്ങൾ ചെയ്ത ഈ കൎമ്മം മറക്കാവുന്നതല്ല."

നിങ്ങൾക്കതുസാദ്ധ്യമല്ലെങ്കിൽ ഹേമക്കു വേണ്ടി അതു് ഓൎത്തുകൊള്ളണം. നിങ്ങളുടെ അതൃപ്തിക്കു വല്ലപ്പോഴും അവൾ പാത്രമായാൽ—ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ—അവളുടെ മാപ്പിനു ചേട്ടത്തിയുടെ ക്ലേശസ്മരണ ഉപകരിക്കട്ടെ. എന്നെ സംബന്ധിച്ചു് ഞാൻ ചെയ്തപോലെയല്ലാതെ മറെറാരുവിധത്തിൽ ചെയ്വാൻ ഞാൻ ശക്തയല്ല. ഞാൻ ഇപ്പോൾതന്നെ നിങ്ങളോടു യാത്ര പറയും."

മാധവൻ:— "എന്തിനു, അനുജത്തിയുമായി വൎത്തമാനം ഒന്നും പറഞ്ഞില്ലല്ലൊ. കുറച്ചുനേരംകൂടി നിങ്ങളുടെ സഹവാസം അവൾക്കു പ്രിയതരമായിരിക്കും. നേരം പ്രഭാതമായാൽ എൻെറ പല്ലക്കിൽ നിങ്ങളെ വീട്ടിൽ കൊണ്ടുചെന്നാക്കും. അതുതന്നെ ഇവിടെ താമസിക്കാൻ കഴികയില്ലെങ്കിൽ മതി. ഈ രാത്രിതന്നെ കാൽനടയായി പോകയോ. വേണ്ട."

മാതംഗിനി വ്യഥയോടെ:— "ദൈവം മറിച്ചു കരുതുന്നു. ആ സൗഭാഗ്യം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എനിക്കു പോകണം."

മാധവൻ വീണ്ടും:— 'എന്തുകൊണ്ടാണ് ചേച്ചി പറയൂ. എന്തുകൊണ്ടാണ് ഇപ്പോൾതന്നെ പോകണമെന്നു പറയുന്നതു്. നിങ്ങളുടെ അനുജത്തിയുടെ ഭൎത്താവിന്ന് അതു് അറിഞ്ഞുകൂടെ."

മാതംഗിനി ലജ്ജാവ്യസനത്തോടെ:— "അദ്ദേഹം. നിങ്ങൾ അദ്ദേഹത്തെ നല്ലപോലെ അറിയുകയില്ലെ. ഞാൻ താമസിക്കുന്നതായാൽ അദ്ദേഹം കോപിക്കും."

മാധവൻ:— "അനുജത്തിയുമൊന്നിച്ചു താമസിച്ചാൽ കോപിക്കുമോ? ക്ഷണം തിരിച്ചുചെല്ലാമെന്നു പറഞ്ഞിട്ടുണ്ടോ? നിങ്ങൾ എവിടെയാണെന്ന് അദ്ദേഹത്തിന്ന് അറിവില്ലെ."

അവൾ:— "ഇല്ല. ഞാൻ അദ്ദേഹത്തോടു ഒരു വാഗ്ദത്തവും ചെയ്തിട്ടില്ല. ഞാൻ എവിടെയെന്ന് അദ്ദേഹത്തിന്ന് അറിഞ്ഞുകൂട."

മാധവൻ:— "നല്ല നേരംപോക്കു്. പിന്നെ നിങ്ങൾ എങ്ങിനെ ഇങ്ങോട്ടു വന്നു എന്ന് എനിക്കു മനസ്സിലാകുന്നില്ല. നിങ്ങൾ പോരുമ്പോൾ അദ്ദേഹം അവിടെയില്ലെ."

അവൾ:— ആവിധചോദ്യം ചോദിക്കരുതു്.

ഈ ഉത്തരം കേട്ടപ്പോൾ മാധവൻെറ മനസ്സിൽ നീചമായ ചില സംശയം ഉദിച്ചു. അടിസ്ഥാനരഹിതമെന്നുള്ളതിനാൽ അതിനേ ഉപേക്ഷിച്ചു. അല്പനിമിഷം മാധവൻ ചിന്താമഗ്നനായി ഇരുന്നുപോയി. ഈ അവസരത്തിൽ ഇന്ദീവരദളായതമെങ്കിലും ദ്രുതചിന്താസ്ഫുരിതനേത്രങ്ങൾ മാധവൻെറ മുഖത്തുതന്നെ ഗാഢമായി പതിച്ചിരുന്നു. അനന്തരമവൾ:—"ഞാനെന്തിനു താമസിക്കുന്നു. ഞാൻ പോകുന്നു. കരുണക്കുടി എന്നോടുകൂടി പോരട്ടെ. നന്മവരട്ടെ." മാതംഗിനി ഇടറിയ സ്വരത്തിൽ വീണ്ടും ആവൎത്തിച്ചു. "മാധവ, സുഖമായി കഴിയൂ; ഞാൻ പോകട്ടെ."

മാധവൻ അവളുടെ മുഖത്തു സൂക്ഷിച്ചു. അതു ബാഷ്പമിളിതമായിരിക്കുന്നു. മാതംഗിനി കരയുന്നു.

"എൻെറ ഹേമ നിങ്ങളോടൊന്നിച്ചു സൗഭാഗ്യം അനുഭവിക്കട്ടെ."

മാധവൻ:— "ചേച്ചി, നിങ്ങൾ കരയുന്നല്ലോ. നിങ്ങൾ ദുഃഖിക്കുന്നതെന്തിനു്?"

മാതംഗിനി ഉത്തരം പറഞ്ഞില്ല. അവൾ ഏങ്ങിക്കരയുന്നു. അനന്തരം ഉന്മാദിതമായ ആത്മപ്രലോഭനശക്തിയാലെന്നപോലെ അവൾ

മാധവൻെറ കൈകളെ സ്വഹസ്തംകൊണ്ടു പിടിച്ചു ഫുല്ലാരവിന്ദസദൃശമായ അവളുടെ മുഖം അവയിൽ അൎപ്പിച്ചു. അകളങ്കിതഫാലചന്ദ്രനെ സ്പൎശിച്ചുകിടക്കുന്ന ചൂൎണ്ണകുന്തളസ്പൎശനംകൊണ്ടു് മാധവൻെറ ദേഹം ത്രസിക്കുന്നു. ധാരയായി ഒഴുകുന്ന തപ്തബാഷ്പംകൊണ്ടു് മാധവൻെറ കൈകൾ നീരാടി.

അവളുടെ മൃദുമേനി ത്രസിക്കുന്നു. ചേതോവികാരം നിറഞ്ഞു കണ്ണുകളെ അഭയംപ്രാപിച്ചു നിൎഗ്ഗമനമാൎഗ്ഗം തേടുന്നു. ശബ്ദമിടറി ഇങ്ങനെ പറഞ്ഞു:— "ഹാ, എന്നെ നിന്ദിക്കരുതേ, എന്നെ വെറുക്കരുതേ, അന്ത്യമായ എൻെറ ഈ അബലാതപത്തേ ഓൎത്തു് എന്നെ ധിക്കരിക്കരുതു്; മാധവ, ഇതു്, നമ്മുടെ അന്ത്യസമാഗമമാണു്. അതു് അങ്ങനെ ആയിരിക്കണം. ഗാഢഗാഢമായ പ്രേമബന്ധം എനിക്കുളവായി. ഇപ്പോഴും ആ ബന്ധത്തിനു് അശേഷവും അയവു വരുന്നില്ല. അതിനാൽ യാതൊരു വിഷമവുംകൂടാതെ നിങ്ങളെ എന്നെന്നേയ്ക്കുമായി ഞാൻ വേർപിരിയുന്നു.

മാധവൻ അവളെ അപരാധിനി എന്നു വിചാരിച്ചുവോ? അഹോ, ഇല്ല. സ്വഹസ്തംകൊണ്ടു കണ്ണുകൾ മൂടി. കണ്ണുനീരുകൊണ്ടു് കൈ നനയുന്നു. അല്പനിമിഷത്തേയ്ക്കു ഗാഢമായ നിശ്ശബ്ദതതന്നെ. പക്ഷെ അവരുടെ ഹൃദയം ഉറക്കെത്തുടിക്കുന്നു. മാതംഗിനി മനസ്സാന്നിദ്ധ്യത്തെ എത്ര വേഗത്തിൽ കൈവെടിഞ്ഞോ അത്രവേഗത്തിൽ അതിനെ സ്വാധീനവുമാക്കി. ഹൃദയസ്പൃക്കായ മൗനത്തെ ആദ്യം ഭഞ്ജിച്ചതു മാതംഗിനിയാണു്.

അകന്നും ഒതുങ്ങിയും കഴിഞ്ഞിരുന്ന ജീവിതരീതി, നിരാശയേയും വിദാരിതഹൃദയത്തേയും വ്യഞ്ജിപ്പിക്കുന്ന മുഖഭാവം എന്നിവ ആദ്യംമുതൽക്കുതന്നെ മാതംഗിനിയിൽ കണ്ടിരുന്നു. അവയെല്ലാം ഇതാ അപ്രത്യക്ഷമായിരിക്കുന്നു. ദൃഢവും ദാഹകവുമായ പ്രണയത്തിൻെറ പ്രഥമ പ്രകമ്പനത്തിൽ കാണുന്ന അനിയന്ത്രിതാവേശവും ശാന്തമായി; മാതംഗിനി ശാന്തയും സമാധാനചിത്തയുമായി. നിരാശാവൃതമായ അവളുടെ മുഖം വാക്കുകൾക്കു വിഷയമല്ലാത്ത ഒരു തേജസ്സുകൊണ്ടു് പ്രകാശിച്ചു. മാധുൎയ്യവും ശാന്തവുമായ ഒരു ഭാവം അവളുട കൃശഗാത്രത്തെ ആവരണംചെയ്തു. പക്ഷെ ഇതു ഗാഢാശ്ലിഷ്ടാനുഭൂതിയിൽനിന്നുളവായതല്ല. വൎത്തമാനകാലസ്ഥിതിയല്ലാതെ ഒന്നുംതന്നെ കാണാനില്ലാത്തതും, ന്യായാന്യായവിവേചനജ്ഞാനം താല്ക്കാലിക സുഖസ്വപ്നത്തിൽ ആണ്ടുമറഞ്ഞതും ആയ ഒരു സ്ഥാനത്തേക്കു് അവളുടെ ഉദ്വേഗം പാറക്കൂട്ടത്തിനിടയിൽക്കൂടി ഒഴുകുന്ന കാട്ടാറു എന്നപോലെ പ്രവഹിച്ചു. മാതംഗിനി മാധവസന്നിധിയിലല്ലേ നിൽക്കുന്നതു്? ചിരസ്ഥായിയായി കെട്ടിനിന്നിരുന്ന ബാഷ്പതടാകം തീരംപൊട്ടി മാധവൻെറ ഹസ്തങ്ങളെ ക്ഷാളനംചെയ്തില്ലേ? അദ്ദേഹം അവളെ അനു

ഗമിച്ചു കരഞ്ഞുപോയില്ലേ? മാതംഗിനിയുടെ സ്മരണയിൽ പെട്ടതെല്ലാം കൂടി അതുമാത്രമായിരുന്നു. അവളുടെ ഹൃദയം അവഗാഹനംചെയ്ത മലീമസ സുഖാനുഭൂതിയുടെ തേജസ്സിൽ കത്തവ്യം, സദാചാരം, മായ്യാദ എന്നിവയുടെ സ്മരണകളുള്ള ഇരുണ്ട നിഴൽ പ്രസരിക്കാതെ മുഹൂത്തമാത്രം നിലനിന്നു. ഇന്ദ്രിയനിർവൃതിയുളവാക്കുന്ന അവളുടെ നേത്രങ്ങൾ ദീപ്തിമത്തുകളായിരിക്കുന്നു. മുഖത്താകെ ഒരു തേജഃപ്രസരം കാണുന്നുണ്ട്. സോഫയുടെ പിന്നിലായി സുവണ്ണയഷ്ടികൾപോലുള്ള ഹസ്തങ്ങളവലംബിച്ച് ചാരിനിന്നു. പാണിതലത്താൽ താങ്ങപ്പെട്ട ഉത്തമാംഗത്തിൽനിന്നു നിബിരീസമായ കബരീഭാരം അതിനെയും ക്ഷണതുടനം ചെയ്യുന്ന വക്ഷോജങ്ങളേയും ആവരണംചെയ്തു. അവളുടെ ഈ നില കണ്ടപ്പോൾ, സ്ത്രൈണമാംസൗന്ദര്യത്തിന്റെ തടിദ്വീക്ഷണം ഇതിലുമധികമായി ലോകത്തിലുണ്ടായിരിക്കയില്ലെന്നു മാധവൻ പൂണ്ണമായി വിചാരിച്ചിരിക്കണം.

ഉദ്വേഗത്താൽ ഇടറിയ സ്വരത്തിൽ മാതംഗിനി ഒടുവിൽ ഇങ്ങനെ പറഞ്ഞുതുടങ്ങി:— "മനുഷ്യവർഗ്ഗത്തിന്റെ ശ്രവണേന്ദ്രിയമോ, എന്തിന്, നിങ്ങളുടെ ആ ഇന്ദ്രിയമൊ ഇന്നുരാത്രി എന്റെ അധരപുടങ്ങളിൽനിന്നു പുറപ്പെട്ട ശബ്ദങ്ങൾ ഇനി ഒരിക്കലും കേൾക്കാൻ ഇടവരികയില്ലെന്നു ഞാനുറച്ചു. ഹാ, ഞാൻ എന്തൊരുദ്വേഗത്തിനാണ് അടിമപ്പെട്ടതെന്നറിയുന്നില്ല."

വികാരക്ഷോഭിളകി പ്രക്ഷുബ്ധമായതിൽപ്പിന്നെ മാധവൻ ആദ്യമായി സംസാരിച്ചുതുടങ്ങിയതു് ഇങ്ങനെയാണ്:— "മാതംഗിനി ഞാനും അങ്ങനെതന്നെ വിചാരിച്ചു. യാതൊരു സംരംഭവും കൂടാതെ നമുക്കു പിരിയാമായിരുന്നു. പക്ഷെ നിങ്ങൾ—നിങ്ങൾ ചെയ്തതു് എന്തെന്നറിയാമല്ലൊ." പക്ഷെ അദ്ദേഹത്തിന്റെ കണ്ണുകൾ പിന്നെയും നിറഞ്ഞു.— "നിങ്ങൾ പല ത്യാഗവും അനുഷ്ഠിച്ചു. അന്ത്യമായി ഒന്നുകൂടി ആചരിക്കു. മലീമസവൃത്തി യാതൊരു കളങ്കവും ഉണ്ടാകാതെ ഹൃദയത്തിൽനിന്നു് ഈ വികാരത്തെ ഉന്മൂലനം ചെയ്യു. മറക്കുക."

"എന്നെ ആക്ഷേപിക്കരുതേ." ഇത്രയും പറഞ്ഞപ്പോഴയ്ക്കും വികാരജടിലമായ അശ്രുധാര ധാരയായി പ്രവഹിച്ചു. അതിനെ മറയ്ക്കാൻ അവളുടെ ഉത്തമാംഗം കുനിച്ചു."

അവൾ തുടന്നു:—ശരി, എന്നെ ശകാരിക്കുക, ശാസിക്കുക, ശിക്ഷിക്കുക. ഞാൻ പാപിഷ്ഠയായി. എന്റെ കുലദൈവത്തിന്റെ മുമ്പിലും ഞാൻ പാപിഷ്ഠയാണ്. കാണപ്പെടാവുന്ന ഒരു ദൈവത്തിന്റെ മുമ്പിലും ഞാ

നപരാധിനിയാണ്. അതു മാധവ, നിങ്ങളല്ലാതെ മററാരുമല്ല. ഞാൻ എന്നെ വെറുക്കുന്നതിലധികം നിങ്ങൾക്ക് എന്നെ വെറുക്കാൻ കഴികയില്ല. കഴിഞ്ഞുപോയ ദീഘദീഘകാലം ഞാനനുഭവിച്ച ഹൃദയദാരുണത—ആ ചിത്തക്ഷോഭം ഈശ്വരനു മാത്രമെ അറിഞ്ഞുകൂടു. ഈ ഹൃദയത്തെ പിളന്നുവച്ചാൽ അപ്പോൾ അതെ—അപ്പോൾമാത്രമെ അതു് എങ്ങനെ പിടയ്ക്കുന്നു എന്നറിവാൻ തരമുള്ളു."

മാധവൻ വീണ്ടും കരഞ്ഞു. "പ്രിയപ്പെട്ട മാതംഗിനി" എന്നു പറഞ്ഞുകഴിഞ്ഞപ്പോൾ മാധവൻെറ ശബ്ദമടഞ്ഞു. ഒരക്ഷരം പുറപ്പെട്ടന്നില്ല.

ഹാ, വീണ്ടുംമൊഴിയുക, വീണ്ടുംമൊഴിയുക, ആ വാക്കുകൾ എൻെറ ഹൃദയം സദാ യാചിക്കുന്ന ആ വാക്കുകൾ—പറയു മാധവ—ഇപ്പോഴും നിങ്ങൾക്ക് എന്നോട്ട് പ്രേമമുണ്ടോ? ഹാ ഈ രാത്രി, ഇപ്പോൾതന്നെ ഒരിക്കൽകൂടി ആ വൈഖരി എൻെറ ഹൃദയത്തെ ശാന്തമാക്കട്ടെ. ഞാൻ പരമാനന്ദത്തോടെ ഈ രാത്രി മരിക്കും.

മാധവൻ പരിപൂൎണ്ണശാന്തതയിൽ ആയിട്ടില്ല. എങ്കിലും "മാതംഗിനി, അല്പം ശ്രദ്ധിക്കു. ഞാൻ പറയുന്നതു കേൾക്കു. മമ്മച്ഛേദകമായ ഈ ദുരിതത്തിൽ നിന്നു നമുക്കു രണ്ടുപേക്കും ഒഴിയാം. നമ്മേ രണ്ടുപേരേയും ദഹിപ്പിക്കുന്ന ഈ അഗ്നി നിങ്ങളുടെ പിതൃഗൃഹത്തിൽ വച്ചു ഉജ്ജ്വലിച്ചു. അന്നു നാം രണ്ടുപേരും അതിനെ ശാന്തപ്പെടുത്തുവാൻ തക്കവണ്ണം സാഹസികരല്ലാത്ത ചെറുപ്പക്കാരായിരുന്നു. അന്നും നാം ധമ്മത്തിൽനിന്നു വ്യതിചലിച്ചില്ല. ഇപ്പോൾ അനവധി കാലങ്ങളിലായി നമ്മുടെ ഹൃദയം സുശിക്ഷിതമായി. ആ ഹൃദയങ്ങളിൽനിന്ന് ഈ പാപചിന്തയെ മൂലോച്ഛേദനംചെയ്യു. അതാകട്ടെ നമ്മെ അല്പാല്പമായി സദാ കരണ്ടു നശിപ്പിക്കുന്നു. ഹാ മാതംഗിനി, നാം പരസ്പരം മറക്കുക. നമുക്കു പിരിയാം." മാധവൻ ദീഘമായൊന്നു നിശ്വസിച്ചു.

മാതംഗിനി എഴുന്നേററു നിവൎന്നുനിന്നു. പുത്തനായി സമുദയംചെയ്തു സൗന്ദൎയ്യം അവളുടെ മുഖത്തു വിളങ്ങി.

അല്പം ബലം പ്രയോഗിച്ചു്:—ശരി, മനുഷ്യഹൃദയത്തേ മറക്കുവാൻ പഠിപ്പിക്കാമെങ്കിൽ ഞാൻ നിങ്ങളെ മറക്കും. നമുക്കിപ്പോൾ, അല്ല, എന്നെന്നേയ്ക്കുമായി പിരിയുക.

മാതംഗിനിയുടെ ശബ്ദം കൃത്രിമശാന്തമായിരുന്നു.

ഈ ശ്രമങ്ങളെല്ലാം വിഫലമാകത്തക്കവണ്ണം അവളുടെ കണ്ണുകളിൽനിന്ന് അശ്രുധാരയൊഴുകാൻ തുടങ്ങി. ഉടനെ മുഖാവരണം ചെയ്തു. ഈ ക്ഷീണസ്വഭാവത്തെ ആച്ഛാദനം ചെയ്തു. മാതംഗിനി അതിത്വരയോടെ മുറിയിൽനിന്നിറങ്ങിപ്പോയി.

# പ്രാസ സമാസവിലാസം

( ഒരു ഭാഷാഭിമാനി. )

അനുപ്രാസം കാവ്യത്തിനും വാക്യത്തിനും ഭൂഷണമല്ലാതെ ദൂഷണമല്ല; അലങ്കാരമല്ലാതെ അലങ്കോലമല്ല; ഭാസുരമല്ലാതെ ധൂസരമല്ല. കഴിവുണ്ടെങ്കിൽ സഹൃദയപണ്ഡിതന്മാർ അതിന്റെ എണ്ണവും വണ്ണവും കുറയ്ക്കുകയില്ല. ഭേദകശബ്ദങ്ങൾ കൂട്ടതൽ ചേക്കാനും സാരൂപ്യവണ്ണങ്ങൾ തിരഞ്ഞെടുത്തിണക്കാനും ഉള്ള പ്രവണത കവിധമ്മമാണ്. ആസൂരതാരം, സങ്കല്പവിൺകപ്പൽ, ലാലസം ലാലസിപ്പു ഇത്യാദി അതിന്റെ ഫലമത്രെ. കലയും കമലയും, ചിരിയും ചിന്തയും, വെണ്ണീറടിച്ച തൊണ്ണൂറ്, മലയാളത്തിലെ തലയാളി, കറുപ്പിന്റെ തിരിപ്പ്; കമ്മവും മമ്മവും, ചെറുശ്ശേരിയുടെ എരിശ്ശേരി, താരഹാരം, വലയവിലയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം, സംഗീതരംഗം, മംഗളമഞ്ജരി, മണ്ഡനമഞ്ജരി, ഭാഷാപോഷിണി, വിദ്യാവിനോദിനി, ദുരന്തദുശ്ശങ്ക, കാൽവരിയിലെ കല്പപാദപം, ഷഷ്ടിപൂത്തി, ഷഷ്ടി, മകിലമുകുളം എന്നീ മകുടങ്ങൾ ഇതിനു തെളിവാണ്.

ഇവിടെ ഉദ്ധരിക്കുന്നതു് പ്രാസമുള്ള ചില ദ്വന്ദ്വപദങ്ങളെ മാത്രമാണ്. അജഗജം, ആധി വ്യാധി, ഖണ്ഡനമണ്ഡനം, ഓതപ്രോതം—എന്നിങ്ങനെ സംസ്കൃതവും; ഹെൽത്തു് വെൽത്തു്, നെയിം ഫെയിം, നറിഷ് പെറിഷ്, മുതലായ ഇംഗ്ലീഷും; കച്ചൈ കിച്ചൈ, ഗാന്ധി ഗീന്ധി, എന്നൊക്കെ തമിഴും ഇതുപോലെ മററു ഭാഷകളും ഈ പദ്ധതിയെ ആദരിക്കുന്നുണ്ട്. തമിഴും ചില ഉത്തരഇൻഡ്യൻ ഭാഷകളും സമാനരൂപമുള്ള നിരത്ഥകപദങ്ങളെ തൊട്ടുചേത്തു് സംതൃപ്തിപ്പെടുത്തുന്നതായി കാണു

ന്നു. മലയാളവും സംസ്കൃതവും മററും ആ അനാശാസ്യതയ്ക്കു മുതിന്നിട്ടില്ല; ചപ്പുചിപ്പ്, കാളികൂളി മുതലായി അപൂർവ്വം വഴിപിഴച്ചിട്ടില്ലെന്നുമില്ല. പ്രാസഭ്രമത്തിൽ അബദ്ധസുബദ്ധം, രഹസ്യപരസ്യം അത്താഴം മുത്താഴം, ആവലാതി വേവലാതി എന്നിങ്ങനെ "പൂശക"സ്വാതന്ത്ര്യവും *കൈകടത്തീട്ടുണ്ട്. അതിനാൽ ഇവ കവികളുടെ കണ്ണിലുണ്ണികളായി കരുതേണ്ടിയിരിക്കുന്നു.

നെറിയും കുറിയും തെററാതെ; വാട്ടവും കോട്ടവും, തട്ടും മുട്ടും, അങ്കവും ചുങ്കവും, കരടും മുരടും, വളവും പുളവും, കുറവും കുററവും തീർത്ത്, ഏഴകോഴകളും താഴ്ചവീഴ്ചകളും പററാതെ; അന്തവും ചന്തവും, മണവും ഗുണവും, മട്ടും ചിട്ടയും, കൊഴുപ്പും മുഴുപ്പും, നിരപ്പും പരപ്പും വഹിച്ച്; പേരും പെരുമയും, നേരും നെറിയും, ഊക്കും ലാക്കും, ധാടിയും മോടിയും വാച്ച്; കൈരളിയുടെ ഊട്ടുപാട്ടും ഉള്ളുകള്ളിയും കണ്ട പൂർവ്വാചാര്യന്മാരുടെ കെട്ടുപൂട്ടുകളിൽ; ഒളിഞ്ഞും തെളിഞ്ഞും, മറിഞ്ഞും തിരിഞ്ഞും, ഉരുരുണ്ടും പിരണ്ടും കിടപ്പുള്ള പൊട്ടും പൊടിയും താറുമാറായിപ്പോകാതെ; മണ്ണും വിണ്ണും, കുന്നും കുഴിയും, ആഴിത്തിരയും ഊഴിത്തറയും ഉള്ളെടംവരെ, അന്നും ഇന്നും എന്നും നിലനിറുത്താനും; ചിതലിൻെറ മുതലോ പാററയുടെ തീററയൊ, ഹുതാശനൻെറ ഹിതാശനമൊ ആകാതിരിപ്പാനും; അവ സായും സൂയും §എട്ടും പൊട്ടും £തിരിയാത്തവർക്കുപോലും സുഗ്രഹമാക്കിവെപ്പാനും യത്നിക്കേണ്ടതു് തുഞ്ചനേയും കുഞ്ചനേയും ആരാധിക്കുന്ന ഭാഷാഭിമാനികളുടെ സ്വത്ത്വമായ കർത്തവ്യമാകുന്നു. കണ്ണും കരളും പേച്ചും മൂച്ചും, ശേഷിയും ശേമുഷിയുമുള്ളവർ മേലും കീഴും, മുക്കും മൂലയും നോക്കി "കമാന്നു്" $ഇരിക്കാതെ; ചൊല്ലും ചൊള്ളും സൊള്ളുമായിക്കഴിച്ച് നീക്കുപോക്കു വരുത്താതെ ഉന്തിയൊ പൊന്തിയൊ മുന്നോട്ടുവരുത്തിയാൽ നന്ന്.

ഈ പ്രബന്ധം ചവററുകൊട്ടയുടെ വയററുകോട്ടയിൽ ചീന്തിമാന്തിയിടാതിരിപ്പാൻ "ഗുരുനാഥ"സമക്ഷം താണുവീണുകേണ് അപേക്ഷിച്ചുകൊള്ളുന്നു.

---

*മൂഷികനു എതിരായി കുഞ്ചൻ നമ്പ്യാർ "പൂശക"നെ സൃഷ്ടിച്ചു; രഹസ്യത്തിനെതിരായി പരസ്യം ആരോ സൃഷ്ടിച്ചതുപോലെ.

§ സായും സൂയും-സംഗീതത്തിൻെറ പ്രഥമപാഠംപോലും അറിയാത്തവൻ, അജ്ഞൻ.

£ തമിഴിൽ എട്ട് അകാരം. പൊട്ട് അനുസ്വാരം, 'അ' മുതൽ 'അം' വരെയുള്ള സ്വരവർണ്ണമാലപോലും അറിവില്ലാത്തവൻ, നിരക്ഷരൻ.

$ 'കമ'—അക്ഷരസംഖ്യ പ്രകാരം 51. അൻപത്തൊന്നിൽ ഒരക്ഷരവും ശബ്ദിക്കാതെ—മൗനം.

ഇങ്ങനെയൊക്കെ ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. (ലേഖകൻ)

# ആരോഗ്യരക്ഷാക്രമം

പൗരസ്ത്യരിൽനിന്നു പാശ്ചാത്യർക്കു വല്ലതും പഠിക്കാനുണ്ടോ?

*BY*

**S. L. Bhandari M. B. B. S; P. C. M. S.**

യൂറോപ്പിൽ പതിനാലുമാസത്തെ താമസത്തിനിടയിൽ പാശ്ചാത്യരുടെ ഉൽകൃഷ്ട ജീവിതരീതിയും അവരുടെ സാമാന്യമായ അംഗസൗഷ്ഠവവും എന്നിൽ ഗാഢമായി പതിഞ്ഞു. ആധുനിക സയൻസിലും ഗവേഷണത്തിലും പാശ്ചാത്യർ പൗരസ്ത്യരെ വളരെ പിന്നാണിയിൽ തള്ളിയിരിക്കുന്നു എന്നതും അനിഷേധ്യപരമാർത്ഥമാണു്. അതിനാൽ പൗരസ്ത്യർ പാശ്ചാത്യരിൽ നിന്നും അഭ്യസിക്കേണ്ട കാര്യങ്ങളനവധിയാണു്. ഇങ്ങനെയാണെങ്കിലും നമ്മിൽ നിന്നും പാശ്ചാത്യർ പഠിക്കേണ്ട അപൂർവ്വം ചില അനഘകാര്യങ്ങളുണ്ടു്. പാശ്ചാത്യരിൽ പലരും പേരുതന്നെ പഠിച്ചിട്ടില്ലാത്ത യോഗശാസ്ത്രത്തെക്കുറിച്ചല്ല ഞാൻ പറയുന്നതു്. പാശ്ചാത്യതത്വശാസ്ത്രം അതിന്റെ പരമോച്ചസ്ഥാനത്തു് എത്തുന്നിടമാണു പൗരസ്ത്യതത്വശാസ്ത്രം ആരംഭിക്കുന്നതു്. അതുകൊണ്ടു് ഞാൻ അതിനെക്കുറിച്ചും ഒന്നും പറയുന്നില്ല. പാശ്ചാത്യർ പണ്ഡിതപടുക്കളെന്നഭിമാനിക്കുന്ന ആരോഗ്യരക്ഷാക്രമത്തിൽ അല്പം ചിലതു ഞാൻ പറയാം. ആ വിപുലശാസ്ത്രത്തിൽ നിന്നു ശരീരാരോഗ്യരക്ഷയെക്കുറിച്ചുമാത്രമേ പറയുന്നുള്ളൂ. പലരോഗങ്ങൾക്കും നിദാനമെന്നു വെച്ചിരിക്കുന്ന ആധുനിക ബാക്ടീറിയാ (അണുജീവികൾ) വിജ്ഞാനം ഒന്നും കൂടാതെതന്നെ പൗരസ്ത്യപുരാതനർ ശുചീകരണവിഷയത്തിൽ എത്ര സൂക്ഷ്മമായ ജ്ഞാനം സമ്പാദിച്ചിരുന്നു എന്നതു വിസ്മയജനകംതന്നെ. സ്വതന്ത്രമായ പരിണാമപ്രവാഹത്തിൽ വളരെ ലഘുവെങ്കിലും അതിപ്രധാനമായ ചിലതിനെ വിട്ടുപോകുമെന്നും, അതിസൂക്ഷ്മമായ വസ്തുക്കളെ ഗവേഷണപാടവംകൊണ്ടു് സ്വാനുഭവത്തിൽ വരുത്തുമെന്നുള്ള സംഗതിയും ചിന്തിപ്പാൻ രസാവഹം തന്നെ. മണിക്കൂറിൽ ഇരുനൂറു മൈൽ ഗതിവേഗമുള്ള എയറൊപ്ലെയിൻ പാശ്ചാത്യർ കണ്ടുപിടിച്ചിരിക്കുന്നു. പക്ഷെ ഒരു വൃക്ഷത്തിന്റെ ചില്ലക്കൊമ്പുകൊണ്ടു് നാമുണ്ടാക്കുന്നതും, പല്ലുതേക്കാനുള്ളതുമായ കമ്പിനെ ജയിപ്പാനൊരു "ടൂത്ത്ബ്രഷ്" ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. അവർ "ടൂബർകുലർ ബാസിലി" കണ്ടുപിടിച്ചുകഴിഞ്ഞു. ആഹാരത്തിനു മുമ്പും പിമ്പും മുഖക്ഷാളനം അതിപ്രധാനമായ സംഗതിയാണെന്ന ഒരു ചുരുങ്ങിയ

കാര്യം കണ്ടുപിടിപ്പാൻ കഴിഞ്ഞിട്ടില്ല. ഈ ലേഖനംകൊണ്ട് ഒരുവൻെറ യും വികാരക്ഷോഭത്തേയോ, അഭിമാനഹാനിയേയോ ഇഛിക്കുന്നില്ല എന്നു പുറപ്പാടിൽതന്നെ പറഞ്ഞുകൊള്ളട്ടെ. ജനസാമാന്യത്തിനു പൊതുനന്മയായും, സർവ്വജനീനവും മാതൃകാപരവുമായ പരിഷ്കാരത്തോടു സമീപിക്കാനുള്ള ഒരു സാധകപദമായും, സങ്കല്പിച്ചാണ് ആ ലേഖനം ചെയ്യുന്നതു്.

പ്രതിപാദിക്കുന്ന സംഗതികളെ ഓരോന്നായി വിവരിക്കാം.

## 1. മുഖസംരക്ഷണം.

(a) ദിവസത്തിൽ രണ്ടുപ്രാവശ്യം പല്ലുതേക്കണം. പ്രഭാതത്തിലുണന്നാൽ ആദ്യം ചെയ്യേണ്ടതും, കിടക്കുന്നതിനു മുമ്പായി ഒടുവിൽ ചെയ്യേണ്ടതുമാണ് ഈ ധാവനക്രിയ. ഒരു വൃക്ഷത്തിൻെറ പുത്തൻ പുത്തനായി സ്വീകരിക്കുന്ന ചില്ലകളാണ് ഈ ക്രിയയ്ക്കുള്ള ഉപകരണം. പല്ലുതേക്കാനുള്ള ഈ കമ്പു് (ദത്തുണ) ആരോഗ്യരക്ഷക്കുള്ള ഒരു ഉപകരണമാണ്. പുരാതനരുടെ അത്ഭുതകരമായ ഒരു കണ്ടുപിടിത്തമാണിതു്. ഇത്ര അകൃത്രിമമായ ഒന്നു കണ്ടുപിടിച്ചതു് ബി. സി. 400-ാമാണ്ടിൽ ജീവിച്ചിരുന്ന ചരകൻെറ വൈദ്യശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്. ആര്യവംശജരിൽ (ഹിന്ദുക്കൾ എന്നു വിളിക്കപ്പെടുന്നവർ) അക്ഷരജ്ഞാനവിഹീനരും ഇന്നും ഈ ദന്തധാവനവിധിയെ ആചരിച്ചുപോരുന്നു. ആ ഗ്രന്ഥത്തിൽ ദന്തധാവനത്തിനുള്ള ഈ കമ്പിൻേറപേർ മാത്രമല്ല പറഞ്ഞിരിക്കുന്നതു്. അതിൻെറ നീളവും (നിവത്തിയ ഹസ്തത്തിൻെറ 1¼ നീളം) ഘനവും (ചെറുവിരൽ, കനിഷ്ഠിക ദളം) പറഞ്ഞിട്ടുണ്ട്. പൌഡറും ബ്രഷും ഉപയോഗിച്ചു പല്ലുതേക്കണമെന്ന നിലയിൽ പാശ്ചാത്യർ എത്തിയിരിക്കുന്നു. പക്ഷെ ദത്തുണയെ ജയിക്കത്തക്ക ഒരു ടൂത്ത്ബ്രഷ് കണ്ടുപിടിക്കുന്നതിന് ഇതുവരെ സാധിച്ചില്ല. ഇല്ലെന്നുള്ളതിനു ചില കാരണങ്ങൾ പറയാം.

(i) ഒരു ടൂത്ത്ബ്രഷ് ദുർഗന്ധംകൂടാതെ സൂക്ഷിക്കുന്നതു് അസാദ്ധ്യമല്ലെങ്കിൽ അതിനോട്ട് ഏററവും അടുത്ത ഒരു പരമാർത്ഥമാണ്. ഒരേ ബ്രഷ്ഷുതന്നെ ആവത്തിച്ചാവത്തിച്ചു് ഉപയോഗിക്കുന്നതു ജുഗുപ്സാവഹവുമത്രെ. (ദത്തുണ) ദിവസംപ്രതി പുത്തനായി ഓരോന്നുണ്ടാക്കാം.

(ii) ടൂത്ത്ബ്രഷ്ഷിൻെറ നാരുകൾ മോണയ്ക്ക് ഉപദ്രവം ഉണ്ടാകത്തക്കവണ്ണം അത്ര കട്ടപ്പമേറിയതോ അഥവാ ശുചീകരണത്തിന് ഉപകരിക്കാത്തവണ്ണം അത്ര മാട്ദവമുള്ളതോ ആയിട്ടാണ് കാണാറുള്ളതു്. ദത്തുണയുടെ നാരുകൾ മൃദുവുമാണ്, വഴങ്ങുന്നതുമാണ്. ശുചീകരണത്തിന് ഉത്തമവുമത്രെ.

(iii) ടൂത്ത്ബ്രഷ്ഷിൻെറ നാരുകളുടെ അററം മിനുസമുള്ളതാകകൊണ്ടു ശുചീകരണത്തിനുതകുകയില്ല. ദത്തുണയുടെ അററം പരുപരുത്തതും സംഗ്രഹണക്ഷമവുമാണ്.

(IV) പുതിയ കമ്പിൽനിന്നു കിട്ടുന്ന നീരിന് ഔഷധവീര്യമുണ്ട്. മോണയ്ക്കു ബലം ചെയ്യുന്നതാണ്. ഈ ഗുണം ബ്രഷ്ഷിനില്ല.

(V) അന്ത്യമായി സന്ത്യജിവിക്കാവുന്നതല്ലാത്ത ഒരു കാര്യംകൂടിയുണ്ട്. ടിററാനസ്, ആൻത്രാസ്, ഇറിസിപിലാസ് എന്നീ പകച്ചവ്യാധികളുടെ ബീജം ബ്രഷ്ഷിനുപയോഗിക്കുന്ന നാരുകളിൽനിന്നും പകരുവാനിടയുണ്ട്. ഈ രോഗാണുക്കളെ അകററുന്നതു ക്ഷണസാധ്യമല്ല. ക്ഷൗരത്തിനുപയോഗിക്കുന്ന ബ്രഷ്ഷിൽനിന്നു പകന്ന ഇത്തരം വ്യാധികൾ നിമിത്തം മരണത്തിനു സംഗതിവന്നിട്ടുണ്ട്.

B.

ആഹാരത്തിനു മുമ്പും പിമ്പും വായ് വെള്ളംകൊണ്ടു ശുദ്ധമാക്കണം.

ആഹാരത്തിനു മുമ്പോ പിമ്പോ വെള്ളംകൊണ്ടു വായ് ശുചീകരിക്കുന്ന സമ്പ്രദായം പാശ്ചാത്യജനങ്ങളിൽ ഇല്ലതന്നെ. കൈയ്യും മുഖവും നല്ലപോലെ കഴുകി കളഞ്ഞല്ലാതെ (അതുവരെ) ആഹാരസാധനങ്ങളെ തൊട്ടുവാൻപോലും ഒരുവൻ അനഹനെന്നോ, അശുചിയെന്നോ പൗരസ്ത്യർ ഗണിച്ചിരിക്കുന്നു. പാശ്ചാത്യർ മുഖം കഴുകാതെ രാത്രി കിടന്നുറങ്ങിയ ശയ്യയിൽ കിടന്നുകൊണ്ടുതന്നെ ചായ കഴിക്കുന്നു. പൗരസ്ത്യരിൽ ഒരുവനും അങ്ങിനെ ചെയ്കയില്ല. *മലമൂത്രവിസജ്ജനത്തിനുശേഷം ഒരുവിധസ്നാനം കഴിഞ്ഞല്ലാതെ യാതൊരാഹാരവും കഴിക്കാനുള്ള ചിന്തതന്നെ പൗരസ്ത്യക്കില്ല. പാശ്ചാത്യദേശങ്ങളിൽ അനുവത്തിക്കുന്ന ഈ രീതി പല്ലിനും ആരോഗ്യത്തിനും ഹാനികരമെന്ന് എളുപ്പത്തിൽ തെളിയിക്കാം.

പ്രഭാതത്തിൽ ഉറക്കം കഴിഞ്ഞു് എഴുന്നേററ ഉടനെ കുറച്ചു നല്ല വെള്ളം വായിൽ ഒഴിച്ച് അഞ്ചുമിനിട്ടുനേരം വച്ചുകൊണ്ടിരിക്കണം. ഇതിനിടയിൽ നല്ലപോലെ തുപ്പിക്കളയണം. വൃത്തിയായ ഒരു തംബ്ളറിലേക്കു തുപ്പുക. എച്ചിലും ആഹാരാവശിഷ്ടവും കലന്ന് അല്പം മഞ്ഞനിറത്തിലുള്ള വെള്ളം നമുക്ക് പ്രത്യക്ഷത്തിൽ കാണാം. മുഖവും വായും വെള്ളം

(1) അനുകരണഭ്രാന്തു പിടിച്ച് കണ്ണുകാണാത്ത ചില യുവാക്കന്മാരും പൌരസ്ത്യദേശങ്ങളിൽ "ബഡ്കാഫി" തുടങ്ങിയിട്ടുണ്ട്.

കൊണ്ടു ശുദ്ധിചെയ്യാതെ ആഹാരം കഴിച്ചാൽ ഈ വിഷവും ആമാശയത്തിൽ ചെല്ലും. അതു രക്തത്തിൽ ഈ വിഷത്തോടെ ചേരും. ആഹാരത്തിനശേഷവും ഈ അശുദ്ധപദാർത്ഥങ്ങൾ കവിൾകൊണ്ടു തുപ്പിയാൽ കാണാം. ആഹാരം കഴിഞ്ഞ ഉടനെ ക്ഷാളനം സ്വീകരിച്ചില്ലെങ്കിൽ ആഹാരാവശിഷ്ടം മലിനീഭവിച്ച് പല്ലിനു പുഴുക്കുട്ടും മററുദീനങ്ങളുമുണ്ടാകും. രണ്ടുപ്രാവശ്യം ഈ ക്ഷാളനം പല്ലുരക്ഷിക്കുന്നതിനും അതിനെ വെൺമുത്തുപോലെ വെളുപ്പിച്ചുകൊള്ളുന്നതിനും സഹായിക്കുന്നു. മുപ്പത്തിരണ്ടു് നല്ല പല്ല് പൌരസ്ത്യരിൽ സാധാരണമെന്നിരിക്കെ പാശ്ചാത്യരിൽ വളരെ അപൂർവ്വമായിട്ടേ ഇങ്ങനെ കാണുകയുള്ളു. ഉള്ളതുതന്നെ പുഴുതിന്നു തേഞ്ഞതും മഞ്ഞനിറമുള്ളതുമായിരിക്കും.

## 2. കമ്മോഡിനുള്ള അനാശാസ്യത.

അനവധി ആളുകൾ പല പ്രാവശ്യവും ഉപയോഗിച്ചിട്ടുള്ള ഒരേ കമ്മോഡിന്മേൽ നഗ്നമായ പൃഷ്ഠവുമററിപ്പിച്ചിരിക്കുന്നതു ജുഗുപ്സാവഹമെന്നുതന്നെയുമല്ല, അപകടപൂർണ്ണമായ ഒരു നടപടിയും കൂടിയാണു്. ആ ഇരിപ്പിടങ്ങൾ ഒട്ടുന്നതായി ഞാൻ സൂക്ഷിച്ചറിഞ്ഞിട്ടുണ്ടു്. പകർച്ചവ്യാധികളെ ഉണ്ടാക്കുന്ന ഇരിപ്പിടങ്ങൾ ആണിവയെന്നു എനിക്കു് പലപ്പോഴും തോന്നിട്ടുണ്ടു്. പുഴുക്കടി, പിത്തപ്പുണ്ണു തുടങ്ങി പല രോഗങ്ങളും ഇതിൽനിന്നു പകരാറുണ്ടു്. വൈദ്യശാസ്ത്രം കുറച്ചുകൂടി പുരോഗമനം ചെയ്യുമ്പോൾ കമ്മോഡിൻെറ രൂപം വ്യത്യാസപ്പെടുത്തുന്നതിനു പാശ്ചാത്യർ ശക്തരാകുമെന്നു് എനിക്കു് പൂർണ്ണവിശ്വാസമുണ്ടു്. അല്ലെങ്കിൽ അവർ പൌരസ്ത്യരെ അനുഗമിച്ച് കുന്തിച്ചിരുന്നുതുടങ്ങും. ഈ ഇരിപ്പിന് ഇതിനും പുറമെ രണ്ടു ഗുണങ്ങൾകൂടിയുണ്ടു്.

(a) അടിവയറിൻെറ പാർശ്വവർത്തികളായ ഭിത്തികളെ തുടകൾ താങ്ങിക്കൊള്ളും. വൃദ്ധി വരാതിരിക്കാൻ ഇതു സഹായകവുമത്രെ.

(b) അടിവയററിൽ മാംസപേശികളെ ഇങ്ങനെ താങ്ങുന്നതുകൊണ്ടു് ശോധനയുടെ ശുദ്ധിക്കും സുഖത്തിനും വഴിയുണ്ടു്.

## 3. ശൌചാചരണം.

പൌരസ്ത്യരിൽ ഹിന്ദുക്കളുടെ മാത്രം ആചാരവിധിയിൽപെട്ട ശൌചം ആരോഗ്യരക്ഷാനിയമങ്ങളിൽ അതിപ്രധാനമത്രെ. മലമൂത്രവിസർജ്ജനത്തിനു ശേഷം ശൌചത്തിൻെറ നിയമം എത്ര നിഷ്കൃഷ്ടയായിട്ടാണു് ആചാര്യന്മാർ വിധിച്ചിട്ടുള്ളതു്. കൊച്ചുകുട്ടികൾപോലും മലമൂത്രവിസർജ്ജ

നംചെയ്തിട്ടു ശൌചം കഴിയാതെ ശുദ്ധമാകയില്ലെന്ന് എത്രയോ പുരാതന കാലംമുതൽക്കുതന്നെ വിശ്വസിച്ചുപോരുന്നു. പാശ്ചാത്യർ കടലാസുകൊണ്ടു തുടച്ചാൽ എല്ലാം ശുദ്ധമായി എന്നു വിശ്വസിക്കുന്നു. ഒരിക്കലും ശുദ്ധമാകയില്ലെന്ന് തെളിവുതന്നെ ആവശ്യമില്ല. കടലാസുകൊണ്ടു നല്ലപോലെ തുടച്ചാലും ഒററ നോട്ടംകൊണ്ട് മാലിന്യം തീരെ പോയി എന്നുപറവാൻ ഒരുത്തന്ന് സാധിക്കയില്ല. മഹായുദ്ധകാലത്ത് ഒരുസംഘം ബ്രിട്ടീഷുപട്ടാളക്കാരെ വൈദ്യപരിശോധനയ്ക്ക് ഇവന്ന് അവസരം കിട്ടിയിരുന്നു. യുദ്ധരംഗത്ത് ജലത്തിന്ന് അല്പം ദാരിദ്ര്യമുണ്ടായിരുന്നു എന്നത് സമ്മതിക്കാം. കുളിക്കാൻ തരപ്പെട്ടില്ലെന്നു വന്നേക്കാം. കഷ്ടം ഉണങ്ങിയ മലം ഗുഹ്യപ്രദേശത്തുള്ള രോമങ്ങളിൽ പററിപ്പിടിച്ചിരിക്കുന്ന കാഴ്ച ഭയങ്കരം. കാണാൻ സാദ്ധ്യമല്ല. എന്നുമുതൽക്കുള്ളതാണിതെന്ന് ദൈവത്തിന്നു മാത്രമറിയാം. ശൌചത്തിന്ന് ഉപയോഗിക്കുന്ന വെള്ളം ദുർവ്യയം ചെയ്യുന്നതല്ലെന്ന് അറിവാൻ ഇത് ഒരിക്കൽ കണ്ടാൽ മാത്രം മതി.

വെള്ളം ഉപയോഗിക്കുന്നതുകൊണ്ട് മറെറാരു ഗുണംകൂടി ഉണ്ട്. മലദ്വാരത്തിൻെറ അല്പം ഉള്ളുംകൂടി ശുദ്ധിചെയ്യാൻ തരമുണ്ട്. ഇതു കടലാസുകൊണ്ട് ഒരിക്കലും സാദ്ധ്യമല്ല. ഈ ഭാഗത്തുള്ള മൃദുവായ തൊലിയിൽ പററുന്ന സാധനം അവിടെയിരുന്നു ഉണങ്ങിപ്പിടിക്കുന്നു. അതിനാൽ അവിടെ രോഗത്തിന്നു കാരണമാകുന്നു. എത്ര മൃദുവായ കടലാസുകൊണ്ട് അവിടം തുടച്ചാലും ആ തൊലിക്ക് ഹാനിപററുന്നതാണ്. അതും രോഗത്തിന്ന് കരണമത്രെ.

## 4. സ്നാനം.

പാശ്ചാത്യദിക്കിൽ ജനങ്ങൾ ടബ്ബിലാണ് കുളിക്കുന്നത്. പാദവും പൃഷ്ഠവും കഴുകിയ വെള്ളംകൊണ്ടുതന്നെ മുഖവും കഴുകുന്നു. ഒട്ടുമിക്ക അവസരങ്ങളിലും മലമൂത്രവിസർജ്ജനം ചെയ്തിട്ട് ശൌചം കഴിച്ചിട്ടില്ലായിരിക്കും. ഈ സമ്പ്രദായം എത്ര ജുഗുപ്സാവഹമെന്ന് നോക്കുക. ദിവസംതോറുമോ ആഴ്ചയിലൊരിക്കലോ കുളിക്കുമ്പോൾ ആ ടബ്ബിൽ സോപ്പുപത, ചളി, മലം ഇവയെല്ലാം വെള്ളത്തിൻെറ മുകളിൽ ഒരു പാടയായി നില്ക്കും. കുളി കഴിഞ്ഞു പുറത്തു വരുന്നവൻെറ ശരീരം മുഴുവനും ഇതു പുരണ്ടിരിക്കും. ഇങ്ങനെ പലരും കുളികഴിയുമ്പോൾ അഴുക്കുകൂട്ടപലിശയോടെ ശരീരത്തിൽ പിടിക്കും.

ജപ്പാൻകാർ വേറെ ഒരുജാതി സ്നാനമാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു പൈപ്പിലിരുന്ന് ചളിയെല്ലാം കളഞ്ഞ് ടബ്ബിൽ ഇറങ്ങിക്കുളി,

കുന്നു. ഇതും വളരെ നന്നല്ല. ഇത്രയധികം വിസ്തരിച്ച കുളി രോഗത്തിന് കാരണമായേക്കാം. സയൻസിൻെറ അഭിവൃദ്ധി ഇനിയും ഉണ്ടാകേണ്ടതാകയാൽ കുളിക്കും ഒരു ഉചിതമാൎഗ്ഗം കണ്ടെത്തുമെന്ന് ആശിക്കാം. പൗരസ്ത്യർ ഒരു ഒഴുക്കുള്ള ദിക്കിൽ ഇരുന്നോ, ഒരു മൊന്തകൊണ്ട് ടബ്ബിൽനിന്ന് കോരിയൊഴിച്ചോ കുളിക്കുന്നു. ഇതു പരിഷ്കാരം പോരാത്തതെന്ന് പറയുമായിരിക്കാം. എങ്കിലും ആരോഗ്യശാസ്ത്രത്തിന് പരിഷ്കാരക്കുറവില്ല.

## 5. പാദമുഖങ്ങളുടെ രക്ഷ.

മനുഷ്യശരീരത്തിൽ പാദങ്ങൾ അതിപ്രധാനമായ അവയവമാണ്. ആരോഗ്യരക്ഷയ്ക്ക് അവയ്ക്കുള്ള പ്രാധാന്യംപോലെതന്നെ രോഗങ്ങളെ പകൎത്താനും അവയ്ക്കു ശക്തിയുണ്ട്. മുഖശുചീകരണത്തിനുള്ള പ്രാധാന്യത്തെക്കാൾ ഒട്ടും കുറവുള്ള ഒന്നല്ല പാദശുചീകരണവും. പൗരസ്ത്യർ കുളിക്കുന്നില്ലെങ്കിൽ കൈ കാൽ മുഖം ഇവ കഴുകുന്നു. പാശ്ചാത്യ ദിക്കിൽ ഒരു പാത്രം വെള്ളത്തിൽതന്നെ കൈയ്യും മുഖവും ആവൎത്തിച്ചാവൎത്തിച്ച കഴുകുന്നു. ഇതു ആരോഗ്യവിരുദ്ധമാണ്. സോപ്പു കലങ്ങിയ വെള്ളത്തിന് മുഖത്തു പററിയിരിക്കുന്ന സോപ്പിനെ കഴുകിക്കളവാൻ ശക്തിയില്ല. അതിനാൽ ഒരുഭാഗം സോപ്പു ദേഹത്തിൽ പററിയിരുന്നു ദുഷിച്ച് രോഗഹേതുവാകും. പാദക്ഷാളനത്തിന് ഒരു വ്യവസ്ഥയുമില്ല. കുളിക്കുമ്പോൾ മാത്രമെ പാദക്ഷാളനം പതിവുള്ളു. അതു് ചിലപ്പോൾ ആഴ്ചയിൽ ഒന്നാകുമല്ലൊ. ഈ പ്രവൎത്തിയും ആശാസ്യമല്ല. ശരീരം വിയൎക്കുന്നതുകൊണ്ട് പാദങ്ങൾ മലിനങ്ങളാകും. മലമൂത്രവിസൎജ്ജനത്തിനു പോയാൽ കാൽ മലിനമാകും. അതിനാൽ നിത്യവും പാദശുചീകരണം ആവശ്യമത്രെ. പാദക്ഷാളനത്തിന് മററു ഉപയോഗങ്ങളുമുണ്ട്. അതു ക്ഷീണംതീൎക്കും. ഭക്ഷണത്തിനു രുചിയുണ്ടാക്കും. യൂറോപ്പുഖണ്ഡത്തിൽ ചില ഹോട്ടലുകളിൽ പാദക്ഷാളനത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സൎവ്വസാധാരണമായിട്ടില്ല. അസന്നഭാവിയിൽ ഈ ശുചീകരണം സാൎവ്വത്രികമായിക്കാണുവാൻ ഇടവന്നേക്കാം. ഇംഗ്ലണ്ടും അമേരിക്കയും ഉൾപ്പടെ പാശ്ചാത്യദിക്കിൽ ഇങ്ങനെ ഒന്നു വരണമെന്നു പ്രാൎത്ഥിക്കുന്നു.

പൗരസ്ത്യപാശ്ചാത്യർ ഒത്തൊരുമിച്ച് ശ്രമിക്കുന്നതായാൽ ലോകത്തിൻെറ മോക്ഷം ക്ഷണസാദ്ധ്യമാണ്. പാശ്ചാത്യരിൽ ചില ഉൽകൃഷ്ടവിഭാഗക്കാർ മൃതശരീരം ദഹിപ്പിച്ചു തുടങ്ങിയതു് പൗരസ്ത്യരുടെ ഒരു വിജയമായി കരുതാം. ഈ ഒരു ഏൎപ്പാട്ട് പൗരസ്ത്യരായ ഹിന്ദുക്കൾ മാത്രം

ആചരിച്ചുപോന്ന ഏർപ്പാടാണ്. ഈ പ്രക്ഷുബ്ധലോകത്തിൻെറ സമാധാനത്തിനും അഭിവൃദ്ധിക്കും പൗരസ്ത്യപാശ്ചാത്യർ ഒത്തൊരുമിച്ച് നല്ലതെന്നുള്ളതെല്ലാം പരസ്പരം കൈമാറേണ്ടതാണെന്നും അതു് അചിരേണ സംഭവിക്കണമെന്നും ഞാൻ പ്രാർത്ഥിച്ചുകൊണ്ടു് തൽക്കാലം അവസാനിപ്പിക്കട്ടെ.

# ശാരദ

## ഒരു തിരസ്കൃതക്ഷേത്രം

(Nityanarayana Banerjee.)

അൻപത്തിരണ്ടു മഹാപീഠങ്ങൾ എന്നു ഹിന്ദുക്കൾ അഭിമാനിക്കുന്ന മഹാക്ഷേത്രങ്ങളിൽ ഒന്നാണ ശാരദാപീഠം. ടിബററിൻെറയും കാശ്മീരത്തിൻെറയും അതിരിൽ ഒരു അപ്രസിദ്ധഗ്രാമത്തിലാണ് ഇതു സ്ഥിതി ചെയ്യുന്നതു്. കേദാരഭദ്രി അല്ലെങ്കിൽ പശുപതിനാഥം എന്നതിനെപ്പോലെ തീർത്ഥാടകരോ സഞ്ചാരികളോ ഇവിടം അധികം സന്ദർശിക്കാറില്ല. സ്ത്രീജനങ്ങളോടുകൂടി ശാരദാദർശനത്തിനുവന്ന ആദ്യബങ്കാളികൾ ഞങ്ങളാണെന്ന് അവിടെ പറയുന്നതു കേൾക്കാനിടയായി.

കാശ്മീരത്തിൻെറ തലസ്ഥാനമായ ശ്രീനഗരത്തിൽനിന്നു ബോട്ടുവഴി സൊപ്പൂരിലേക്കു പുറപ്പെട്ടു. അവിടെനിന്നു ഡിഗാമിലേക്കു 'ടാംഗയിലോ' ബസ്സിലോ യാത്ര ചെയ്യാം. ശ്രീനഗരത്തിൽനിന്നു ബസ്സുവഴി സൊപ്പൂരിലേക്കു പോകാമെങ്കിലും നദിയിൽക്കൂടി യാത്രചെയ്യാനുള്ള മോഹം ഞങ്ങളെ അങ്ങനെ ചെയ്യിച്ചു. ഖിർഭവാനി എന്നൊരു പുണ്യസ്ഥലം ഈ വഴിക്കു പോയാൽ സന്ദർശിക്കാമെന്നൊരു മോഹവും ഉണ്ടായിരുന്നു.

ഞങ്ങളുടെ 'കിസ്റ്റി' ഒരു വലിയ ബോട്ടാണ്. അതിനു ആറുമുറികളുണ്ടു്. വീടായി ഉപയോഗിക്കുന്ന ബോട്ടിൻെറ അടുക്കളബോട്ടാണിതു്. ഇവയിൽതന്നെയാണു വള്ളക്കാർ അവരുടെ ജീവിതം കഴിക്കുന്നതു്. പിറന്നതും വളന്നതും ഇവിടെത്തന്നെ. പൊറുക്കുകയും മരിക്കുകയും ഇവിടംകൊണ്ടുതന്നെ. ഞങ്ങൾ വലിയ മൂന്നു മുറികൾ എടുത്തു. ചെറിയമുറിക

ളിൽ വള്ളക്കാരൻ, ഭാൎയ്യ, സഹോദരൻ, രണ്ടു ചെറിയ പെൺമക്കൾ ഇത്രയുംപേർ കഴിഞ്ഞുകൂടി. വലിയമുറി ശയനസ്ഥലമായും അതിൽ ചെറുത് അടുക്കളയായും എല്ലാററിലും ചെറുതു കലവറയായും ഞങ്ങൾ ഉപയോഗിച്ചു. ഞങ്ങൾ ആകെ ഏഴുപേരുണ്ട്.. ഞാൻ, അമ്മ, അവരുടെ രണ്ടു ചെങ്ങാതിമാര്, മൂന്നു സന്യാസിമാര് ഇത്രയുമാണു ഞങ്ങളുടെ സംഘം. ഈ സന്യാസിമാരിൽ രണ്ടുപേർ ഇതിനുമുമ്പു ഞങ്ങളോടൊന്നിച്ചു കൈലാസം, മാനസസരസ്സ് ഇവിടങ്ങളിലേക്കു യാത്രചെയ്തവരാണ്.

കാശ്മീരമൈതാനത്തിൽ അതിശാന്തമായി പ്രവഹിക്കുന്ന ഝലംനദിയിൽക്കൂടിയാണ് ഞങ്ങൾ യാത്രചെയ്യുന്നതു്. ഒരു ശാന്ത നദിയിൽക്കൂടി ബോട്ടിൽ സഞ്ചരിക്കുന്നതു് അത്യാഹ്ലാദകരംതന്നെ. ക്ഷോഭമില്ല, പേടിവേണ്ട, ശബ്ദമില്ല. തുടർച്ചയായി തണ്ടുവലിക്കുന്ന ശാന്തശബ്ദം മാത്രം കേൾക്കാം. പുസ്തകത്തിൽനിന്നു കണ്ണെടുത്തു ജാലകത്തിൽക്കൂടി ഇടയ്ക്കിടെ നോക്കുന്ന എനിക്കു നവനവങ്ങളായ പ്രകൃതിസൗന്ദൎയ്യം കാണാൻ ഇടയായി. ഒരു ഗ്രാമം, അടുത്തു ഹരിതവൎണ്ണത്തിലുള്ള വയല്, അതു മറഞ്ഞു ഒരു ഉദ്യാനം, ഇങ്ങനെ തുടൎന്നുപോകുന്നു. സുന്ദരമായ പരിതസ്ഥിതിയിൽ ഉന്മേഷശൂന്യമായ മാന്ദ്യം പരിഷ്കൃതജീവിതോന്മിഷിതമഴക്കത്തേക്കാൾ ആനന്ദപ്രദംതന്നെ.

സന്ധ്യയോടടുത്തു കാററിന്റെ ഗതി അല്പമൊന്നുമാറി. വള്ളക്കാരൻ പരിഭ്രാന്തനായി ഒരു വൃക്ഷച്ചുവട്ടിൽ അഭയം പ്രാപിച്ചു. കാശ്മീരത്തിലുള്ള എല്ലാ വള്ളങ്ങളുടേയും അടിത്തട്ടു വളരെ പരന്നതാണ്. ഇൻഡ്യാസമതലത്തിലുള്ള വള്ളങ്ങളെ അപേക്ഷിച്ച് ഇവ ക്ഷണം മറിഞ്ഞുപോകുന്നതാണ്. കാററല്പംകൂടീട്ടുണ്ടെന്നേ ഉള്ളൂ. കോളിളക്കമൊന്നുമില്ല. സമതലത്തിലുള്ളവർ ഈ കാററു വകവയ്ക്കാറില്ല. പക്ഷെ ഞങ്ങളുടെ വള്ളക്കാരൻ കാററുമാറുന്നതുവരെ അനങ്ങീട്ടില്ല. ഉടനെതന്നെ ഞങ്ങൾ ഝലംനദിവിട്ടു സിൻഡിലേക്കു കടന്നു. അതു ഞങ്ങളുടെ വലത്തുവശത്താണ്. അവിടെ വെള്ളപ്പൊക്കമുണ്ട്. മേൽമലയിൽ മഴയുണ്ടായിരുന്നു. കഴിഞ്ഞ ഏതാനുംദിവസങ്ങളിൽ ചൂട്ട് അതികലശലായിരുന്നു. അതിനാൽ ഉത്തരപൎവ്വതങ്ങളിലെ മഞ്ഞുരുകി. അതാണീ വെള്ളപ്പൊക്കം. ആററുവക്കിനുള്ള പല ഗ്രാമങ്ങളും വെള്ളത്താലാവൃതമായി. പല വീടുകളും വീണു. വിളവിറക്കിയ വയലുകൾ മുങ്ങി. ചില ദിക്കിൽ വെള്ളം കയറീട്ടില്ല. അവിടെ നില്ക്കുന്ന പച്ചധാന്യങ്ങൾ തങ്ങളുടെ നിലയോൎത്തു സന്തോഷഭരിതരായി തലയാട്ടുന്നു. ആററിൽ പലതരം പാമ്പുകളും സ്ഥാനഭ്രംശരായി നീന്തിത്തുടിക്കുന്നു. സന്ധ്യയോടടുത്തപ്പോൾ ബോട്ടു സാധിപ്പൂരിൽ കെട്ടി. ഝലവും സിൻഡും സന്ധിക്കുന്നതിനടുത്തുള്ള ഒരു

ഗ്രാമമാണിതു്. ഈ ഗ്രാമത്തെ പരിത്രാണപുരമെന്നു പണ്ടു പേർപറഞ്ഞിരുന്നു. കാശ്മീരത്തിലെ പ്രസിദ്ധരാജാവായിരുന്ന ലളിതാദിത്യൻ ഒരിക്കൽ തലസ്ഥാനം ഇവിടെ ആക്കിയിരുന്നു. ശങ്കരവർമ്മൻ 900 A. D.-യിൽ ഇവിടെനിന്നു തലസ്ഥാനം പത്താൻ എന്ന സ്ഥലത്തേയ്ക്കു മാററി.

അടുത്തദിവസം പ്രഭാതമായപ്പോഴെക്കും ഞങ്ങൾ ഖിർഭവാനിയിലേയ്ക്കു പുറപ്പെട്ടു. എട്ടുമണിക്കവിടെയെത്തി. ആററിൻെറ വക്കിലാണു് ആ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. തിരുമുററം കല്ലുപാവിയിരിക്കയാണു്. അമ്പലം സ്ഥിതിചെയ്യുന്നതു് ഒരു കുണ്ടിൽ (കുളത്തിൽ) ആണു്. അതു നിറയെ പാലു്, വെള്ളം, പൂവു് മററുപഹാരങ്ങൾ എന്നിങ്ങനെ ഭക്തന്മാരുടെ വഴിവാടുകൾ കാണ്മാനുണ്ടു്. കുണ്ഡത്തിൻെറ വക്കിൽനിന്നു് അമ്പലത്തിലേയ്ക്കു ചെല്ലാൻ സാധിക്കുകയില്ല. അതിനാൽ വഴിവാടെല്ലാം കുണ്ഡത്തിൽതന്നെ. വിഷ്ണുവിൻേറയും ലക്ഷ്മിയുടേയും ബിംബങ്ങളാണു് പ്രതിഷ്ഠിച്ചിരിക്കുന്നതു്. ആ സ്ഥലം അതിൻെറ പുരാതന മഹത്വം കാണിക്കുന്നുണ്ടു്. കൊല്ലത്തിലൊരിക്കൽ ഇവിടെ ഒരു വലിയ ചന്തയുണ്ടു്. അന്നു മഹാരാജാവും രാജകുടുംബത്തിലുള്ള റാണിമാരും അവിടെ പോകാറുണ്ടു്. ഖിർസാഗരം എന്ന പേരിൽ ഒരു അരുവി ക്ഷേത്രാതിരിൽക്കൂടി ഒഴുകുന്നു. എൻെറ കൂട്ടുകാരെല്ലാം ആ തണവിൽതന്നെ സ്നാനത്തിനു പുറപ്പെട്ടു. അവരുടെ ഭക്തി അത്രയ്ക്കുണ്ടായേക്കാം. ഞാൻ മാത്രം പോയില്ല. എൻെറ ഷാൽകൊണ്ടു മൂടി ഒരു കാംഗ്രിയുമായി ഞാൻ ഒരു പീടികയിൽക്കൂടി. കാംഗ്രികൾ സുഖപ്രദമായ സാധനങ്ങൾതന്നെ. മുളകൊണ്ടു മെടഞ്ഞ ഒരു പെട്ടിയിൽ മണ്ണുകൊണ്ടുണ്ടാക്കിയ ഒരു കുടം തീയിട്ടു വച്ചിരിക്കും. അതു ഷർട്ടിനാടിയിലോ പുതപ്പിനടിയിലോ സൂക്ഷിക്കാം. തീയിൻെറ ചൂടുകിട്ടും. വസ്ത്രത്തിനു പാറുകയുമില്ല. ഇതാണു് കാംഗ്രിയുടെ നിർമ്മാണരീതി. എല്ലാ കാശ്മീരികളും ഇതിനോടു പ്രിയപ്പെട്ടവരാണു്. ആവശ്യം പ്രമാണിച്ചവർ ഉപയോഗിക്കുന്നുമുണ്ടു്. അവർ കാംഗ്രിയേ മാറോടുചേർത്തു തൂക്കുന്നു. അതാണു് അവരുടെ മാർവ്വിടം ചുവന്നിരിക്കുന്നതു്. മററു ഭാഗങ്ങൾ എല്ലാം വെളുത്താണിരിക്കുന്നതു്.

ഞങ്ങൾ പോയവഴിയേതന്നെ തിരിച്ചുപോന്നു. വഴിമദ്ധ്യേ ചിനാർബാഗി (ഉദ്യാനം)നു കീഴെ അനവധി ബോട്ടുവീടുകൾ കണ്ടു. അതു ഗന്ധർവ്വവാൽ ആയിരുന്നു. ജൂൺ മുതൽ സെപ്ടംബർവരെ ആരോഗ്യസംരക്ഷണാർത്ഥം പലരും ഇവിടെ ബോട്ടുകളിൽ കൂടാറുണ്ടു്. ശ്രീനഗരത്തിൽനിന്നും 12½ മൈൽസു വടക്കായിട്ടാണു് ഇതു സ്ഥിതിചെയ്യുന്നതു്. റോഡുവഴിയും ഇവിടെ എത്താം. ശീതോഷ്ണസ്ഥിതി മിതമാണു്. 80 ഡിഗ്രി ഫാറൻഹീററിൽ കവിഞ്ഞ ചൂടു് ഇവിടെ ഉണ്ടാകാറില്ല. ഗന്ധർവവാൽ മൂന്നുവശവും പർവ്വതത്താലും ഒരുവശം സിൻഡുനദിയാലും ചുററപ്പെ

ട്ടിരിക്കുന്നു. ഇവിടെനിന്നും ടിബററിലേക്ക ഒരു വഴിയുണ്ട്. വീണ്ടും ഞങ്ങളുടെ യാത്ര ഝലംവഴിയാണ്. വെള്ളം വളരെ വൃത്തിഹീനമാണ്. തലേദിവസത്തെക്കാൾ വെള്ളത്തിനു പൊക്കമേറി. തണ്ടിൻെറ സഹായത്തോടെ ശ്രദ്ധാപൂർവ്വം വള്ളക്കാരൻ ബോട്ടുവിട്ടു. ഞങ്ങൾ ആഹാരവും കഴിച്ചല്പമൊന്നു മയങ്ങി. ഉടനെ വള്ളക്കാരൻ:— "ബോട്ട് ഇനി മേലോട്ടു പോകയില്ല" എന്നൊക്കെ വിളിച്ചുപറഞ്ഞു. ഞങ്ങൾ അത്ഭുതത്തോടെ എഴുന്നേററു ഇങ്ങനെ ചോദിച്ചു. "എന്തുകൊണ്ട്?" വള്ളക്കാരൻ വെള്ളം വളരെ പൊങ്ങി. ആ കഡ (പാലം) കടക്കയില്ല.

ഞങ്ങൾ പുറത്തിറങ്ങി. ഝലംനദിയിൽ മരംകൊണ്ടു പണിയിച്ചിട്ടുള്ള ഒരു പാലം കണ്ടു. ഞങ്ങൾ നിരാശരായി. പലരും കാഴ്ചക്കാരായി വന്നുകൂടി. അവരിൽ ചിലർ വള്ളം കടത്തുവാൻ ചില സൂത്രം ഉപദേശിച്ചു. വള്ളക്കാരൻ അനുവദിച്ചില്ല. പരമാർത്ഥമറിഞ്ഞപ്പോൾ ഞങ്ങൾക്കും സമ്മതമായില്ല. ഇരുപതോ ഇരുപത്തഞ്ചോ ആളുകൾ കയറി വള്ളംമുക്കി പാലത്തിനടിയിൽക്കൂടി കൊണ്ടുപോകാമെന്നത്രെ അവരുടെ സൂത്രം.

ഈ സ്ഥലത്തിൻെറ പേർ സാംബൽ എന്നാണ്. ഒരു വലിയ ഗ്രാമമാണ്.

ഞങ്ങൾ ബോട്ടുമാറേണ്ടിവന്നു. വേറെ ഒന്ന് ഏർപ്പാടുചെയ്തു. അല്പം പോയപ്പോൾ ബോട്ടുറപ്പിച്ചു. മാനസവാൽതടാകം കാണാനാണിങ്ങനെ ചെയ്തത്. ഈ തടാകത്തെ ഝലംനദിയോട് ഒരു ചെറിയ തോടുമൂലം യോജിപ്പിച്ചിരിക്കുന്നു. മാനസവാൽ രണ്ടുമൈൽ നീളമുള്ളതാണ്. വളരെ ആഴവുമുണ്ട്. ലൈംസ്റ്റോൺ നിറഞ്ഞ അപിടാംഗ് പർവ്വതപാർശ്വത്തിലാണ് ഇതിൻെറ കിടപ്പ്. സിൻഡിൻെറ ഒരു ശാഖ ഈ തടാകത്തിൽ വീഴുന്നു. ഇതിലെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നോ ഒരു ക്ഷേത്രത്തിൻെറ ഉന്നതഭാഗം കാണപ്പെടുന്നുണ്ട്. മുഗൾചക്രവർത്തിയായ ജിഹാംഗിറിൻെറ വിഹാരസ്ഥലമായ ധരോഗബാഗ് ഇതിനടുത്താണ്.

വൈകുന്നേരം ഞങ്ങൾ നെയ്ഡ്ഢഖായി എന്ന സ്ഥലത്തു താമസിച്ചു. സ്ത്രീകൾ ആഹാരം തയാറാക്കി. ശങ്കരസ്വാമി ഗ്രാമത്തിലേയ്ക്കു ചായകുടിപ്പാൻ പോകാമെന്ന് എന്നോടു പറഞ്ഞു. ഞാൻ നേരംപോക്കായി.— ഈ സന്ധ്യയ്ക്കു ചായതയാറാക്കി നിങ്ങൾക്ക് ആരാണു വച്ചിരിക്കുന്നത്." "വരു. സന്യാസിമാക്ക തടവില്ലൊരിടത്തുമോർത്താൽ." "ശരി. ഇവൻെറ കഥയോ" എന്നുതന്നത്താൻ ചൂണ്ടിക്കൊണ്ടു ഞാൻ ചോദിച്ചു. "കണക്കാക്കേണ്ട. ഞങ്ങളോടുകൂടെയുള്ള സഹവാസംകൊണ്ടു നിങ്ങളും സന്യാസിതന്നെ."

ശങ്കരനാഥജി, വിശ്വനാഥജി, ഞാൻ ഇങ്ങനെ മൂന്നുപേരുംകൂടി പുറപ്പെട്ടു. തീരംകയറിയ ഉടനെ ഒരു നല്ല വീടുകണ്ടു. ഒരു പണ്ഡിതൻ (എല്ലാബ്രാഹ്മണരേയും ഇങ്ങനെയാണു വിളിക്കുന്നതു്.) മുന്നോട്ടുവന്നു സന്യാസിമാരെ അഭിവാദ്യംചെയ്തു. ഞങ്ങളുടെ യാത്രോദ്ദേശം അന്വേഷിക്കയും വീട്ടിലേയ്ക്കു ക്ഷണിക്കയും ചെയ്തു. ആദ്യംകിട്ടിയ അവസരം കളയാതെ ശങ്കരനാഥജി ചായ ആവശ്യപ്പെട്ടു. സാധുക്കളേയും തീർത്ഥാടകരേയും ദർശിപ്പാൻ അനവധി ഗ്രാമീണർ എത്തിക്കൂടി. അവർ വൃത്തിഹീനരും ദരിദ്രരും, അക്ഷരജ്ഞാനവിഹീനരുമത്രെ. അവരിൽ അധികവും മഹമ്മദീയരാണു്. 97 ശതമാനവും ജനസംഖ്യയിൽ മഹമ്മദരാണു്. ആ ഗ്രാമത്തിലെ പ്രധാന തൊഴിൽ കൃഷിയാണു്. കച്ചവടം മുഴുവനും പഞ്ചാബികളുടെ കൈയിൽ ആണു്. ഗവമ്മേൻറും ഉദ്യോഗവും എല്ലാം ഹിന്ദുക്കളുടെ കൈവശമത്രെ. അവർ വിദ്യാഭ്യാസമുള്ളവരുമാണു്. കാശ്മീരത്തിലെ ഗ്രാമീണർ ദരിദ്രന്മാരത്രെ. നഗ്നതയെ മറയ്ക്കാൻ മാത്രം ഒരു കീറവസ്ത്രം ഉപയോഗിക്കുന്നു. വൃത്തിഹീനമായ ഒരു തൊപ്പി തലയിലും കാണാം. തണുപ്പേറിയ കാലങ്ങളിൽ ഘനമേറിയ ഒരു വുള്ളൻറഗ്കൊണ്ടു മൂടിപ്പുതയ്ക്കും. സാധാരണ അവരുടെ സ്ത്രീകളാണു് അതു നെയ്യുന്നതു്. സ്ത്രീകൾ ഒരു നീളമേറിയ ഗൗൺമാത്രം ധരിക്കുന്നു. ഗ്രാമീണർ സാധുക്കളെ കാണാൻ വന്നുകൂടിയതു വല്ല മരുന്നും കിട്ടുമോ എന്നറിവാനാണെന്നു് ഒടുവിൽ ഞങ്ങൾക്കു മനസ്സിലായി. ഭക്തിയുമൊന്നുമവൎക്കില്ല. ഞങ്ങൾക്കു മൂലികകൊണ്ടുള്ള വൈദ്യപ്രയോഗം ഒന്നുമറിഞ്ഞുകൂട എന്നുകേട്ടു് അവർ നിരാശരായി.

കാശ്മീരത്തിനു സ്വന്തമായ ഒരു വൎത്തമാനക്കടലാസില്ല. ട്രിബ്യൂണിനും മററുചില പത്രത്തിനും അവിടെ അല്പമായ പ്രചാരമുണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയിലെ രാഷ്ട്രീയ പ്രവൎത്തനങ്ങളെ എല്ലാം ഇവിടെ പ്രതിഷേധിച്ചിരിക്കുന്നു. അന്തർഗ്രാമങ്ങളിലുള്ള ജനങ്ങൾ ഈ സംരംഭത്തെ ഏതാണ്ടൊന്നറിഞ്ഞിട്ടുണ്ടു്. ആ വലിയ മനുഷ്യൻ മഹാത്മാവിനേയും അവർ അറിയും.

ചായ തയാറായി. ഓരോ ലോട്ടകളിൽ പകൎന്നു കൊണ്ടുവന്നു. ഈ പാത്രങ്ങൾ ഞങ്ങളുടെ വുള്ളൻപുതപ്പിലേ വച്ചുകൂടൂ. അല്ലെങ്കിൽ ഞങ്ങളുടെ കൈ അശുദ്ധിയായി. എന്നാൽ അതു കഴുകണം. ചായയുടെ നിൎമ്മാണരീതി ഒന്നു വേറെയാണു്. "ഗ്രീൻടി വളരേനേരം വെള്ളത്തിലിട്ടു തിളപ്പിക്കും. അതോടു് ഏലം, ജാതിക്ക മുതലായതു ചേൎക്കും. പാലും പഞ്ചസാരയും പിന്നെ ചേൎത്തു ടി തിളപ്പിക്കുന്ന പാത്രത്തിൽതന്നെ തി

യുമെരിക്കാം. ഇങ്ങനെയുള്ള പാത്രങ്ങൾ ചന്തയിൽ സുലഭമത്രെ. ഞങ്ങളുടെ ആതിഥേയി, ബഡോൽനാപണ്ഡിതൻ ആ സ്ഥലത്തെ പട്ടോരിയുംകൂടെയാണ്. ഞങ്ങൾക്കു ചില സസ്യങ്ങളും കറികളും തന്നു.

നേരംവെളുത്ത ഉടനെ ഞങ്ങൾ നെയ്ഡഖായി വിട്ടു. അതിവിസ്തൃതമായി വെള്ളം ചക്രവാളപരിധിവരെ നീണ്ടു കാണപ്പെട്ടു. ചില ചെടികൾമാത്രം തീരത്തുള്ളതുകൊണ്ടു നദീപ്രവാഹസ്ഥാനമറിയാം. ഒഴുക്കു വളരെ ശക്തിയായിരുന്നു. വള്ളക്കാരനും അയാളുടെ ഭാര്യയും വള്ളം വളരെ ശ്രദ്ധയോടെ മുന്നോട്ടു കൊണ്ടുപോയി. ഞങ്ങൾ മുന്നോട്ടുചെല്ലുന്തോറും നദി വീതിയേറി കാണപ്പെട്ടു. ഇങ്ങനെയുള്ള വിസ്തൃതനദി വൂളർ തടാകത്തിൽ ലയിച്ചു. ഇതു് കാശ്മീരത്തിലെ ശുദ്ധജലമുള്ള തടാകമത്രെ. സംഗമസ്ഥലത്തിനടുത്താണു സൊണലങ്ക എന്ന ദ്വീപും. അവിടെ ഒരുക്ഷേത്രവും ഒരു മഹമ്മദൻപള്ളിയുമുണ്ടു്.

വൂളർതടാകത്തിന്റെ വടക്കുപടിഞ്ഞാറായി അതിപ്രഭാവത്തോടെ നില്ക്കുന്ന ഹരമുഖപർവ്വതത്തിന്നു് എട്ടു ഹിമാവൃതകൊടുമുടികളുണ്ടു്. ഇതിന്റെ പൊക്കം 16900 അടിയാണു്. ഹരമുഖത്തിനു താഴെ വന്ദിപുരം സ്ഥിതിചെയ്യുന്നു. ഇതിന്റെ പ്രകൃതിസൗന്ദര്യത്തെ ആസ്വദിപ്പാൻ പലരും ഒഴിവുദിവസങ്ങളിൽ ഇവിടെ കൂടുന്നു. വന്ദിപുരത്തിനു സമീപം വൂളർ തടാകത്തിൽ അനവധി വീടുബോട്ടുകൾ കാണാം. ജിൽഗിററു എന്ന വടക്കുപടിഞ്ഞാറൻ ഫ്രൺടിയറിലുള്ള വഴിയിലേക്കു വന്ദിപുരത്തിൽനിന്നു 19½ മൈൽസേ ഉള്ളു. ഒരു വഴിയുമുണ്ടു്. സെപ്ടംബർ, ഒക്ടോബർ ഈ കാലങ്ങളിൽ ഇവിടെ അനവധി താമരപ്പൂവുണ്ടാകാറുണ്ടു്. 'ലോകോദ്യാനത്തിൽ' 'കമലിനീഹരിതാഭമേന്തി സരോവര'ത്തിന്റെ ഭംഗി ഒരുവനു സങ്കല്പിക്ക മാത്രമെ ചെയ്യാൻ കഴിയൂ.

ഞങ്ങൾ കാലത്തു പത്തരമണിക്കു സോപ്പൂരിൽ എത്തി. ആ സ്ഥലത്തിന്റെ പ്രധാനസ്ഥാനം ഇതാണു്. അവിടെ പോസ്റ്റാഫീസും ടെലഗ്രാഫും ഉണ്ടു്. ഖരമൂലയും ശ്രീനഗരവും ആയി ഈ പട്ടണം വലിയ കച്ചവടം നടത്തുന്നു. പക്ഷെ സ്ഥലം തീരെ വൃത്തിഹീനമാണു്.

ഞങ്ങൾ ഹാൻഡോവരയ്ക്കു് മോട്ടോർകയറി. സോപ്പൂരിൽനിന്നു പതിനാറുമൈൽ മാത്രമെ അകലമുള്ളു. ഇതു ഞങ്ങൾക്കുപററിയ ഒരബദ്ധമാണു്. ഒരു ടൊംഗ എടുത്തു നേരേ ടിഗാമിലേയ്ക്കു പോയിരുന്നു എ

ങ്കിൽ ഇതിലധികം സൌകൎയ്യമുണ്ടാകുമായിരുന്നു. ഇങ്ങനെ ചെയ്തിരുന്നു എങ്കിൽ ഒരുദിവസം ലാഭംകിട്ടുമായിരുന്നു. ബസ്സ് വയലുകളിലും തോട്ടങ്ങളിലുംകൂടി യാത്രചെയ്യും. അഞ്ഞൂറടിയിൽ കവിഞ്ഞ ഔന്നത്യത്തോടെ പൎവ്വതോത്സംഗത്തിൽ സുഖസ്ഥിതിചെയ്യുന്ന ഒരു സമതലപ്രദേശമാണ് കാശ്മീരസാനു.

ഞങ്ങൾ ഉച്ചതിരിഞ്ഞപ്പോൾ ഹാൻഡോവറയിൽ എത്തി. വൃത്തിഹീനവും നാശോന്മുഖവുമായ ഒരു ധൎമ്മശാലയിൽ ഞങ്ങൾ ചെന്നുചേൎന്നു. ആദ്യനിലയുടെ തറ മുഴുവനും ദ്വാരങ്ങളോടുകൂടിയതാണ്. പിഴച്ചൊരു കാൽ വച്ചാൽ ചുവട്ടിൽചെന്നേ ആളെ കാണാൻ കഴികയുള്ളു. മേച്ചിൽ കഴിഞ്ഞിട്ടില്ല. സ്ഥലം അല്പം വൃത്തിയാക്കാമോ എന്നു ഞങ്ങൾ ശ്രമിച്ചു നോക്കി. പക്ഷെ പ്രകൃതി ഞങ്ങളെ കളിയാക്കി. മഴ ധാരമുറിയാതെ പെയ്തുതുടങ്ങി. ഒരു പണ്ഡിതൻ തീൎത്ഥാടകരുടെ പരിതാപസ്ഥിതികണ്ടു ദയാപൂൎവ്വം ഞങ്ങളെ സ്വഗൃഹത്തിലേക്കു ക്ഷണിച്ചു. ജനാവലിയിൽ ഇദ്ദേഹം മദ്ധ്യനിലയുള്ള ഒരു മാന്യനാണ്. പ്രായം മുപ്പതിൽ കവിഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ വീട്ടിലുള്ള സ്ത്രീകൾ ഞങ്ങളുടെ കൂടെയുള്ള അവരുടെ കൂട്ടുകാരോടു കുശലം പറവാൻ വന്നു. അവരിൽ ആൎക്കുംതന്നെ ഹിൻഡി അറിഞ്ഞുകൂടായിരുന്നു. അതിനാൽ അവരുടെ സംഭാഷണം ആംഗ്യംകൊണ്ടു മാത്രം കഴിഞ്ഞുകൂടി. ഇരുകൂട്ടരും ചിരിച്ചുതുടങ്ങി. മൌനമായ സംഭാഷണം ഓൎത്തിട്ടാണ് ഇങ്ങനെ വേണ്ടിവന്നതു്. പുരുഷന്മാർ ഇവിടെ മൂന്നുഭാഷ പഠിക്കാറുണ്ട്. ശാരദ മാതൃഭാഷ, പാൎഷ്യൻ കോൎട്ടുഭാഷ, ഹിൻഡി കച്ചവടഭാഷ. സ്ത്രീകൾ മാതൃഭാഷമാത്രമറിയാവുന്നവരാണ്. ഇവിടെയാണ് ഒരു ഹൈന്ദവകുടുംബം വെറും നാടൻരീതിയിൽ ജീവിക്കുന്നതുകാണ്മാൻ ഞങ്ങൾക്കു സംഗതിവന്നതു്. ഇവർ ഔദാൎയ്യമുള്ളവരും ശാന്തരും നിഷ്കപടരുമത്രെ. സ്ത്രീകൾ അത്യന്തം സൌന്ദൎയ്യമുള്ളവരാണ്. നിറത്തിലും അംഗസൗഷ്ഠവത്തിലും ഒരുപോലെ ആകൎഷണീയകൾതന്നെ. ഭംഗിയുള്ള ഉയൎന്ന നാസ, ചുവന്ന അധരങ്ങൾ, സജീവമായ വിശാലവീക്ഷണങ്ങൾ, ഹൃദയരൂപീകൃതമുഖം, പനിനീർ പുഷ്പത്തിൻെറ നിറം എന്നിത്യാദി വിശിഷ്ടഗുണങ്ങൾകൊണ്ടു് ലോകത്തിലുള്ള സൗന്ദൎയ്യധാമങ്ങളിൽ ഒന്നാണിതു് എന്നു പറയാം. ഒരു മലനാട്ടിൽ ഇങ്ങനെ കാണുന്നതു് അത്ഭുതാവഹംതന്നെ. "പൎദ്ധ" എപ്പോഴും ഇവർ സ്വീകരിച്ചിട്ടില്ല. എങ്കിലും വിനീതനില ആശ്ചൎയ്യജനകം തന്നെ. ശൈശവവിവാഹം അഭിമാനമെന്നെണ്ണിയിരിക്കുന്നു. പക്ഷെ കാശ്മീരിശാരദാ ആക്ടിന്റെ കീഴ്പെട്ടു് വിവാഹവയസ്സു കൂട്ടുതലാക്കിട്ടുണ്ട്. സ്ത്രീകളുടെ "തല കെട്ടൽ" അത്ഭുതകരമായ ഒരു കലയായിത്തീൎന്നിട്ടുണ്ട്. തലമുടി

പലക്കൂട്ടങ്ങളായി പിന്നിയതിനുശേഷം അവയെല്ലാംചേർത്ത് രണ്ടുക്കൂട്ടമാക്കുന്നു. അവ തലയുടെ ഇരുഭാഗത്തും തൂക്കിയിടും. ഈ കർമ്മത്തിനുള്ള കാലവും വേലയും പരിഗണിച്ചിട്ടായിരിക്കാം അത് അനവധിദിവസം കഴിഞ്ഞാചരിച്ചുപോരുന്നത്.

(തുടരും.)



# ജീവസ്വഭാവം

## LONG FELLOW.

1. ജന്മം നിരർത്ഥകമതായൊരു സ്വപ്നമെന്നി-
ങ്ങെന്നോടുഖിന്നതകലർന്നുകഥിച്ചിടേണ്ടാ
മന്ദംമയങ്ങുമൊരുജീവനചേതനൻ താ-
നിന്നിങ്ങുകാണ്മതഖിലം മറിമായമത്രെ.

2. ജീവൻ ഗുണാംമഹിതഗൌരവമാർന്നവസ്തു
ചാകുന്നതല്ലതിനു നിശ്ചിതമായൊരന്തം
ചേരുന്നു മൃത്തൊടുവിൽ മൃത്തിനൊടെന്നവാക്യം
നേരേശരീരവിലയത്തിൽ വിധിച്ചതത്രെ.

3. ഇദ്ദേഹികൾക്കു സുഖദുഃഖമതൊന്നുമല്ലി-
ന്നുദ്ദേശ്യമത്രപരമാം വിഹിതം വിധാത്രാ
ഉൽക്കർഷലാഭമനുവാസരമേറുമാറു-
ള്ളുദ്യോഗമത്രേ നരനുത്തമമായ കൃത്യം.

4. കൂട്ടം പരപ്പിഹകലാനിവഹത്തിനായു-
സ്സോടുന്നു ശീഘ്രമഹദൈർഘ്യമെഴും നരാണാം.
ചേരുന്ന ഹൃൽചലനമായൊരു ദുഃഖവാദ്യ
മേളം ശ്മശാനമതിലേയ്ക്കു നയിച്ചിടുന്നു.

5. പാരായിടുന്നൊരതിഭീഷ്മരണാങ്കണത്തിൽ
പോരാടുവാൻ ഭരമിയന്നൊരു ജീവിതത്തിൽ
പാരാതടിച്ചുവഴിമണ്ടിനമാടുപോൽ നാം
പോകാതെ നിന്നരണശ്ശൂരതകാട്ടിടേണം.

6. മേലിൽ ഭവിപ്പതുനിനച്ചു രസിച്ചിടേണ്ടാ
കീഴിൽകഴിഞ്ഞതഖിലം മറയത്തുപോട്ടെ
ചെതസ്സുജൻകലകമേ ധൃതിയും സദാ ചെ-
ത്തേതൽക്ഷണം കുരു നിരന്തരസൽപ്രയത്നം.

7. ഔന്നത്യമാൎക്കമണയാംഭുവി നാംതുനിഞ്ഞാ-
ലെന്നിത്ഥമുത്തമചരിത്രമുരച്ചിടുന്നു
എന്നുള്ളവൎക്കുനിജകാലടികാലമാകും
മണ്ണിൽപതിച്ചുപിരിയാമവസാനകാലേ.

8. ജന്മാൎണ്ണവേ സപദിപോതമുടഞ്ഞുവീണി-
ട്ടുന്മാദമാൎന്നു വലയുന്നൊരു ബന്ധുപാരാൽ
നിൎമ്മായമിച്ചുവടുകണ്ടുനിരാശനീങ്ങി-
ട്ടുന്മോദമോടുമവനം പുനരങ്ങുതേടാം.

9. എന്നാൽനമുക്കുഴറിയത്നമതീവചെയ്യാം
വന്നാലതൊക്കെവിധിയെന്നുമുറച്ചു ബുദ്ധ്യാ
ഒന്നാശ്ശുതേടിയപരം ഫലമൊന്നുനേടീ-
ട്ടെന്നും ശ്രമിച്ചുമരുവാം ഫലകാംക്ഷയോടെ.

## ജന്മനിമ്നഗാ

**Campbell.**

1. പ്രായംക്രമേണനരനേറിവരും ദശായാ-
മായുസ്സതിന്നുപരമങ്ങുകുറഞ്ഞുകാണും
ബാലന്നുതോന്നുമൊരുവാസരമേകവൎഷം
പോലേകവത്സരമതേകയുഗം കണക്കെ.

2. രാഗം വളൎന്നുവഷളാകുവതിന്നുമുമ്പു
സാഹംകലൎന്നനവയൌവനമങ്ങുമന്ദം
പോകുന്നുശഷ്പരമണീയമതാംപ്രദേശേ
വേഗംവെടിഞ്ഞൊഴുകിടുന്ന ധുനീസമാനം.

3. വക്ത്രംമെലിഞ്ഞു ജരകൊണ്ടു കവിൾത്തടങ്ങൾ
രക്തംവെടിഞ്ഞു ഹൃദിശോകമെഴും ദശായാം.
മൎത്ത്യന്നുജീവിതമളന്നുകൊടുക്കുമിന്നാ-
ക്ഷത്രങ്ങളെന്തുദ്രുതമാംഗതിതേടിടുന്നു?

4. ഭോഗപ്രസൂനനവകാന്തി സുഗന്ധപൂര
മാകെക്ഷയിച്ചുഭുവി ജീവിതസക്തിവിട്ടും
പ്രാണപ്രണാശഹൃദസീമ്നിയടുത്തിടുമ്പോൾ
ജീവപ്രവാഹഗതി കിം ദ്രുതമായ്ഭവിപ്പൂ.

5. ക്രൂറൊത്തരാപ്രിയജനം മൃതിപൂണ്ടുചിത്തേ
തീരാത്തശോകമിഹചേൎത്തു ഗമിച്ചിടുമ്പോൾ
ആരാണുകാലഗതി മന്ദമതാക്കുവാനാ-
യാശിച്ചിടുന്നു മനുജൻ ഭുവനേകദാപി.

6. കായക്ഷയാദിയഖിലം പരിഹൃത്തുമൎത്ത്യ
കാലത്തിനീശനതിവേഗത നൽകിടുന്നു
ചേലൊത്തയൌവനദശയ്ക്കതിനുള്ളനല്ലു-
ല്ലാസത്തിനൊത്തപടി മന്ദതയും തഥൈവ.

## മനുഷ്യചാപല്യം

1. ചപലതനരനേറ്റം മൂലമദ്യൈവപാരം
ശ്രമമൊടുനിജജന്മോദ്ദേശ്യജാലാംശമാക്കി
നലമൊടു ഹൃദിചിന്തിച്ചുനിവയ്ക്കുന്നകാൎയ്യം
സകലതുമഥനാളെ ഭഗ്നമായ്തീൎന്നിടുന്നു.

2. അഘമതിനെഹനിപ്പാൻ കാർമ്മുകത്തെവളച്ചി-
ട്ടതിജവമൊടുഞാണും പൂട്ടിനിൽക്കും ദശായാം
വിഷയമതിലെഴുന്നാസക്തിചാപം മുറിക്കു
ന്നുടനടിബലവത്തായ്തീർന്നിട്ടും ദുർവ്വികാരം.

3. നരനുടയസദുഃഖദൃശ്യത്തിന്നൂനംവരുത്താ-
നൊരുരിപുതരവും പാർത്തന്തികേ വാണിടുന്നു
മതിയതുസുകൃതത്തെയാദരിക്കുന്നു പാരം
ചതിവൊടുഹൃദയത്തെ പാട്ടിലാക്കുന്നു ഭോഗം.

4. സുധിയുടെ വിധോപായങ്ങളാൽ മൂടിയാലും
പ്രഥിതഹൃദയമൌഢ്യം സ്പഷ്ടമായത്ര കാണാം.
വഴിയതുകളവെന്നായ് നാക്കുനേരെകഥിക്കും
പുനരിതുശരിയെന്നായന്തരംഗം വിധിക്കും.

5. അപരിമിതമതാകും ദൈർഘ്യമജ്ഞാതമാകു-
ന്നനവധിവിഷമങ്ങളും ചേർന്നിട്ടും യാത്രയിങ്കൽ
അപരമൊരുസഹായം ലേശമില്ലാതെമർത്ത്യൻ
ശ്രയതിനിജബലത്തെ വ്യർത്ഥമായ്താനനർത്ഥേ.

6. നിജബലമതുമാത്രംകൊണ്ടു മർത്ത്യൻ തുഴഞ്ഞാൽ
ഭവജലധികടപ്പാൻ ശക്തനാകില്ല നൂനം
പുരുബലമിയലുന്നല്ലീശ്വരാധീനമാകു
ന്നൊരുപവനസഹായംതാൻ പ്രധാനം ജനാനാം.

## മനസ്സുഖം

1. വന്നാലുമിങ്ങുസുഖമേ! പ്രിയമിത്രമേ നീ!
നന്നായ്ഗമിക്കഹൃദിമേ മുട്ടത്തല്ലമേറി
പോരുന്നോനിഷിദ്ധസുഖമോ ഭുജശക്തിയോ, വേ
ണ്ടൊന്നും നമുക്ക് പിരിയേണ്ടതുമൂലമാവാം.

2. ലോഭം,ദുരാശവിഷമാം വിഷയേച്ഛയെന്നി-
ദ്ദോഷം തൊടാത്തമമസഖ്യത നീവെടിഞ്ഞോ
വാസം നിനക്കെവിടെ? നീ പതിവായിനൽകും
ഹാസാമൃതം കഥയ നീ കരുതുന്നിതാർക്കായ്.

3. ഭോഗാർത്ഥിവമ്പനിവർ നിന്റെ സ്വകാര്യസമ്പ
ത്താകും നൃശാന്തിപദമിന്നുഭുജിക്കുമാറോ
നീഹാരസിക്തഭുവിപോംധുനിവൃക്ഷചാരു
ഗേഹാദിവിട്ടിവരൊടൊത്തു രമിക്കയോ നീ.

4. പ്രീണിച്ചുഞാൻ ഭവതിയെ നിതരാം, വിശേഷാൽ
ലാളിച്ചുസർവ്വധനമങ്ങുപരിത്യജിച്ചേൻ
യോജിപ്പതിന്നു തരമില്ലിനിയെന്നുചൊല്ലി
കോപിച്ചുപോവതെവിടെയ്ക്കുപിരിഞ്ഞുദാരെ.

8127